www.malankaralibrary.com

ക്ലീമിസ് പിതാവ് | കല്ലറയ്ക്കൽ പിതാവ് | ഫാ. പോൾ തേലക്കാട്ട് | ഫാ. ആന്റണി നരികുളം

# കാരുണികൻ

Vol. 8 No. 04 Apr. 2011

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



www.malankaralibrary.com



സൗമ്യസാന്നിധ്യമായിരുന്നു അഭിവന്ദ്യ വർക്കി പിതാവ് - സഭയിലും സമൂഹത്തിലും. സ്വന്തം കൂട്ടിലേക്ക് പറന്നകന്നു പോകുന്ന അജപാലക ശ്രേഷ്ഠന് അഭിവാദ്യം അർപ്പിക്കുകയാണ് ഈ ലക്കം കാരുണികൻ.

അദ്ദേഹം സ്വാധീനിച്ചതും സംഭാവനകൾ നൽകിയതുമായ ചില മേഖലകളെ അധികരിച്ചുള്ളതാണ് പ്രധാന ലേഖനങ്ങൾ. കർദിനാളും ആരാധനാക്രമവും, പിതാവിന്റെ മനസാക്ഷി സൂക്ഷിപ്പുകാരൻ, സംവാദത്തിന്റെ അപ്പസ്തോലൻ, നിർമമത്വത്തിന്റെ പ്രവാചകൻ, കർദിനാളിന്റെ കൈത്താങ്ങ് എന്നിവയാണവ. അതോടൊപ്പം അഭിവന്ദ്യ ക്ലീമിസ് പിതാവിന്റെയും കല്ലറയ്ക്കൽ പിതാവിന്റെയും സ്നേഹനിർഭരമായ ഓർമ്മകളും.

കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

കാരുണികൻ
പുസ്തകം എട്ട് ലക്കം നാല്
2011 ഏപ്രിൽ

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
ജാസ്മിൻ ജേക്കബ്

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് കുഴിയടിച്ചിറ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## പിതാവിനോട് നമ്മൾ നീതികാണിച്ചോ?

2011 ഏപ്രിൽ പത്താം തീയതി. സമയം വൈകുന്നേരം എട്ടര മണി. സ്ഥലം എറണാകുളം ബസിലിക്കാ പള്ളിയുടെ മുറ്റം. അഭിവന്ദ്യ വർക്കി പിതാവിന്റെ സംസ്ക്കാരം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു പോകുന്ന അവസരം. പരിചിതമായ ഒരു മുഖം കണ്ട് ഒന്ന് പുഞ്ചിരിച്ച് അടുത്തുചെന്നു. അച്ചൻ എവിടെ നിന്നാണെന്ന് ചോദിച്ചു.

'രാജാക്കാട്ടു നിന്ന്'! കൂടെ കമ്മറ്റിക്കാരും കൈക്കാരന്മാരുമായി ഒരു ചെറിയ സമൂഹവും. രണ്ടാമത്തെ കുർബാനയും വേദപാഠവും കഴിഞ്ഞ് ഉച്ചയോടെ ഇറങ്ങിയതാണ് – വർക്കി പിതാവിന്റെ സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കാൻ. ഇനി തിരിച്ച് രാജാക്കാട്ട് എത്തുമ്പോഴേക്കും പാതിരാത്രി കഴിഞ്ഞിരിക്കും... ഇതുപോലെ അകലങ്ങളിൽ നിന്നുപോലും പിതാവിന് അന്ത്യോപചാരമർപ്പിക്കാൻ വന്നവർ അനേകരായിരുന്നു.

നഗരികാണിക്കലും പൊതു സമ്മേളനവും കഴിഞ്ഞായിരുന്നു സംസ്ക്കാരത്തിന്റെ അവസാന ഭാഗം. അതൊരു സ്വകാര്യ ശുശ്രൂഷയായിരിക്കുമെന്നായിരുന്നു അറിയിപ്പ്. എന്നിട്ടും ബസിലിക്കാ പള്ളി നിറയെ വിശ്വാസികൾ പിരിഞ്ഞുപോകാതെ നിന്നു. കബറടക്ക ശുശ്രൂഷയുടെ അവസാന കർമ്മത്തിലും പങ്കെടുത്തിട്ട് പുറത്തേക്കിറങ്ങുന്ന രണ്ട് കാരണവന്മാർ. ഒരാൾ മറ്റേ ആളോട്: "എന്നാലും എനിക്കൊരു സംശയം. **വർക്കി പിതാവിനോട് നമ്മൾ നീതി കാണിച്ചോ?**"

വർക്കി പിതാവിന്റെ നന്മയും വിശുദ്ധിയും മലയാളിസമൂഹം മുഖാമുഖം കണ്ടത് രണ്ട് കൈവഴികളിലൂടെയായിരുന്നു. തേലക്കാട്ടച്ചന്റെ 'തുറന്ന മനസ്സോടെ' എന്ന പുസ്തകത്തിലൂടെയും ജോണി ലൂക്കോസിന്റെ 'നേരെ ചൊവ്വേ' എന്ന അഭിമുഖത്തിലൂടെയും. ഇവിടെ ജോണിക്ക് വഴികാട്ടിയായി തേലക്കാട്ടച്ചൻ മുമ്പേനടന്നെന്നു മാത്രം.

സീറോ-മലബാർ സഭയിലേക്കു കടന്നുവന്നപ്പോഴത്തെ അന്തരീക്ഷം പിതാവ് ഓർമിക്കുന്നു: "ഞാൻ വന്നപ്പോൾ ഇവിടെ ഒരു യുദ്ധംപോലെയായിരുന്നു. പിന്നെ എങ്ങനെയാണ് അത് അടങ്ങിയതെന്ന് എനിക്കറിയില്ല... ഇപ്പോൾ വലിയ ശാന്തതയുണ്ട്".

www.malankaralibrary.com

ലിറ്റർജിയുടെ കാര്യത്തിൽ സഭയിൽ നിലനിന്നിരുന്ന കലഹത്തെയായിരുന്നു പിതാവ് സൂചിപ്പിച്ചത്. സംഘർഷത്തിന്റെ മർമ്മമായിരുന്ന വിശുദ്ധകുർബാനയുടെ കാര്യത്തിൽ എല്ലാവർക്കും സ്വീകാര്യമായ ഒരു തീരുമാനത്തിൽ സിനഡിനെ കൊണ്ടു ചെന്നെത്തിക്കാൻ വർക്കി പിതാവിനായി. അതൊരു ചരിത്ര നേട്ടമായിരുന്നു. എന്നാൽ എല്ലാ മെത്രാന്മാരും ഒരുമിച്ചെടുത്ത ആ തീരുമാനം നടപ്പിലാക്കുന്നതിൽ രൂപതകൾ വീഴ്ചവരുത്തുന്നതിനാണ് പിന്നീട് കേരളസഭ സാക്ഷിയായത്. ഇവിടെ സ്വാഭാവികമായി ഉയരുന്ന ഒരു ചോദ്യമുണ്ട്: ഐക്യത്തിന്റെ ഉറവിടവും ഉപവിയുടെ ഉടമ്പടിയുമായ **വിശുദ്ധ കുർബാനയുടെ വിഷയത്തിൽ നമ്മൾ വർക്കിപിതാവിനോട് നീതി കാണിച്ചോ?**

കഴിഞ്ഞ അഞ്ചുവർഷക്കാലം കത്തോലിക്കാ സഭ ഏറ്റവുമധികം വിമർശിക്കപ്പെട്ടതിന്റെയും ചിലയിടങ്ങളിലെങ്കിലും വെറുക്കപ്പെട്ടതിന്റെയും കാരണം സഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കാശു വാങ്ങിക്കുന്നതായിരുന്നു. നിഷ്കളങ്ക മാനസന്റെ പ്രത്യാശയോടെ പിതാവ് പറഞ്ഞു:"കത്തോലിക്കാ സ്ഥാപനങ്ങൾ അധ്യാപക നിയമനത്തിലും, വിദ്യാർത്ഥി പ്രവേശനത്തിലും പണം വാങ്ങരുതെന്ന് ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ സംഭാവന സ്വീകരിച്ചവരോട് അത് തിരിച്ചുകൊടുക്കാൻ പോലും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്" (തുറന്ന മനസ്സോടെ, പേജ് 67).പിതാവിന്റെ പ്രത്യാശ, ഹൃദയവേദനയായി മാറുന്നത് ശ്രദ്ധിക്കുക: "എനിക്കൊരു വലിയ സങ്കടമുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഞാൻ എത്ര പറഞ്ഞിട്ടും ചിലരൊക്കെ ഇപ്പോഴും പൈസ വാങ്ങിക്കുന്നുണ്ട്" (നേരെ ചൊവ്വേ). ഈ ഹൃദയ നൊമ്പരം തിരിച്ചറിയാൻ നമുക്കാകില്ലേ? **വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വൈദികരും സന്യസ്തരും സന്യാസ സമൂഹങ്ങളും വർക്കി പിതാവിനോട് നീതി കാണിച്ചോ?**

ജോണി ലൂക്കോസ് സ്വതഃസിദ്ധമായ ഒതുക്കത്തോടെ പിതാവിനോടു ചോദിച്ചു: "പിതാവിനെ ഏറ്റവും നിരാശപ്പെടുത്തിയ കാര്യം ഏതാണ്?" പെട്ടെന്ന് വന്നു പിതാവിന്റെ മറുപടി: "മദ്യപാനം". മദ്യപാനം കുറക്കാൻ ഏറെ പരിശ്രമിച്ചെന്നും എന്നിട്ടും അത് കൂടിക്കൂടി വരുകയാണെന്നും അദ്ദേഹം പറഞ്ഞു.

തേലക്കാട്ടച്ചൻ പങ്കുവയ്ക്കുന്നൊരു സംഭവമുണ്ട് (സത്യദീപം ഏപ്രിൽ 13, 2011, പേജ് 10). ഒരിക്കൽ മദ്യവിരുദ്ധ സമിതിക്കാർ പിതാവിനെ പ്രസ് മീറ്റിനു കൊണ്ടുപോയി. അവർ പറഞ്ഞുകൊടുത്തിരുന്നപോലെ തന്നെ കൃത്യമായി അദ്ദേഹം സംസാരിച്ചു- മദ്യം തൊടരുത്, കുടിക്കരുത് എന്ന പരമ്പരാഗതനിലപാട്. പരിപാടി വിജയിച്ചതിൽ മദ്യവിരുദ്ധർക്കെല്ലാം സന്തോഷമായി.

അപ്പോഴാണ് പത്രക്കാരിൽ ഒരുവന്റെ ചോദ്യം: "അൽപം വീഞ്ഞു ബുദ്ധിയെ തെളിയിക്കുമെന്ന് ബൈബിളിലുണ്ടല്ലോ. തിരുമേനി എന്തു പറയുന്നു?"

ഉടനടി മറുപടി വന്നു: "ഇവിടെ അൽപ്പം ഒന്നുമല്ലല്ലോ കുടിക്കുന്നത്. അൽപം മദ്യം നല്ലതുതന്നെയാ". ഇതുകേട്ട പത്രക്കാർ ചിരിച്ചു; മദ്യവിരുദ്ധ സമിതിക്കാർ പ്രതിഷേധിച്ചു. ബാക്കിയാരും പിതാവിന്റെ നിഷ്കളങ്കത ചൂണ്ടിക്കാട്ടിയ, മലയാളിയുടെ മദ്യാസക്തിയ്ക്കുള്ള മൗലികപരിഹാരത്തെ കാര്യമായെടുത്തില്ല.

www.malankaralibrary.com

മദ്യത്തോടു മലയാളി പുലർത്തുന്നത് രണ്ട് സമീപനങ്ങളാണ്. അത് രണ്ടും രണ്ടറ്റങ്ങളിലാണ് നില ഉറപ്പിച്ചിരിക്കുന്നത്. ഒന്ന്, മദ്യത്തോടുള്ള അമിതാസക്തി. രണ്ട്, അതിനോടുള്ള കടുത്ത വിരോധം. പതിറ്റാണ്ടുകളായി കേരളം പരീക്ഷിച്ച് പരാജയപ്പെട്ടതാണ് ഈ രണ്ട് സമീപനങ്ങളും. ഇതിനിടക്കുള്ള മധ്യമാർഗ്ഗത്തിലേക്കാണ് പിതാവിന്റെ സത്യസന്ധത വിരൽചൂണ്ടുന്നത് – മദ്യത്തോടുള്ള ആരോഗ്യപരവും സംസ്ക്കാര സമ്പന്നവുമായ സമീപനം. ഈ കാര്യത്തിലും **പിതാവിന്റെ സത്യസന്ധതയിൽ നിന്ന് പാഠം പഠിച്ച് സമ്പന്നരാകാൻ നമുക്ക് സാധിച്ചോ?**

വർക്കി പിതാവിന്റെ മറ്റൊരു ആഗ്രഹം– കുട്ടികളുടെ ഭാഷയിലും രീതിയിലും അവർക്കു വേണ്ടിയുള്ള കുർബാന രൂപകൽപ്പന ചെയ്യണം. എടയന്ത്രത്ത് പിതാവാണ് ഈ കാര്യം പങ്കുവെച്ചത്. അതുപോലെ തന്നെ യുവാക്കൾക്കുവേണ്ടിയുള്ള കുർബാനയും. എന്നാണാവോ, പ്രാർത്ഥനയുടെ കാര്യത്തിൽ പോലുമെങ്കിലും **നമുക്ക് നമ്മുടെ കുട്ടികളോട് നീതി കാണിക്കാനാവുക?**

തിരുത്താൻ ആഗ്രഹിക്കുകയും, അത് സാധിക്കാഞ്ഞതിനാൽ പിതാവ് സ്വയം നൊമ്പരപ്പെടുകയും ചെയ്ത മേഖലകൾ ഇനിയുമുണ്ട്. ഗതാഗതം തടസ്സപ്പെടുത്തുന്ന പ്രദക്ഷിണം, തിരുന്നാൾ ധൂർത്ത്, കവലകളിലെ കപ്പേളകൾ എന്നിങ്ങനെ ആ പട്ടിക നീളും. ആരോഗ്യവും സാമ്പത്തിക സുസ്ഥിതിയുമുണ്ടായിട്ടും മക്കൾക്ക് ജന്മം കൊടുക്കാൻ മടികാണിക്കുന്ന മാതാപിതാക്കളുടെ സ്വാർത്ഥതയെക്കുറിച്ചും അദ്ദേഹം അസ്വസ്ഥനായി.

അവസാനകാലത്ത് വർക്കി പിതാവിനെ ഏറെ സങ്കടപ്പെടുത്തിയത് ഭാരത കത്തോലിക്കാ സഭാ സംവിധാനത്തിലെ നീതിനിഷേധമായിരുന്നു. ഭാരതത്തിലാകമാനം അജപാലനത്തിനും സുവിശേഷവത്ക്കരണത്തിനുള്ള സീറോ-മലബാർ സഭയുടെ അവകാശം അംഗീകരിച്ചുകിട്ടുമെന്ന് അവസാനം വരെ അദ്ദേഹം പ്രത്യാശിച്ചിരുന്നു; കിട്ടാത്തതിൽ വേദനിച്ചിരുന്നു. പിതാവ് പറയുന്നു: "ഇന്ത്യയെ സുവിശേഷവൽക്കരിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നമുക്കു തന്നിരുന്നുവെങ്കിൽ, ഇന്ത്യയുടെ മുഖം തന്നെ വ്യത്യസ്തമായേനെ. ഈ കാര്യത്തിൽ ഒരുതരം ക്രൂശിക്കപ്പെടുന്ന അനുസരണത്തിൽ കൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. നമുക്ക് സ്വന്തമായി ഒരു പാത്രിയാർക്കീസ് പദവി അവകാശപ്പെട്ടതാണ്. അതിവിദൂരമല്ലാത്ത ഭാവിയിൽ നമുക്കതു ലഭിക്കും എന്നു നാം പ്രതീക്ഷിക്കുന്നു"(തുറന്ന മനസ്സോടെ, പേജ് 47). **ഈ കാര്യത്തിൽ ആരൊക്കെയാണ് ആ ശുദ്ധ മാനസനോട് അനീതി കാണിച്ചത്?**

ഒരു വിശുദ്ധനെ മരിച്ചടക്കിയതിന്റെ ചാരിതാർത്ഥ്യവുമായി നിൽക്കുന്ന സഭാസമൂഹം മുഴുവൻ സ്വയം ചോദിക്കേണ്ട ചോദ്യമാണ്: **"നമ്മൾ പിതാവിനോട് നീതി കാണിച്ചോ"?**

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം


17

## നന്മനിറഞ്ഞ പിതാവ്

കത്തോലിക്കാക്കൂട്ടായ്മയിലുള്ള സഹോദരസഭയോട് കരുതലും ഔദാര്യവും കാണിച്ച വർക്കി പിതാവിനെ; മലങ്കര കത്തോലിക്കാ സഭയുടെ തലവൻ മേജർ ആർച്ച് ബിഷപ്പ് ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അനുസ്മരിക്കുന്നു.

20


## ദൈവത്തിന്റെ ലൗഡ്സ്പീക്കർ

കാലംചെയ്ത സീറോമലബാർ സഭാദ്ധ്യക്ഷൻ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ജീവിതത്തിലേക്കും സഭാശുശ്രൂഷയുടെ ഏടുകളിലേക്കും ഒരു തിരിഞ്ഞുനോട്ടം. തയ്യാറാക്കിയത് ഫാ. മനോജ് ഫ്രാൻസിസ്

22

## നല്ല അയൽക്കാരന്റെ ഓർമ്മയിൽ

വരാപ്പുഴ അതിരൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവ് വർക്കി പിതാവിന്റെ നന്മകളെ അനുസ്മരിക്കുന്നു.



27

25

## കർദ്ദിനാളിന്റെ ആരാധന ക്രമാഭിമുഖ്യങ്ങൾ

സഭയിൽ സമാധാനം സ്ഥാപിക്കാനുള്ള വർക്കി പിതാവിന്റെ ദൗത്യത്തിന്റെ മർമ്മം ആരാധനാ ക്രമമായിരുന്നു. അദ്ദേഹത്തിന്റെ ദൗത്യനിർവ്വഹണത്തിന്റെ പിന്നാമ്പുറ കാഴ്ചകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു ഡോ. ആന്റണി നരികുളം.

30

## കർദ്ദിനാളിന്റെ കൈത്താങ്ങ്

സ്വന്തം പിതാവിനോടെന്നതിനേക്കാളും ഉപരി ശ്രദ്ധയോടും സ്നേഹത്തോടും കൂടെ മൂന്നു വർക്കാലം വർക്കി പിതാവിനെ ശുശ്രൂഷിച്ച ഫാ. സോണി മഞ്ഞളി ചില സ്വകാര്യ മുഹൂർത്തങ്ങൾ പങ്കുവയ്ക്കുന്നു.

www.malankaralibrary.com









03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ

46 അന്ത്യവിധി

37

## സംവാദത്തിന്റെ അപ്പസ്തോലൻ

ദിവംഗതനായ കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ ദീപ്തസ്മരണകൾ പിതാവിന്റെ സുഹൃത്തും ഗാന്ധിയനും കാലടി സർവ്വകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ.എസ്. രാധാകൃഷ്ണൻ പങ്കുവയ്ക്കുന്നു.

41

## ബ്രൂട്ടസേ നീയും

അടുത്തയിടയ്ക്ക് പ്രസിദ്ധീകൃതമായ സന്ധ്യ വി. സതീഷിന്റെ 'മനുഷ്യദൈവങ്ങൾ' നീലമ്പേരൂർ മധുസൂദനൻ നായരുടെ 'ഒടുക്കം തുടക്കം' ജിജി കെ. ഫിലിപ്പിന്റെ 'മാവും ബ്രൂട്ടസ്സും' എന്നീ കവിതകളെ പരിചയപ്പെടുത്തുന്ന പംക്തി.

32

## മനസാക്ഷി സൂക്ഷിപ്പുകാരൻ

വർക്കി പിതാവിന്റെ മനസ്സ് വായിക്കാനുള്ള ദിവ്യദൗത്യം കിട്ടയവനായിരുന്നു തേലക്കാട്ടച്ചൻ. പിതാവിന്റെ ഹൃദയവും മനസ്സും അനാവരണം ചെയ്യുന്ന സംഭാഷണശകലങ്ങൾ.


43

## കഥയിലെ സാമൂഹികഭാവനകൾ

സി. ഗണേഷിന്റെ 'വാളെടുത്തവർ', സി. രഘുനാഥിന്റെ 'മാലിന്യം' എന്നീ രണ്ട് കഥകളെ പരിചയപ്പെടുത്തുന്നു.

www.malankaralibrary.com

# പ്രതികരണങ്ങൾ




ജനുവരി ലക്കം കാരുണികനോടുള്ള വായനക്കാരുടെ പ്രതികരണം അസാധാരണമാം വിധം കൂടുതലായിരുന്നു. സാധിക്കുന്നിടത്തോളം പ്രതികരണങ്ങൾ ഉൾപ്പെടുത്തി ക്രിയാത്മകമായൊരു സംവാദത്തിലേക്ക് വിഷയത്തെ നയിക്കാനാണ് ഞങ്ങളുടെ ശ്രമം. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ ഏറ്റുപറയുന്നു.

**പത്രാധിപർ**

## ക്രിയാത്മക സംവാദം

കഴിഞ്ഞ രണ്ടു ലക്കങ്ങളിലായി കാരുണികൻ പ്രസിദ്ധീകരിച്ച ക്നാനായ സമൂഹത്തിന്റെ ചരിത്രവും പാരമ്പര്യങ്ങളും വിശദമായി പ്രതിപാദിച്ച ലേഖനങ്ങളും ചർച്ച ചെയ്യപ്പെട്ട റിപ്പോർട്ടുകളും, പ്രതികരണങ്ങളും വായിച്ചപ്പോൾ എനിക്ക് അതിയായ സന്തോഷമുണ്ടായി. ഈ വിഷയം ലോകം മുഴുവനുമുള്ള മലയാളികളായ കത്തോലിക്കരുടെ ഇടയിൽ പ്രചരിപ്പിക്കുകയും ചർച്ചചെയ്യപ്പെടുകയും അതുവഴി ഏവർക്കും സ്വീകാര്യമായ ഒരു നവീകരണം കോട്ടയം അതിരൂപതയിൽ ഉണ്ടാകണമെന്നും ആഗ്രഹിച്ച് രൂപം കൊടുത്ത ക്നാനായ കത്തോലിക്ക നവീകരണ സമിതി എന്ന സംഘടനയുടെ ജനറൽ സെക്രട്ടറിയാണ് ഞാൻ. അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിനും പരിശുദ്ധ മാർ പാപ്പയ്ക്കും കേരളത്തിലെ എല്ലാ മെത്രാന്മാർക്കും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ലേഖനങ്ങൾ വഴി പരമാവധി ആളുകളെ ബോധവൽക്കരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും സംഘടനയുടെ പരിമിതികൾ മുഖാന്തിരം വ്യാപകമായ ഒരു ചർ ച്ചക്കു ഈ വിഷയം വിധേയമാക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ വിഷയത്തെ ക്രിയാത്മകമായ ഒരു സംവാദത്തിലേയ്ക്ക് നയിച്ച കാരുണികന് അഭിനന്ദനത്തിന്റെ ഒരായിരം പൂച്ചെണ്ടുകൾ.



പ്രതികരണങ്ങളിൽ സൂചിപ്പിച്ചിട്ടില്ലാത്ത ഏതാനും ചില വസ്തുതകൾ മാത്രം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തെക്കും ഭാഗർക്കു മാത്രമായിട്ടാണ് കോട്ടയം രൂപത അനുവദിച്ചത് എന്നത് സത്യമല്ല. "ഭിന്നാഭിപ്രായക്കാരുടെ പ്രശ്ന പരിഹാരത്തിനും തെക്കും ഭാഗരുടെ ആത്മീയ ഗുണവർധനവിനു മായി കോട്ടയം രൂപത അനുവദിക്കുന്നു" എന്നാണ് കൽപനയിൽ പറഞ്ഞിട്ടുള്ളത്. തെക്കുംഭാഗരും വടക്കും ഭാഗരുമായി അഭിപ്രായ വിത്യാസമുണ്ടായിരുന്നു എന്നുള്ളത് ചരിത്ര സത്യമാണ്. ഈ പ്രശ്ന പരിഹാരത്തിന് ഒരു പ്രത്യേക രൂപത സ്ഥാപിക്കലല്ലാതെ മറ്റൊരു പോം വഴിയും അഭിവന്ദ്യ മാക്കീൽ മെത്രാന് ഇല്ലായിരുന്നു. ഇതിനുവേണ്ടി അദ്ദേഹം മറ്റു മെത്രാന്മാരുടെ സഹായത്തോടെ പരിശ്രമിക്കുകയും വിശുദ്ധ പത്താംപിയൂസ് മാർപാപ്പ കോട്ടയം രൂപത അനുവദിച്ചു കൊടുക്കുകയും ചെയ്തു.

വംശീയത നിലനിർത്താനാണെന്നോ രക്ത ശുദ്ധി പാലിക്കാനോ മറ്റുള്ളവരെ ചേർക്കരുതെന്നോ മറ്റു കത്തോലിക്കാ വിഭാഗങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുതെന്നോ കൽപ

www.malankaralibrary.com

നയിൽ പറഞ്ഞിട്ടില്ല. തെക്കും ഭാഗരുടെ വികസന മാണ് കോട്ടയം രൂപതകൊണ്ട് സഭ ഉദ്ദേശിക്കു ന്നതെങ്കിൽ തെക്കും ഭാഗരിൽ നിന്നും ധാരാളം വൈദീകരും സന്യാസിനികളും ഉണ്ടാകുവാനും വിദ്യാഭ്യാസവും ആരോഗ്യ ക്ഷേമവും കൊടുത്ത് സാമൂഹികമായി വളർത്തുവാനും രൂപതയ്ക്ക് അവസരം കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. അക്കാര്യത്തിൽ കോട്ടയം രൂപത മറ്റുള്ളവരോ ടൊപ്പം വളർന്നിട്ടുണ്ട് എന്നുള്ളത് അഭിമാനാർഹ മാണ്. പാരമ്പര്യമായി അനുഷ്ഠിച്ചുപോരുന്ന ചില ആചാരങ്ങളും തെക്കും ഭാഗർക്കുണ്ട്. പള്ളിയും ഈ ആചാരങ്ങളുമായി യാതൊരു ബന്ധവുമില്ലെ ങ്കിലും ഒരു സംസ്ക്കാരമെന്ന നിലയിൽ ഇത് ആച രിക്കുന്നതിന് ആർക്കും എതിരില്ല എന്നു മാത്രമല്ല മാതൃകാ പരവുമാണ്. ഈ ആചാരങ്ങൾ താൽപര്യ മുള്ള ആർക്കും നടത്തുകയും ചെയ്യാം. “മാർഗ്ഗംകളി” ഒരു ക്നാനായ കലയായിരുന്നു. എന്നാലിന്ന് മല യാളികൾ മുഴുവൻ ഇത് സ്വീകരിച്ചിരിക്കുകയാണ്.

“തനിമ (രക്തശുദ്ധി)” ഒരു സങ്കൽപ്പം മാത്ര മാണ്. നിറം, വേഷം, ഭാഷ തുടങ്ങിയവയാണ് തനി മയുടെ പ്രധാന ലക്ഷണങ്ങൾ. ഇവയിൽ ഏതെങ്കി ലുമൊന്ന് ക്നാനായക്കാർക്കുണ്ടോ? ക്നായി തൊമ്മന്റെ കൂടെ വന്നവരുടെ (രക്തശുദ്ധി) നില നിർത്തി ഇരുന്നവരാണ് ക്നാനായക്കാർ എങ്കിൽ തീർച്ചയായും അവർ അറബികളെപ്പോലെ ഇരിക്ക ണമായിരുന്നു. അവരുടെ വേഷവും അതുപോലെ ആകണമായിരുന്നു. ഭാഷ അവരവരുടെ വീടുകളി ലെങ്കിലും ഉപയോഗിക്കണമായിരുന്നു.

“പുരുഷൻ സ്ത്രീയുടെ തലയാകുന്നു” (1 കോറി 11-3). അതുകൊണ്ട് പുരുഷൻ നിൽക്കുന്ന രൂപതയി ലേക്ക് വിവാഹം ചെയ്തുകൊണ്ടുവരുന്ന സ്ത്രീയെ ചേർക്കേണ്ടതല്ലേ? പാരമ്പര്യം പിതൃത്വം വഴിയാണെ ന്നാണ് ലോകം മുഴുവൻ വിശ്വസിക്കുന്നത്. വി. ബൈബിളിലും വംശാവലി പിതൃത്വം വഴിയാണ് വിവരിക്കുന്നത്. അതുകൊണ്ട്, പുരുഷൻ ഏതു സ്ത്രീയെ വിവാഹം ചെയ്താലും ക്നാനായ പാര മ്പര്യം ആ കുടുംബത്തിൽ നിലനിൽക്കുന്നു. യേശു വിന്റെ വംശാവലിയിൽപ്പെട്ട ബോവാസ് വിവാഹം ചെയ്തത് വിജാതീയ സ്ത്രീയായ റൂത്തിനെ ആയി രുന്നു. ബോവാസ് ദാവീദിന്റെ അപ്പൂപ്പനായിരുന്നു.

ഈ ഒരു ഉൾക്കാഴ്ച സ്വീകരിച്ചാൽ കോട്ടയം രൂപത യിൽ യുവാക്കൾക്കിടയിലുള്ള വേദനിക്കുന്ന പ്രശ് നത്തിന് പരിഹാരമാവുകയും കോട്ടയം രൂപത കൂടുതൽ വളരുകയും ചെയ്യില്ലേ?

കോട്ടയം രൂപതയിൽ മക്കളില്ലാത്ത ദമ്പതികൾ ദത്തെടുക്കുന്ന കുട്ടികളെ രൂപതയിൽ ചേർക്കാ ത്തതും ഗുരുതരമായ കുടുംബപ്രശ്നമായി നില നിൽക്കുന്നു. ഈ കുട്ടികൾ മാതാപിതാക്കളുടെ എല്ലാ സ്വത്തുക്കളുടെയും അവകാശികളാണെ ങ്കിലും മാതാപിതാക്കളുടെ ഇടവകയിൽ അവർക്കു യാതൊരു അവകാശവുമില്ല. ഇത് മാതാപിതാ

> ഭിന്നാഭിപ്രായക്കാരുടെ പ്രശ്ന പരിഹാരത്തിനും തെക്കും ഭാഗരുടെ ആത്മീയ ഗുണവർധനവിനുമായി കോട്ടയം രൂപത അനുവദി ക്കുന്നു” എന്നാണ് കൽപന യിൽ പറഞ്ഞിട്ടുള്ളത്.

ക്കളെയും അവരുടെ കുട്ടികളെയും ഒരുപോലെ വേദനിപ്പിക്കുന്നു.

വിവാഹം മൂലം രൂപതയിൽ നിന്നും പുറത്താ ക്കപ്പെട്ട യുവാവിന്റെ ഭാര്യ മരിച്ചുപോയാൽ അയാ ളെ രൂപതയിൽ വീണ്ടും ചേർക്കുകയും, രൂപതയിൽ നിന്നുതന്നെ വീണ്ടും വിവാഹം ചെയ്യുവാൻ അനു വദിക്കുകയും ചെയ്യുന്നു. ഇതുമൂലം ആദ്യ ഭാര്യ യിലെ കുട്ടികൾ മറ്റൊരു രൂപതയിലും; മാതാപിതാ ക്കളും രണ്ടാമത്തെ ഭാര്യയിലെ മക്കളും കോട്ടയം രൂപതയിലും നിലനിൽക്കുന്ന അവസ്ഥയുണ്ടാ വുന്നു. ഇത് വളരെ ഗുരുതരമായ ഒരു കുടുംബ പ്രശ്നമാണ്. ഒരു വീട്ടിൽ തന്നെ രണ്ടു രൂപതക ളിലെ ഇടവകാംഗങ്ങളായി കഴിഞ്ഞുകൂടേണ്ട അവ സ്ഥയും കോട്ടയം രൂപതയിലെ പല വീടുകളിലു മുണ്ട്.

സ്വന്തം മാതാപിതാക്കളുടെ കുടുംബ കല്ലറക

www.malankaralibrary.com

ളിൽ (സിമിത്തേരികളിൽ) അടക്കം ചെയ്യപ്പെടുവാൻ സാധിക്കാത്തതിൽ മാനസികമായി വിഷമിക്കുന്ന എത്രപേരാണ് കോട്ടയം രൂപതയിലെ കുടുംബങ്ങളിൽ ഉള്ളത്?

ഇപ്രകാരം വിവാഹം മൂലം കോട്ടയം രൂപതയിൽ നിന്നും പുറത്താക്കപ്പെട്ടവരുടെ കുടുംബങ്ങളിൽ അസമാധാനത്തിന്റെ തീക്കനലുകൾ പുകഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് ആളിക്കത്തി നശിക്കുവാൻ അധികനാൾ വേണ്ടിവരില്ല.

> ആദ്യ ഭാര്യയിലെ കുട്ടികൾ മറ്റൊരു രൂപതയിലും; മാതാപിതാക്കളും, രണ്ടാമത്തെ ഭാര്യയിലെ മക്കളും കോട്ടയം രൂപതയിലും നിലനിൽക്കുന്ന അവസ്ഥയുണ്ടാവുന്നു.

കോട്ടയം രൂപതയുടെ ഈ നടപടി പ്രതികരണങ്ങളിൽ പലരും സൂചിപ്പിച്ചിരുന്നതുപോലെ വി. ബൈബിളിനെതിരാണ്, കാനോൻ നിയമത്തിനെതിരാണ്, ഇന്ത്യൻ സിവിൽ ക്രിമിനൽ നിയമങ്ങൾക്കും എതിരാണ്. സർവ്വോപരി 'ഊരുവിലക്ക്' എന്ന കിരാത നടപടിയിൽപ്പെടുന്നതുകൊണ്ട് മനുഷ്യാവകാശ ലംഘനവുമാണ്. ആയതിനാൽ കാരുണികനിലെ ഈ സംവാദം കോട്ടയം രൂപതയുടെ കണ്ണു തുറപ്പിക്കട്ടെ.

**റ്റി. ഒ. ജോസഫ്**, കണ്ണംകര

## ചരിത്ര സത്യങ്ങൾ

ഫെബ്രുവരി 2011 ലെ കാരുണികൻ ഫാ. ജെയിംസ് ഐസക്ക് കുടമാളൂർ എഴുതിയ 'രണ്ടു സീറോമലബാർ സഭകൾ' എന്ന കത്തിനോട് ചിലവിയോജിപ്പുകൾ രേഖപ്പെടുത്തുന്നു. 'യഹൂദ പാരമ്പര്യം കഴിയുന്നത്ര നിലനിർത്തി സാർവ്വത്രിക ക്രൈസ്തവ സഭയിൽ നിലകൊള്ളാൻ ആഗ്രഹിക്കുന്ന ക്നാനായ കത്തോലിക്കാസമൂഹം, എല്ലാം സമൂഹത്തിന്റെയും ആദരവർഹിക്കുന്നു എന്ന് എഴുതിക്കണ്ടു. യഹൂദപാരമ്പര്യവും, ക്നാനായക്കാരുമായി കടലും കടലാടിയും പോലുള്ള ബന്ധം പോലുമില്ല.

അദ്ദേഹം തുടരുന്നു: 'മാർ മാക്കീൽ തെക്കുംഭാഗനായതുകൊണ്ട് ചങ്ങനാശ്ശേരിയിൽ തുടരാനായില്ല' എന്ന്. മാക്കീൽ കത്തനാർ വരാപ്പുഴ രൂപതയിൽ പ്രവർത്തിച്ചിരുന്ന കാലത്ത് നടന്നിരുന്ന തദ്ദേശമെത്രാൻമാർക്കു വേണ്ടിയുള്ള പ്രക്ഷോഭത്തെ എതിർക്കുകയും ഇതിനെതിരെ പള്ളികൾ തോറും പ്രസംഗിച്ചു നടക്കുകയും ചെയ്തയാളാണ്. പിന്നീട് മാർ ലവീഞ്ഞിന്റെ നേതൃത്വത്തിൽ കോട്ടയം വികാരിയത്ത് സ്ഥാപിച്ചപ്പോൾ, മാക്കീൽ മത്തായി കത്തനാർ ടി. വികാരിയത്തിലേയ്ക്ക് വന്നു. നിധീരിക്കൽ മാണികത്തനാരെ മാർ. ലവീഞ്ഞ് വികാരിജനറാളാക്കിയതിൽ കുപിതനായ മാക്കീൽ പ്രഖ്യാപിച്ചത് വടക്കും ഭാഗനായ വികാരി ജനറാൾ തെക്കുംഭാഗരുടെ പള്ളികളിൽ പ്രവേശിക്കുന്നത് ഞങ്ങൾക്ക് ദ്രോഹവും അവഹേളനവുമാണെന്ന്! ഒന്നായി നിന്ന സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ വിഭാഗീയതയുടെ വിഷവിത്തു വിതച്ച്, തെക്കുംഭാഗരുടെ വികാരി ജനറാൾ സ്ഥാനം ഇയാൾ നേടിയെടുത്തു.

അതിനുശേഷം മൂന്നു തദ്ദേശ മെത്രാന്മാരെ നിയമിച്ചപ്പോൾ, വിദേശ മെത്രാന്മാർക്ക് പാദസേവ നടത്തിയ മാക്കീൽ കത്തനാരെ ചങ്ങനാശ്ശേരി വികാരിയത്തിന്റെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു.

വടക്കും ഭാഗരും, തെക്കും ഭാഗരും തമ്മിലുള്ള വിഭാഗീയതയ്ക്ക് കാരണക്കാരനായ ഇയാൾ എന്തിന് ഭൂരിപക്ഷം വരുന്ന വടക്കും ഭാഗരുടെ നേതൃത്വം ഏറ്റെടുത്തു?ചങ്ങനാശ്ശേരിയിൽ ഇയാളെ എതിർത്തത് തെക്കും ഭാഗക്കാരൻ എന്ന കാരണത്താലല്ല എന്നത് വ്യക്തമായല്ലോ?

കോട്ടയം രൂപതയക്കുറിച്ചുള്ള ഏതാനും ചില കാര്യങ്ങൾ വ്യക്തമാ ക്കട്ടെ.

1. മാർ മാക്കീൽ മാർപാപ്പയ്ക്കു നൽകിയ നിവേദനത്തിൽ പറയുന്നു; 'യുദ്ധസമാനമായ

www.malankaralibrary.com

എതിർപ്പുകളുള്ള രണ്ടു ഗ്രൂപ്പുകളാണ് വടക്കും ഭാഗരും, തെക്കും ഭാഗരുമെന്ന്' (അത്മായർക്കിടയിൽ അക്കാലത്ത് യാതൊരു വിഭാഗീയതയോ വിദ്വേഷമോ ഇല്ലായിരുന്നു എന്നും, വിഭാഗീയത വൈദികർക്കിടയിൽ മാത്രമായിരുന്നു എന്നും, ശ്രീ ജോസഫ് ചാഴിക്കാടൻ എഴുതിയ തെക്കും ഭാഗ സമുദായ ചരിത്രത്തിൽ വിവരിച്ചിട്ടുണ്ട്).

2. മാർ. മാക്കീലിന്റെ നാളാഗമത്തിൽ പറയു ന്നത്; 'തൃശൂർ മെത്രാൻ നമ്മുടെ കൂടെ റോമിലേക്ക് വരാമെന്ന് ഏറ്റിരുന്നതാണ്. എന്നാൽ ദൈവകൃപയാൽ അദ്ദേഹത്തിന് എത്തിപ്പെടാൻ സാധിച്ചില്ല. അദ്ദേഹം വന്നിരുന്നെങ്കിൽ നമുക്ക് രൂപത ലഭിക്കാൻ പ്രയാസമായേനെ' (മാക്കീലിന്റെ കാപട്യങ്ങൾ അദ്ദേഹം വെളിച്ചത്തുകൊണ്ടുവരുമായിരുന്നു).

3. നാളാഗമത്തിലൂടെ: ക്നാനായക്കാർക്ക് രൂപത ആവശ്യപ്പെടാതിരുന്നത് അത് ജാതീയമായിപ്പോകും. നമുക്ക് രൂപത ലഭിക്കുകയില്ല. അതുകൊണ്ടാണ് തെക്കും ഭാഗർക്ക് എന്ന് പറഞ്ഞത് (ഇന്ന് കോട്ടയം രൂപതയെ ക്നാനായ അതിരൂപതയെന്നും പള്ളികളെ ക്നാനായ പള്ളികളെന്നും ജാതീയമായി തമസ്ക്കരിച്ചത് ഏതു മാർപ്പാപ്പ അനുവദിച്ചിട്ടാണ്?).

രൂപതാ സ്ഥാപനബുള്ളറ്റിൽ പത്താം പിയൂസ് മാർപാപ്പ കൽപിച്ചത്; "*വിശ്വാസികളുടെ ആത്മീയ ഗുണവർദ്ധനവിനും ഭിന്നാഭിപ്രായക്കാരുടെ സമാധാനത്തിനുമായി* കോട്ടയം കേന്ദ്രമാക്കി തെക്കും ഭാഗർക്ക് രൂപത നൽകുന്നു "എന്നാണ്. ഭിന്നാഭിപ്രായക്കാർ തെക്കും ഭാഗരായതുകൊണ്ടാണ് അവർക്ക് രൂപത നൽകിയത്. ഈ ബൂളയിലെ Pro-gent suddistica എന്ന വാക്കിൽ തൂങ്ങി, തെക്കും ഭാഗർക്ക് മാത്രമായി ലഭിച്ചു എന്ന് പ്രചരിപ്പിക്കുന്നു. ഇതിനു മുമ്പ് മൂന്ന് സീറോ മലബാർ രൂപതകൾ നൽകിയപ്പോൾ Pro-gent syro - malabarica എന്നാണ് പറഞ്ഞതെന്ന് ഓർക്കുക.

**സി. കെ പുന്നൻ,**
ചിറയിൽ, കാട്ടാത്തി, ഏറ്റമാനൂർ



## ഡോമിനിക് സാവിയോയുടെ പ്രതികരണം

മാർച്ച് ലക്കത്തിൽ ഡോ. തേനായനച്ചന്റെ കത്തിനെ വിമർശിച്ചുകൊണ്ടുള്ള ഡോമിനിക് സാവിയോയുടെ പ്രതികരണം വായിച്ചു. മുസ്ലീം തീവ്രവാദ സംഘടനയായ അൽഖയിദ നേതാവ് ബിൻലാദനേക്കാൾ ക്രൂരനായ ഒരു ക്നാനായ തീവ്രവാദിയാണെന്ന് തോന്നുന്നു മിസ്റ്റർ ഡോമിനിക് സാവിയോ. അപ്രസക്തവും ബാലിശവുമായ ചില കാര്യങ്ങൾ നിരത്തിക്കൊണ്ട്, കത്തോലിക്കാ സഭ വളരെ ഗൗരവമായി ചിന്തിക്കേണ്ട അപ്രിയസത്യങ്ങൾ ചൂണ്ടിക്കാണിച്ച പണ്ഡിതനായ ഡോ. തേനായച്ചനെ അപമാനിക്കത്തക്ക രീതിയിൽ പ്രതികരിച്ച ഡോമിനിക് സാവിയോ കോട്ടയം അതി രൂപതയ്ക്ക് തന്നെ അപമാനകരമാണ്.

തെറ്റുപറ്റിയത് വിശുദ്ധ 10-ാം പിയൂസ് മാർപാപ്പയ്ക്കോ കത്തോലിക്കാ സഭയ്ക്കോ അല്ല. കോട്ടയം അതിരൂപതയാണ് വിശുദ്ധ 10-ാം പിയൂസ് മാർപാപ്പയുടെ കൽപന തെറ്റായി വ്യാഖ്യാനിച്ചതും അത് ആവർത്തിച്ചുകൊണ്ടിരിക്കുന്നതും. കൽപനയിൽ ആരേയും ചേർക്കരുതെന്നോ പുറത്താക്കണമെന്നോ പറഞ്ഞിട്ടുണ്ടോ? ഹരിജൻ വെൽഫെയർ

www.malankaralibrary.com

സ്കൂൾ എന്നു പറഞ്ഞാൽ ആ സ്കൂളിൽ ഹരിജനങ്ങളെ മാത്രമേ ചേർക്കാവൂ എന്നാണോ? എല്ലാവരേയും ചേർക്കണം. ഹരിജനമല്ല എന്നു പറഞ്ഞ് പുറത്താക്കാനും പാടില്ല. പക്ഷേ ഹരിജനങ്ങൾക്കുള്ള ധാരാളം ആനുകൂല്യങ്ങൾ ആ സ്കൂളിനു ലഭിക്കും. ഇതുപോലെ കോട്ടയം രൂപതക്കാർ 'മാർത്തോമൻ പാടുകയോ, ചന്തം ചാർത്തുകയോ, സൺഡേസ്കൂളിൽ കല്യാണപ്പാട്ടു പഠിപ്പിക്കുകയോ, പള്ളികളിൽ തോബിത്തിന്റെ പുസ്തകത്തിൽ നിന്നുള്ള വായന നടത്തുകയോ ഒക്കെ ചെയ്യാം. പക്ഷേ ആരേയും പുറത്താക്കാനും ചേർക്കാതിരിക്കാനും സാദ്ധ്യമല്ല.

കോട്ടയംരൂപത അനുവദിപ്പിച്ചെടുത്തത് വി. 10-ാം പിയൂസ് മാർപാപ്പയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണെന്ന് മാർ മാത്യൂമാക്കീൽ തന്നെ അദ്ദേഹത്തിന്റെ 'ദേക്കറേത്ത്' പുസ്തകത്തിൽ പറയുന്നുണ്ട്. അതിപ്രകാരമാണ്; തെക്കും 'ഭാഗർക്കുവേണ്ടി' എന്നു പറയുന്നതിന് പകരം നിവേദനത്തിൽ ' ക്നാനായക്കാർക്കുവേണ്ടി' എന്നു പറഞ്ഞിരുന്നുവെങ്കിൽ രൂപത അനുവദിച്ചു കിട്ടില്ലായിരുന്നു". അതായത് ക്നാനായക്കാർ എന്നത് ഒരു ജാതിയാണ്. തെക്കും ഭാഗർ എന്നത് ഒരു പ്രത്യക ജനവിഭാഗമാണ്.

തെക്കം ഭാഗർക്കായി കോട്ടയം രൂപത അനുവദിച്ചതിലും നിലനിൽക്കുന്നതിലും ആർക്കും തർക്കമില്ല. രൂപതയുടെ അടിസ്ഥാന ലക്ഷ്യമായ പ്രേഷിത പ്രവർത്തനം വഴി വിശ്വാസിച്ചുവരുന്നവരെ മാമോദീസാ കൊടുത്ത് രൂപതയിൽ അംഗമായി ചേർക്കാത്തതും ക്നാനായ അല്ലാത്ത ഒരാളെ വിവാഹം ചെയ്താൽ അയാളെ രൂപതയിൽ നിന്ന് പുറത്താക്കുന്നതുമായ രൂപതയുടെ നടപടിയാണ് ചോദ്യം ചെയ്യുന്നത്. ഇത് കത്തോലിക്കാ സഭയ്ക്ക് വിരുദ്ധമാണ്. ക്രിസ്തുവിന് എതിർസാക്ഷ്യമാണ്. വി. ബൈബിളിനെതിരാണ്. മനുഷ്യാവകാശ ലംഘനമാണ്. ഇതിനാണ് മിസ്റ്റർ. ഡോമിനിക് സാവിയോ മറുപടി പറയേണ്ടത്.

കോട്ടയം രൂപതയുടെ ഈ ക്രൈസ്തവ വിരുദ്ധമായ നടപടി നിർത്തലാക്കണമെന്നാണ് കത്തോലിക്ക വിശ്വാസികൾ ആവശ്യപ്പെടുന്നത്. ഡോമിനിക്കിന് കാര്യം മനസ്സിലായോ? കോട്ടയം രൂപതയ്ക്ക് ആരേയും പുറത്താക്കാനോ ചേർക്കാതിരിക്കാനോ അധികാരമില്ല. അതുകൊണ്ടാണല്ലോ അപേക്ഷ മേടിച്ചുകൊണ്ട് പുറത്താക്കുന്നത്. പുറത്താക്കപ്പെട്ടവർ കോട്ടയം രൂപതയിലെ വലിയ പള്ളിയും പള്ളിക്കൂടവും കണ്ടുകൊണ്ട് തിരിച്ചു വരുവാൻ ആരും ആഗ്രഹിക്കുന്നില്ല. കോട്ടയം രൂപതയിലെ ഈ കിരാത നടപടി നിർത്തലാക്കിയാൽ പിന്നെ തിരിച്ചുവരവിന്റെ ആവശ്യമില്ലല്ലോ.

വിശ്വസിച്ചുവരുന്നവരെ താഴ്ന്ന ജാതിക്കാർ എന്ന പേരിൽ മാമോദീസാ കൊടുത്ത് അംഗമായി ചേർക്കാത്ത കോട്ടയം രൂപതയിലെ മെത്രാന്മാർക്കും വൈദികർക്കും രൂപതയുടെ പള്ളികൾക്കുപുറത്ത് സുവിശേഷം പ്രസംഗിക്കുവാനോ ധ്യാനങ്ങൾ നടത്തുവാനോ, പുനരൈക്യ പ്രസ്ഥാനങ്ങൾക്ക് പങ്കെടുക്കുവാനോ എന്തർഹതയാണുള്ളത്?

കോട്ടയം രൂപതയിലെ എത്രയോ യുവതീ യുവാക്കളാണ് പുറത്താക്കൽ എന്ന കിരാത നടപടിയെ ഭയന്ന് വിവാഹിതരാകാതെ 'പുര നിറഞ്ഞു' നിൽക്കുന്നത്. ഇവരൊക്കെ വഴി പിഴച്ചു പോയാൽ അതിന്റെ ഉത്തരവാദിത്വം മുഴുവൻ ഡോമിനിക് സാവിയോയെപ്പോലെയുള്ള ക്നാനായ തീവ്രവാദികൾക്കായിരിക്കും. അതുകൊണ്ട് സമയം ഇനിയും അതിക്രമിച്ചിട്ടില്ല. തെറ്റു തിരുത്തൂ. തെറ്റിപ്പോയതിന് മാപ്പു പറയൂ. യേശുവാണ് ജീവനും മാർഗ്ഗവും. സഭയും സമുദായവും രണ്ടാണ്.

**വി. സി. മത്തായി,** കുമരകം

## ജാതിയ സമുദായമോ? വിശ്വാസ സമൂഹമോ?

വിശ്വാസ സമൂഹമായ സഭയുടെ ലക്ഷണങ്ങളെപ്പറ്റി മതബോധനക്ലാസുകളിൽ ചെറുപ്പം മുതലേ നമ്മൾ പഠിക്കുന്നുണ്ടല്ലോ? 1. സഭ ഏകമാകുന്നു. 2. സഭ വിശുദ്ധമാകുന്നു. 3. സഭ സാർവ്വത്രികമാകുന്നു 4. സഭ അപ്പസ്തോലികമാകുന്നു.

സുവിശേഷത്തിൽ വിശ്വസിക്കുന്ന എല്ലാവരേയും സഭ തന്റെ അംഗങ്ങളായി മാമോദീസ മുക്കി സ്വീകരിക്കുന്നു. അതിനാൽ ക്രിസ്തുവിന്റെ സഭ ഏതെങ്കിലും പ്രത്യേക ജാതിയിലോ, വർഗ്ഗത്തിലോ, പ്രത്യേക രാജ്യത്തിന്റെ അതിർത്തികളിലോ ഒതുങ്ങിനിൽക്കുന്നില്ല. നാനാജാതി

www.malankaralibrary.com

ജനതകളെ അവരുടെ എല്ലാ സവിശേഷതകളോടും കൂടി ഉൾക്കൊള്ളുമ്പോഴാണ് സഭ സാർവത്രിക മാകുന്നത്.

"തീർത്ഥാടകയായ സഭ അവളുടെ സ്വഭാവത്താലെ പ്രേഷിതയാകുന്നു"- എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. അതിന്റെ 58-ാം ആർട്ടിക്കിളിൽ ഇപ്രകാരം വ്യക്തമാക്കുന്നു "എക്കാലവും എല്ലായിടത്തുമുള്ള എല്ലാ ജനതകൾക്കുമായി അയക്കപ്പെട്ടിരിക്കുന്ന സഭ ഏതെങ്കിലും ഒരു വംശത്തോടോ രാഷ്ട്രത്തോടോ ഏതെങ്കിലും പ്രത്യേക ജീവിതരീതിയോടോ, അത് പ്രാചീനമോ, ആധുനികമോ ആയിക്കൊള്ളട്ടെ, അതിനു മാത്രമായോ, അതിനെ വിട്ടുപിരിയാൻ പാടില്ലാത്ത വിധമോ ബന്ധിതയല്ല. കൗൺസിൽ സംസാരിക്കുന്നത് തിരുസഭയെ പറ്റിയാണ്, സമുദായത്തെപ്പറ്റിയല്ല.

സമുദായം മനുഷ്യൻ അവന്റെ താൽപര്യങ്ങളനുസരിച്ച്; തൊഴിൽ പരമായോ, ജീവിതരീതിയിലെ പ്രത്യേകതകൾ കൊണ്ടോ, ചില പാരമ്പര്യാചാരങ്ങൾ സംരക്ഷിക്കുന്നതിനോ വേണ്ടിയുള്ള കൂട്ടായ്മയാണ്. ഇങ്ങനെയുള്ള വിവിധ ജാതിയിലും, ഗോത്രത്തിലും പെട്ടവരായിരുന്നു ആദ്യം വിശ്വാസം സ്വീകരിച്ച് സഭയിൽ ചേർന്നവർ-സഭയിൽ ചേർന്നതോടെ അവർ അവരുടെ പുരാതനാചാരങ്ങൾ വെടിഞ്ഞ് സമുദായചട്ടങ്ങൾക്കും, ദൈവവചനങ്ങൾക്കും അനുസൃതമായി ജീവിച്ചു തുടങ്ങി. എന്നാൽ കോട്ടയം രൂപതക്കാർ ഇന്നും തങ്ങളുടെ സമുദായികാചാരങ്ങൾ നിലനിർത്താൻ വേണ്ടി ദൈവവചനങ്ങളും, സഭയുടെ നിയമങ്ങളും ലംഘിക്കുന്നു.

## മുഖ പ്രസംഗം

2010 കാരുണികൻ മാസികയുടെ ഫെബ്രുവരിയിലെ മുഖപ്രസംഗം വളരെ പ്രസക്തമായിട്ടുണ്ട്. വാക്കിലും പ്രവൃത്തിയിലും കടുകട്ടി എന്ന മട്ടിൽ പലവൈദികരും മർക്കട മുഷ്ടി കാട്ടാറുണ്ട്. യഹൂദ നിയമത്തിന്റെ കാർക്കശ്യം തച്ചുടച്ച് മാനുഷിക മുഖം കൊടുത്തുകൊണ്ടാണ് പുതിയ നിയമം യേശു നമുക്കു തന്നത്. ഓരോ രൂപതയിലേയും വൈദികർക്ക് ഇക്കാര്യത്തിൽ നമ്മുടെ പിതാക്കന്മാർ പ്രത്യേകം ക്യാംപുകൾ നടത്തി ഈ പ്രവണത തിരുത്തേണ്ടതാണ്. കാസയേന്തും കൈകളിൽ വേണ്ടത് ബലിയല്ല കരുണയാണ് എന്നു പറയുന്ന ഒരു പഴയ സിനിമാപ്പാട്ട് ഓർത്തുപോകുന്നു. ചെരുപ്പ് ധരിച്ചു പള്ളിയിൽ കയറരുത്. എന്നാൽ പ്രധാനപ്പെട്ട സന്ദർഭങ്ങളിൽ അക്കാര്യം പറഞ്ഞ് ആവശ്യമില്ലാതെ വാശിപിടിച്ച് രംഗം വഷളാക്കുന്നത് ശരിയല്ല.

കാരുണികനിൽ ക്നാനായ സമൂഹത്തെപ്പറ്റി ഡോ. തേനായൻ എഴുതിയ പ്രതിപാദനം കണ്ടു. ക്നാനായക്കാരുടെ വംശീയതയാണ് അദ്ദേഹം ഖണ്ഡിക്കാൻ ശ്രമിക്കുന്നത്. പക്ഷെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ഉന്നതജാതിക്കാരാണെന്ന് താൻ തന്നെ അവകാശപ്പെടുമ്പോൾ അദ്ദേഹം ഇരിക്കുന്ന കൊമ്പ് സ്വയം മുറിക്കുകയല്ലേ ചെയ്യുന്നത്? സീറോമലബാർ സഭയ്ക്കുള്ള പോലെ തന്നെ സാമൂഹികമായ അസ്തിത്വവും ക്നാനായ സഭയ്ക്കുമുണ്ട്. അതുമാനിക്കണം. പരസ്പര സ്നേഹമില്ലാത്ത ക്രൈസ്തവ വികത "മുഴങ്ങുന്ന ചെമ്പാണ്". സീറോമലബാർ സഭയിലെ ഒരു വലിയ വിഭാഗം ക്നാനായക്കാരിൽ നിന്നും പോന്നിട്ടുള്ളവരാണ്. ഉദാഹരണം കുട്ടനാട്ടിലെ വാച്ചാപറമ്പിൽ കുടുംബത്തിൽ നൂറിൽപ്പരം വീട്ടുകാർ ഇന്നുണ്ട്. അവരുടെ പൂർവ്വികർ ക്നാനായക്കാർ ആയിരുന്നു എന്ന് അഭിമാനത്തോടെ അവർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒരുപക്ഷെ ഡോ. തേനായന്റെ പൂർവ്വീകരും തെക്കുംഭാഗർ ആയിരുന്നില്ലെന്ന് ആരറിഞ്ഞു.

കോട്ടയം അതിരൂപതയ്ക്കകത്തും പുറത്തും ജോലി ചെയ്യുന്ന വൈദികരുടെയും സന്യസ്തരുടെയും വിവരം ഞാൻ നൽകട്ടെ. രൂപതയ്ക്കകത്ത് 172 വൈദികർ, 57 സന്യാസ വൈദികർ, 1199 സന്യാസിനികൾ. രൂപതയ്ക്കു വെളിയിൽ 352 വൈദികർ, 117 ബ്രദേഴ്സ്, 935 കന്യാസ്ത്രീകൾ. ക്നാനായക്കാരുടെ പ്രേഷിത പ്രതിബദ്ധത ഇതിൽ നിന്നും വ്യക്തമാകുമല്ലോ.

**ജോസഫ് കുര്യൻ പുലികുത്തിയേൽ**
തിരുവനന്തപുരം

www.malankaralibrary.com

എ. ഡി 343ൽ കേരളത്തിലെത്തിയ തെക്കും ഭാഗക്കാർ ഈ കാലമത്രയും തങ്ങളുടെ രക്തശുദ്ധി കാത്തു സുക്ഷിച്ചു എന്നു പറയുന്നതുതന്നെ വിരോധാ ഭാസം. 1911 ൽ കോട്ടയം രൂപത അനുവദിക്കുന്നതിനുമുൻപ് ഇവർ ഇവിടെയുള്ള മറ്റ് ക്രിസ്ത്യാനികളുമായി ഒരേ പള്ളിയിൽ, ഒരേ കൂദാശയിൽ വിവാഹം കഴിച്ച് ജീവിച്ച് പോന്നവരാണ്. രൂപത അനുവദിച്ചപ്പോൾ തെക്കുംഭാഗരെ മാത്രം തരം തിരിച്ച് ഇടവകകൾ രൂപീകരിച്ച് വേലികെട്ടിയടച്ചു. മറ്റുള്ളവരെ ജ്ഞാനസ്നാനം നൽകി സ്വീകരിക്കില്ലെന്നു മാത്രമല്ല, മറ്റു രൂപതകളിൽ നിന്നും വിവാഹം കഴിക്കുന്ന സ്വന്തം മക്കളെ കോട്ടയം രൂപതയിൽ നിന്നും പുറത്താക്കുകയും ചെയ്യുന്നു.

**സി. എം. സിറിയക് ചിറയിൽ**, മള്ളൂശ്ശേരി

## പാസ്റ്ററൽ കമ്മ്യൂണിക്കേഷൻ

ഫെബ്രുവരി 2011 ലെ കാരുണികൻ മാസികയുടെ വിഷയം 'പാസ്റ്ററൽ കമ്മ്യൂണിക്കേഷനെ' ക്കുറിച്ചായിരുന്നല്ലോ. പത്രാധിപരുടെ മുഖപ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്ന സംഭവത്തിൽ ഒരു




വിവാഹദിവസത്തിന്റെ സകല മൂഡും കളഞ്ഞ കൊച്ചച്ചന്റെ കരണക്കുറ്റിക്കിട്ട് ഒന്നു കൊടുക്കാൻ പിന്നീട് മറ്റൊരച്ചൻ ആഗ്രഹവും ആവേശവും പ്രകടിപ്പിക്കുന്നതായി പറയുന്നുണ്ട്. ബലഹീനരായ മനുഷ്യരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അച്ചന്മാർക്കും ഇതുപോലുള്ള ആഗ്രഹങ്ങൾ ഉണ്ടാവാറുണ്ട് എന്ന് ഒരനുഭവത്തിലൂടെ വ്യക്തമാക്കിയ പത്രാധിപർക്ക് ഒരായിരം നന്ദി. ഒരച്ചൻ കാണിച്ച വിവേകമില്ലായ്മയെക്കുറിച്ച് മറ്റൊരു വൈദീകന് ഇത്രയേറെ രോഷം ഉണ്ടായെങ്കിൽ ഇന്നത്തെ നമ്മുടെ ജനത്തിന്റെ അവസ്ഥ എന്തായിരിക്കും എന്ന് ഊഹിക്കാവുന്നതേയുള്ളൂ. പൗരോഹിത്യത്തെ മാലാഖമാരുടെ സ്ഥാനത്തെക്കാളും ഉന്നതമായ സ്ഥാനത്ത് പ്രതിഷ്ഠിക്കാൻ പരിശീലിപ്പിക്കപ്പെട്ട ദൈവജനം നിത്യജീവിതത്തിലെ നീറുന്ന പ്രശ്നങ്ങൾക്കിടയിൽ വിവേകമില്ലാതെ പെരുമാറുന്ന പല അജപാലകന്മാരെയും സഹിക്കുകയാണ്.

പലതിനെക്കുറിച്ചും പലതും അറിയാവുമ്പോഴും ഒന്നിനെക്കുറിച്ചും വ്യക്തമായ അറിവില്ലാതെ 'ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്' എന്ന മനോഭാവത്തിൽ ജീവിക്കുകയാണ് ഇന്നത്തെ കുറെയേറെ അജപാലകന്മാരും. തങ്ങളെക്കുറിച്ചും തങ്ങളുടെ കഴിവുകളെക്കുറിച്ചും തലമുറകൾ ഓർത്തിരിക്കാൻ സിപ്രിയൻ ഇല്ലിക്കാമുറിയച്ചൻ പറഞ്ഞതു പോലെ മെഗലോമാനിയ എന്ന ചിത്തഭ്രമം ബാധിച്ച് വലിയ പള്ളികളും, വലിയ കുരിശും, വലിയ പള്ളിമുറികളും പണിയുന്ന അനേകം അജപാലകന്മാർ ഇന്ന് സഭയിലുണ്ട്. ഇത്തരം അജപാലകന്മാരെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും ആവശ്യത്തിനും അനാവശ്യത്തിനും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന ഒരു കപടവിശ്വാസികളുടെ സമൂഹവും സഭയിലുണ്ട്. ഒരു കൈ ചെയ്യുന്നത് മറുകൈ നിർബന്ധമായും അറിഞ്ഞിരിക്കണം എന്ന് ശഠിക്കുന്നവരും പിന്നെ കുറേ പുതുപ്പണക്കാരും ഈ സമൂഹത്തിന്റെ ശക്തി കേന്ദ്രങ്ങളാണ്. ഒത്തിരിയേറെ വർഷങ്ങൾക്ക് മുമ്പ് ഒരു പള്ളിയോ സ്കൂളോ പണിയുന്നത് ഒരത്യാവശ്യമായിരുന്നപ്പോൾ അഹോരാത്രം അതിനുവേണ്ടി പണിയെടുക്കുകയും സാമ്പത്തികമായി ഒത്തിരി സഹായിക്കുകയും

www.malankaralibrary.com

ചെയ്ത അനേകം കുടുംബങ്ങളുണ്ട്. പലവിധ കാരണങ്ങളാൽ സാമ്പത്തികമായി ഇന്ന് വളരെ മോശപ്പെട്ട അവസ്ഥയിലെത്തിയവരും ഉണ്ട്. അത്തരം കുടുംബങ്ങളിൽ നിന്നും വീണ്ടും സംഭാവനകൾ കിട്ടാതാകുമ്പോൾ അവരുടെ പൂർവ്വീകർ ചെയ്ത നല്ലകാര്യങ്ങളെ വിസ്മരിച്ചുകൊണ്ട് അവരുടെ കുടുംബത്തെ പള്ളിയോടും പട്ടക്കാരോടും കൂറും ബഹുമാനവുമില്ലാത്തവരായി ചിത്രീകരിക്കുന്ന എത്രയോ അജപാലകരുണ്ട്. കാപട്യവും പക്ഷപാതവും സ്വാർത്ഥതയും പരമാവധി ഇല്ലാതാക്കി ജീവിച്ചാൽതന്നെ ഇടവകയെ ഒരു നല്ല കൂട്ടായ്മയായി രൂപപ്പെടുത്താൻ കഴിയും. അജപാലന ശുശ്രൂഷകൾ മെച്ചപ്പെടുത്താനുള്ള വഴികൾ ഡോ. കെ. പി സെബാസ്റ്റ്യൻ വിവരിക്കുകയുണ്ടായി. ഏതൊരു വൈദികനും ചെയ്യാൻ പറ്റുന്ന കാര്യങ്ങളാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. പക്ഷേ അഹന്തയും തന്നെ കഴിഞ്ഞിട്ടേ മറ്റുള്ളവർക്കും അവരുടെ ആശയങ്ങൾക്കും സ്ഥാനം ഉള്ളൂ എന്ന മനോഭാവവും മാറ്റിവെച്ചെങ്കിലെ മേൽപ്പറഞ്ഞ വഴികൾ പ്രായോഗികമാക്കാൻ സാധിക്കൂ. അജപാലകർ ദൈവജനത്തിന്റെ അധികാരിയോ അടിമയോ ആകാതെ ദൈവജനത്തെ അറിയുന്നവനാകട്ടെ.

**ഫാ. ജോഫിൻ മറ്റത്തിൽ**, ചുണ്ടേൽ

## ക്നാനായ വിവാദം

ക്നാനായ കത്തോലിക്കരെ കുറിച്ചു വായിച്ച കത്തുകൾ ധൂർത്തുപുത്രന്റെ ഉപമയിലെ കഥാപാത്രങ്ങളെ ഓർമ്മിപ്പിച്ചു.


ഇളയമകൻ സ്വന്തം വ്യക്തിത്വം സ്ഥാപിച്ചു സ്വതന്ത്രമായി ജീവിക്കാൻ തീരുമാനിച്ചു. ഇളയമകനോടു പിതാവ് കാണിച്ച സ്നേഹം ജ്യേഷ്ഠനെ കുപിതനാക്കി എന്നു കാണുന്നു. ഈ മകനിൽ നിന്നു പിതാവു പ്രതീക്ഷിച്ചത് ഉദാത്തമായ സഹോദരസ്നേഹമാണ്. രണ്ടു മക്കളും ഒരു നല്ല പിതാവിനു ഒരുപോലെയാണ്. കത്തോലിക്കാ സഭയിലെ എല്ലാ വ്യക്തിസഭകളും പിതാവിന്റെ മക്കളെ പോലെയല്ലേ? ഓരോ മകനും ചില പാരമ്പര്യങ്ങളും തനിമകളും വച്ചു പുലർത്തുന്നുവെങ്കിൽ അവ മറ്റുള്ളവരിൽ അസൂയയോ സ്പർദ്ധയോ ജനിപ്പിക്കാൻ കാരണമാകാതെ സൂക്ഷിക്കണം. കുടുംബത്തിന്റെ പൊതു നന്മക്കു ഹാനീകരമാകരുത് തനിമ സംരക്ഷണം.

ക്നാനായ കത്തോലിക്ക സഭയ്ക്കു വ്യക്തി സഭയെന്ന സ്ഥാനം നൽകുന്നതിൽ ഒരു അപാകതയും കാണുന്നില്ല. കേരളത്തിൽ കേവലം രണ്ടു നൂറ്റാണ്ടുകൾ മാത്രം അന്ത്യോക്യാ റീത്തിൽ കഴിഞ്ഞ ഒരു വിഭാഗം 1930ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ എന്തുകൊണ്ട് അവരെ നൂറ്റാണ്ടുകൾ പഴക്കമേറിയ സീറോ മലബാർ വിഭാഗത്തിൽ ചേർക്കാതെ സ്വതന്ത്രമായി നിലകൊള്ളാൻ അനുവദിച്ചു? എന്തുകൊണ്ട് അവർക്കു മാത്രമായി ഒരു വ്യക്തിസഭ സ്ഥാപിച്ചു? ഈ കാരണത്താൽ ക്നാനായക്കാർക്കും വ്യക്തി സഭയായി തീരുവാൻ അവകാശമുണ്ടെന്നു സ്ഥാപിക്കാൻ പ്രയാസമില്ല.

വ്യക്തിപരമായി ഞാൻ ഏറെ ആദരിക്കുന്ന ഒരു സഭാവിഭാഗമാണ് ക്നാനായ സഭ. എനിക്ക് ആദ്യമായി വിശുദ്ധ കുർബാന നൽകിയത് അഭിവന്ദ്യ അലക്സാണ്ടർ ചക്കളപറമ്പിൽ പിതാവും, സ്ഥൈര്യലേപനം നൽകിയത് അഭിവന്ദ്യ തോമസ് തറയിൽ പിതാവുമാണ്. കോട്ടയത്തെ വിസിറ്റേഷൻ സഭാ സഹോദരിമാരിൽ നിന്നാണ് വേദപാഠം പഠിച്ചത്. ഹൈസ്കൂൾ ക്ലാസുകളിലും കോളേജിലും പഠിക്കുമ്പോൾ കത്തീഡ്രലിലെ പണ്ഡിതരായ വൈദികർ ക്ലാസ് എടുത്തിരുന്ന സൺഡേ സ്കൂളിലാണു ഞാൻ പോയിരുന്നത്. ചുരുക്കത്തിൽ കത്തോലിക്കാ സഭയെ കുറിച്ചുള്ള എന്റെ അറിവിന്റെ ആദ്യാക്ഷരങ്ങൾ മുതൽ വലിയ വിഷയങ്ങൾ പോലും ഞാൻ കോട്ടയത്തെ ക്നാനായ സമൂഹത്തിൽ നിന്നാണു പഠിച്ചത്. ഇതുകൊണ്ടായിരിക്കാം ഈ സമൂഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള ചർച്ചയിൽ ക്നാനായക്കാരനല്ലാത്ത ഞാനും പങ്കെടുക്കാൻ താൽപര്യം കാട്ടുന്നത്. എങ്കിലും രക്തശുദ്ധി വാദം, സ്വജാതി മഹിമ എന്നീ കാര്യങ്ങളിൽ കൂടുതൽ ക്രൈസ്തവ വീക്ഷണം പുലർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാരണം അന്യ സമൂഹത്തിൽ നിന്നു വിവാഹം ചെയ്തതിനാൽ ജാതി ഭ്രഷ്ടരാക്കിയ ഏതാനും നല്ല സുഹൃത്തുക്കൾ അനുഭവിക്കുന്ന വേദന ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

**ജയിംസ് ഐസക്ക്**, കുടമാളൂർ

www.malankaralibrary.com



## കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ജീവിതരേഖ

- 1927 മെയ് 29 ന് വടക്കൻ പറവൂരിൽ ജസ്റ്റിസ് ജോസഫ് വിതയത്തിലിന്റെയും ത്രേസ്യാമ്മയുടെയും എട്ടുമക്കളിൽ രണ്ടാമനായി ജനിച്ചു. വടക്കൻ പറവൂർ സെന്റ് ജർമ്മയിൻസ് സ്കൂൾ, തിരുവനന്തപുരം സെന്റ് ജോസഫ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ഇൻർമീഡിയറ്റ്. തൃശ്നാപ്പിള്ളി സെന്റ് ജോസഫ് കോളേജിൽ നിന്ന് രസതന്ത്രത്തിൽ ബിരുദം.
- 1947 ഓഗസ്റ്റ് രണ്ടിന് റിഡംപ്റ്ററിസ്റ്റ് സന്യാസ സമൂഹാംഗം.
- 1954 ജൂൺ 12 ന് പൗരോഹിത്യം.
- 1959 ൽ അഞ്ചേലിക്കും സർവ്വകലാശാലയിൽ നിന്ന് "The Origin and Progress of Syro Malabar Hierarchy" എന്ന വിഷയത്തിൽ ഡോക്ടറേറ്റ്.
- 1960 മുതൽ 25 വർഷത്തോളം റിഡംപ്റ്ററിസ്റ്റ് മേജർ സെമിനാരിയിൽ പ്രൊഫസർ.
- 1972 ൽ കർണ്ണാടക സർവ്വകലാശാലയിൽ നിന്നും ഫിലോസഫിയിൽ ബിരുദാനന്തര ബിരുദം.
- 1978 മതൽ 84 വരെ റിഡംപ്റ്ററിസ്റ്റ് സഭയുടെ ഇന്ത്യ - ശ്രീലങ്ക പ്രൊവിൻഷ്യാൾ
- 1984 മുതൽ 85 വരെ സി.ആർ.ഐ. പ്രസിഡന്റ്
- 1990 മുതൽ 96 വരെ ബാംഗ്ലൂരിലെ ബനഡിക്ടൈൻ ആശ്രമത്തിലെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ.
- 1996 ഡിസംബർ 18ന് സീറോമലബാർ സഭ യുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമനം.
- 1997 ജനുവരി 6 ന് റോമിൽവച്ച് ജോൺപോൾ രണ്ടാമനിൽ നിന്നും മെത്രാഭിഷേകം.
- 1999 ഡിസംബർ 18ന് സീറോമലബാർ സഭയുടെയും എറണാകുളം അങ്കമാലി അതിരൂപതയുടെയും മേജർ ആർച്ച് ബിഷപ്പ്.
- 2000 ജനുവരി 26 ന് സ്ഥാനാരോഹണം
- 2001 ഫെബ്രുവരി 21 ന് കർദ്ദിനാൾ.
- 2010 മെയ് 29 ശതാഭിഷിക്തൻ.
- 2011 ഏപ്രിൽ 1 നിത്യതയിലേക്ക്.

www.malankaralibrary.com



# നന്മനിറഞ്ഞ പിതാവ്

മേജർ ആർച്ച് ബിഷപ്പ് ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ

മലങ്കര കത്തോലിക്കാ സഭയുടെ തലവൻ മേജർ ആർച്ച് ബിഷപ്പ് ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ വർക്കി പിതാവിനെ അനുസ്മരിക്കുന്നു. കത്തോലിക്കാ ക്കൂട്ടായ്മയിലുള്ള സഹോദരസഭയോടു പിതാവ് കാണിച്ച കരുതലും ഔദാര്യവും ശ്രദ്ധേയമാണ്.



സീറോ മലബാർ സഭയുടെ പരമാധ്യക്ഷനെന്ന നിലയിൽ അഭിവന്ദ്യ വർക്കി പിതാവ് മറ്റു രണ്ട് കത്തോലിക്കാ സഭകളോട് കാണിച്ച മാന്യതയും ഔദാര്യവും പ്രത്യേകം ഓർമിക്കപ്പെടേണ്ടതാണ്. അദ്ദേഹം സി.ബി.സി.ഐ പ്രസിഡന്റായിരുന്ന അവസരത്തിൽ സി.ബി.സി.ഐ വൈസ് പ്രസിഡന്റെന്ന രീതിയിൽ എനിക്ക് ഒരുമിച്ച് പ്രവർത്തിക്കേണ്ടി വന്നിട്ടുണ്ട്. ഭാരതത്തിലെ മൂന്നു കത്തോലിക്കാ സഭകളും ഒരുമയോടെ സുവിശേഷസാക്ഷ്യം നൽകണമെന്ന കാര്യത്തിൽ അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. സ്റ്റാൻഡിറ്റ് കമ്മറ്റി മീറ്റിങ്ങുകളിലും മറ്റും അദ്ദേഹം മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും ഇതിന് ഉദാഹരണങ്ങളാണ്. മൂന്നു സഭകളിലെയും പിതാക്കന്മാരുമായി ഊഷ്മളമായ ബന്ധം അദ്ദേഹം നിലനിർത്തിപ്പോന്നിരുന്നു.

ഓരോ സഭയ്ക്കും തനതായ രീതിയിൽ ഭാരതത്തിലാകമാനം സുവിശേഷവേല ചെയ്യാനുള്ള സ്വാതന്ത്ര്യവും അവസരവും ലഭിക്കണമെന്ന് പിതാവ് അതിയായി ആഗ്രഹിച്ചിരുന്നു. അത് സാധ്യമാകാത്തതിൽ അദ്ദേഹം വ്യക്തിപരമായി ദുഃഖിതനുമായിരുന്നു. ഈ സങ്കടത്തിനും ഇച്ഛാഭംഗത്തിനുമിടയിലും മൂന്നു സഭകളുടെ പരസ്പരബന്ധവും സഹകരണവും നിലനിർത്താനായി അധ്വാനിച്ചത് അദ്ദേഹത്തിന്റെ മഹത്വമാണ് വെളിവാക്കുന്നത്.

ഞാൻ മലങ്കര സഭയുടെ മേജർ ആർച്ച് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട ശേഷം പങ്കെടുക്കുന്ന ആദ്യത്തെ സിനഡ്. റോമിൽ വച്ചായിരുന്നു. മറ്റ് വിദേശ മെത്രാന്മാർക്കും സഭാധ്യക്ഷന്മാർക്കും എന്നെ പരിചയപ്പെടുത്തിക്കൊടുക്കാൻ അദ്ദേഹം പ്രത്യേകം താൽപര്യമെടുത്തു. മലങ്കര കത്തോലിക്കാസഭയുടെ മേജർ ബിഷപ്പാണിതെന്ന് പറഞ്ഞ് പരിചയപ്പെടുത്തുന്നതിന്റെ പിന്നിലെ സ്നേഹവും സാഹോദര്യവും അനിതരസാധാരണമായിരുന്നു.

ഒരു കാര്യം ഞാൻ പ്രത്യേകം ഓർക്കുന്നു. മലങ്കര

www.malankaralibrary.com

സഭയുടെ മേജർ ആർച്ച് ബിഷപ്പിനെ നിങ്ങൾ കാതോലിക്കാ ബാവയെന്നാണ് വിളിക്കേണ്ടതെന്ന് അദ്ദേഹം പരസ്യമായി ഞങ്ങളുടെ സഭാ സമൂഹത്തോടു പറഞ്ഞു. മലങ്കര സഭാചരിത്രത്തെക്കുറിച്ചും സഭാ പൈതൃകത്തെക്കുറിച്ചും അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹമാണ് ഇതിലൂടെ വെളിവായത്. അതോടൊപ്പം, സഹോദരസഭയെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ശ്ലൈഹിക പാരമ്പര്യത്തിലെ ഉദാരമനസ്കതയും.

കർദ്ദിനാൾ തിരുമേനി എന്നെ എപ്പോഴും ബാവയെന്നാണ് വിളിച്ചിരുന്നത്. മലങ്കര സഭ സ്വന്തം വ്യക്തിത്വവും തനിമയും കാത്തുസൂക്ഷിച്ച് വളർന്നു വരണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

അദ്ദേഹം രോഗിയായിരുന്ന അവസരത്തിൽ പലപ്പോഴും ഞാൻ കാണാൻ ചെന്നിട്ടുണ്ട്. അപ്പോഴൊക്കെ എഴുന്നേറ്റു വന്ന് എന്നെ ആശ്ലേഷിച്ച് സ്വീകരിക്കാൻ അഭിവന്ദ്യ കർദ്ദിനാൾ പിതാവ് കാണിച്ച നിർബന്ധം എന്നെ ഏറെ സ്പർശിച്ചിട്ടുണ്ട്.

കത്തോലിക്കാ സഭക്ക് അപ്പുറത്തേക്ക് കടന്ന് അകത്തോലിക്കാ സഭകളുമായി നല്ല ബന്ധവും സഹകരണവും വളർത്തിയെടുക്കാൻ അദ്ദേഹം താൽപര്യപ്പെട്ടിരുന്നു. അത്തരം സമ്മേളനങ്ങൾക്ക് ഞാൻ ശ്രമിച്ചപ്പോഴൊക്കെ അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചിരുന്നു.

മറക്കാനാവാത്ത ഒരു സംഭവം കൊച്ചിയിൽ വച്ചു നടന്ന ക്രൈസ്തവ - ഹിന്ദു സംവാദ സമ്മേളനമായിരുന്നു. അഭിവന്ദ്യ കർദ്ദിനാൾ പിതാവ് ശ്രദ്ധയോടെ ആ സമ്മേളന വിജയത്തിനായി പ്രോത്സാഹനവും നിർദ്ദേശങ്ങളും തന്നിരുന്നു. അക്രൈസ്തവ മതങ്ങളിലേക്ക് കൂടി സഹകരണത്തിന്റെ കൈകോർക്കലുകൾ വളർത്തിയെടുക്കേണ്ടതിനെക്കുറിച്ച് അദ്ദേഹത്തിന് ഉറച്ച് ബോധ്യമുണ്ടായിരുന്നു. മഹാകുംഭമേളയിൽ അദ്ദേഹം പങ്കെടുത്തത് ഏറ്റവും നല്ല ഉദാഹരണം. ഒരുപടികൂടി കടന്ന് അദ്ദേഹം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു. നന്മ ദൈവത്തിൽ നിന്നാണ് വരുന്നതെന്നായിരുന്നു വർക്കി പിതാവിന്റെ ബോധ്യം. നന്മയെ ദൈവിക സാന്നിധ്യമായി കരുതാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിനാൽ



www.malankaralibrary.com

നന്മ ആരിലൂടെ വന്നാലും അതിനെ അംഗീകരിക്കാനും ആദരിക്കാനും അദ്ദേഹത്തിന് മടിയില്ലായിരുന്നു. അദ്ദേഹത്തിന്റെ ഈ സമീപനം ഏറെ തെറ്റിദ്ധരിക്കപ്പെട്ട അവസരങ്ങളിലും അദ്ദേഹം സ്വന്തം നിലപാട് മാറ്റിയില്ലെന്നതാണ് ശ്രദ്ധേയം.

മനുഷ്യന്റെ സാധാരണ ആവശ്യങ്ങളോട് ശ്രദ്ധയോടെ പ്രതികരിച്ചിരുന്ന ഇടയ മനസ്സായിരുന്നു അഭിവന്ദ്യ വർക്കിപിതാവിന്റേത്. സുവിശേഷത്തിലെ യേശുവിന്റെ വാക്കും പ്രവർത്തിയുമായി തട്ടിച്ചു നോക്കുമ്പോഴാണ് ഈ സമീപനത്തിലെ വിശുദ്ധി തിരിച്ചറിയാൻ നമുക്ക് കഴിയുന്നത്. അതുകൊണ്ടാണ് റോഡു നിറയുന്ന പ്രദക്ഷിണങ്ങളും, സാമ്പത്തിക പ്രകടനത്തിന്റെ ആർഭാടങ്ങളും, കുടുംബം തകർക്കുന്ന മദ്യപാനവും അദ്ദേഹത്തെ ദുഃഖിതനാക്കിയത്. മനുഷ്യനിവിടെ സന്തോഷകരമായി ജീവിക്കാനുള്ള സാഹചര്യമൊരുക്കേണ്ടതും സ്വന്തം ഇടയധർമമായി അദ്ദേഹം കരുതി.

അതിനാലാവണം കേരളത്തിലെ പൊതുസമൂഹം പലപ്പോഴും അദ്ദേഹത്തിന്റെ വാക്കുകൾക്ക് കാതോർക്കുന്നത്. സെക്കുലർ സമൂഹത്തെ ഇത്രയധികം സ്വാധീനിച്ച ഒരു പിതാവും സീറോ-മലബാർ സഭയിൽ ഉണ്ടായിട്ടില്ല. നാനാജാതിമതസ്ഥരും വ്യത്യസ്ത വിശ്വാസികളുമായ കേരളത്തിലെ പൊതുസമൂഹത്തിന് ദിശാബോധം നൽകാനും ധാർമിക നേതൃത്വം കൊടുക്കാനും അഭിവന്ദ്യ കർദ്ദിനാൾ പിതാവിന് കഴിഞ്ഞു എന്നതാണ് സത്യം.

അദ്ദേഹം സംസാരിക്കുമ്പോഴൊക്കെ, ആ പറഞ്ഞത് സത്യമാണല്ലോ എന്ന് പ്രേക്ഷക മനസ്സ് അറിയാതെ പറഞ്ഞുപോകുമായിരുന്നു. Straight from the Heart എന്ന അദ്ദേഹത്തിന്റെ പുസ്തകം ഇതിനുള്ള എഴുതപ്പെട്ട തെളിവാണ്. വായിക്കുമ്പോഴെല്ലാം ഇദ്ദേഹം പറയുന്നത് സത്യമാണല്ലോ എന്ന തോന്നൽ അത് വായനക്കാരിൽ ഉണർത്തുന്നു. ബോധ്യമുള്ളവ പറയാനുള്ള ധൈര്യവും ആർജവത്വവുമായിരുന്നു പിതാവിന്റെ വലിയ ഗുണങ്ങൾ.

അഭിവന്ദ്യ കർദ്ദിനാൾ പിതാവിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് അദ്ദേഹം ദൈവത്താൽ അയക്കപ്പെട്ട ഒരു മനുഷ്യനായിരുന്നു എന്നതാണ്. പ്രത്യേക ദൈവ നിയോഗവുമായിട്ടാണ് അദ്ദേഹം കേരളത്തിലേക്കും സഭാനേതൃത്വ ശുശ്രൂഷയിലേക്കും കടന്നു വന്നത്.

സീറോ – മലബാർ സഭയിലെ ഒരു പ്രത്യേക കാലഘട്ടത്തിൽ സഭകയിൽ ഐക്യത്തിനും സ്നേഹത്തിനും ഊന്നൽ നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. ഇടയന്മാരെ ഒരുമിച്ചു നിർത്തുന്നതിൽ അദ്ദേഹം വിജയിച്ചു എന്നതാണ് സത്യം. വേഗത പോരാ, തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാകുന്നില്ല എന്നൊക്കെ വിമർശനങ്ങൾ ഉയർന്നപ്പോഴും ഐക്യവും സ്നേഹവും നിലനിർത്താൻ സാധിച്ചത് അദ്ദേഹത്തിന്റെ വലിയ നേട്ടം തന്നെയാണ്.

സീറോ – മലബാർ സഭയുടെ ചരിത്രത്തിൽ സ്ഥായിയായ മുഖമുദ്ര പതിച്ചിട്ടാണ് അദ്ദേഹം കടന്നുപോകുന്നത്. പകരക്കാരനായി കടന്നുവന്നവൻ ചുമതലക്കാരനായി മാറിയ ദൈവപരിപാലനയാണ് അഭിവന്ദ്യ വർക്കി പിതാവിൽ നമ്മൾ കാണുന്നത്.

> മേജർ ആർച്ച് ബിഷപ്പിനെ നിങ്ങൾ കാതോലിക്കാ ബാവയെന്നാണ് വിളിക്കേണ്ടതെന്ന് അദ്ദേഹം പരസ്യമായി ഞങ്ങളുടെ സഭാസമൂഹത്തോടു പറഞ്ഞു.

മതജീവിതത്തിൽ പിതാവ് പ്രകടിപ്പിച്ചിരുന്ന ലാളിത്യം ശ്രദ്ധേയമാണ്. ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ശിശുസഹജമായ ലാളിത്യത്തോടെയാണ് അഭിവന്ദ്യ വർക്കിപിതാവ് സംസാരിച്ചിരുന്നത്. വിശുദ്ധനാകണമെന്നും, തമ്പുരാനെ മുഖാമുഖം കാണാൻ പോകാറായെന്നും പറയുന്നതിലെ ലാളിത്യം വിശുദ്ധി തന്നെയാണ്.

അഭിവന്ദ്യ കർദ്ദിനാൾ പിതാവിനോടു നേരിട്ടു സംസാരിക്കുമ്പോഴും അദ്ദേഹം എഴുതിയത് വായിക്കുമ്പോഴും, ടിവിയിൽ അദ്ദേഹത്തെ കേൾക്കുമ്പോഴും നമുക്കു ഉള്ളിൽ അനുഭവപ്പെടുന്ന ഒരു സുഖസന്തോഷമുണ്ടല്ലോ – അത് ഒരു വിശുദ്ധനായ മനുഷ്യനു മാത്രം തരാനാവുന്നതാണ്. മതത്തിനും ജാതിക്കും വിശ്വാസങ്ങൾക്കും അതീതമായി എല്ലാ മനുഷ്യർക്കും അങ്ങനെ അനുഭവപ്പെട്ടു എന്നതിലാണ് അസാധാരണത്വം. He Could relate with everybody. ■

www.malankaralibrary.com



# ദൈവത്തിന്റെ ലൗഡ്സ്പീക്കർ

ഫാ. മനോജ് ഫ്രാൻസിസ്

> കാലംചെയ്ത സീറോമലബാർ സഭാദ്ധ്യക്ഷൻ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ജീവിതത്തിലേക്കും സഭാശുശ്രൂഷയുടെ ഏടുകളിലേക്കും ഒരു തിരിഞ്ഞുനോട്ടം.

**1996** ഡിസംബർ പതിനെട്ടിന് ഫാ. വർക്കി വിതയത്തിൽ CSSR എന്ന അപരിചിതനെ സീറോ മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആക്കിയത് സീറോമലബാർ സഭയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും അപ്രതീക്ഷിതമായ മെത്രാൻ നിയമനമായിരുന്നു. തുടർന്ന് 1999 ഡിസംബർ പതിനെട്ടിന് അദ്ദേഹത്തെ സഭയുടെ മേജർ ആർച്ച് ബിഷപ്പായി നിയമിച്ചപ്പോൾ ഫാ. പോൾ തേലക്കാട്ട് സത്യദീപത്തിൽ ഇപ്രകാരം എഴുതി: "കടന്നു പോകാൻ വന്ന കിളി കൂടു കൂട്ടുന്നു". അഗ്നികുണ്ഠത്തിലെ കുളിർജലമായും കൊടുങ്കാറ്റുകൾക്കിടയിലെ ഇളം തെന്നലായും മാറി പതിനാലുവർഷം സഭയെ നയിച്ച കർദ്ദിനാൾ ചരിത്രമാവുകയാണ്. അദ്ദേഹം അവശേഷിപ്പിച്ചു പോകുന്ന നന്മയുടെ തിരുശേഷിപ്പുകളെ പറയുടെ അടിയിൽ നിന്നും കണ്ടെടുക്കാനും പീഠത്തിൽ പ്രതിഷ്ഠിക്കാനുമുള്ള എളിയ ശ്രമമാണ് അഭിമുഖങ്ങളെയും ഇടയലേഖനങ്ങളെയും ആസ്പദമാക്കിയുള്ള ഈ തിരിഞ്ഞുനോട്ടം.

## മാതാപിതാക്കളിൽ നിന്നു കിട്ടിയ മനുഷ്യത്വം

ന്യായാധിപനായ പിതാവിന്റെ നീതിബോധവും മീൻവില്പനക്കാരികളായ സ്ത്രീകളോടൊന്നിച്ച് കൊന്തചൊല്ലുകയും അവർക്കു ഭക്ഷണം വിളമ്പുകയും ചെയ്ത അമ്മയുടെ നന്മയും തന്നെ സ്വാധീനിച്ചതെങ്ങനെയെന്ന് ചോദിച്ചപ്പോൾ കർദ്ദിനാൾ പറയുന്നതിങ്ങനെയാണ്: "റോമൻ മാർപാപ്പയോടും ഒരു പാവപ്പെട്ട മനുഷ്യനോടും ഒരേ സ്വാതന്ത്ര്യത്തോടെ സംസാരിക്കാനും ഇടപെടാനും എനിക്ക് സാധിക്കുന്നുണ്ടെങ്കിൽ ഞാനതിന് കടപ്പെട്ടിരിക്കുന്നത് എന്റെ മാതാപിതാക്കളോടാണ്."

അതിരൂപതയിലെ ഒരു ഇടവകയിൽ നിരന്തരം പ്രശ്നമുണ്ടാക്കിക്കൊണ്ടിരുന്ന ഒരു സമ്പന്ന കുടുംബത്തിന്റെ പ്രതിനിധി വംശമഹിമയുടെയും ഔദ്ധത്യത്തിന്റെയും ശബ്ദഘോഷം മുഴക്കിയപ്പോൾ വിതയത്തിൽ പിതാവ് സമചിത്തത കൈവിടാതെ പറഞ്ഞു: "എനിക്ക് പാറായിയും പറയനും ഒരുപോലെയാണ്." സകലരെയും ദൈവത്തിന്റെ മക്കളായി കണ്ട നല്ല ഇടയൻ!

## നന്മയുടെ കാര്യത്തിൽ സാത്താനോടും കൂട്ട്

സി. പി. എമ്മിന്റെ ജില്ലാ സെക്രട്ടറിയായിരുന്ന എ. പി. വർക്കിയുടെ പേരിലുള്ള Pain and Paliative Care Centre ന്റെ ഉത്ഘാടനത്തിന് അനുയോജ്യനായി സഖാക്കൾ കണ്ടത് കർദ്ദിനാളിനെയാണ്. ഉത്ഘാടന പ്രസംഗത്തിൽ പോപ്പ് ജോൺ 23-ാമന്റെ വാക്കുകൾ ഉദ്ധരിച്ച് കർദ്ദിനാൾ പറഞ്ഞു: "ഒരു നല്ല കാര്യം ചെയ്യാനായി സാത്താനോടുപോലും കൂട്ടുകൂടുന്നതിൽ തെറ്റില്ല." സഭയും മാർക്സിസ്റ്റ് പാർട്ടിയും കൈകോർക്കുന്നു എന്ന് മാധ്യമങ്ങൾ വ്യാഖ്യാനിച്ചപ്പോഴും സഭാസമൂഹത്തിന്റെ ചില കോണുകളിൽ നിന്ന്

www.malankaralibrary.com



വിയോജന കുറിപ്പുകൾ ഉയർന്നപ്പോഴും കർദ്ദിനാൾ അചഞ്ചലനായി പറഞ്ഞു: "പരസ്നേഹ പ്രവർത്തനങ്ങളിൽ സഹകരണത്തിന്റെ ഭൂമികകൾ കാലഘട്ടത്തിന്റെ ആവശ്യമാണ്."

ആടിനെ പട്ടിയാക്കുന്ന പ്രചാരവേലകളോടെ കത്തോലിക്കാസഭയെ വിദ്യാഭ്യാസ കച്ചവടമാക്കി അധിക്ഷേപിക്കുന്ന മാധ്യമ പ്രത്യയശാസ്ത്രക്കാരുടെ വായടപ്പിച്ച് കർദ്ദിനാൾ കല്പനയിറക്കി. "അധ്യാപക നിയമനത്തിനായി ഒരൊറ്റ പൈസ വാങ്ങിക്കാൻ പാടില്ല, വാങ്ങിച്ചാൽ അത് തിരികെ കൊടുപ്പിക്കും". വഴിവിളക്കുകൾ കരിന്തിരി കത്തിക്കുന്നതിനെതിരെ ജറുസലെം ദേവാലയത്തിൽ ചാട്ടയെടുത്തവന്റെ പിൻഗാമിയുടെ ധർമ്മരോഷം വിദ്യാക്ഷേത്രത്തിലെ ധാർമ്മിക സ്വരമായി.

## പ്രദക്ഷിണങ്ങളും കപ്പേളകളും

മതസമുദായിക വിഭാഗങ്ങൾ പൊതുസമൂഹത്തെ വീതംവച്ചെടുക്കാനും പ്രകടനങ്ങളും പ്രദക്ഷിണങ്ങളും നടത്തി ശക്തിതെളിയിക്കാനും തുടങ്ങിയ കോലം കെട്ടൊരു കാലത്തിൽ ഒരു സെമിറ്റിക് പ്രവാചകന്റെ വീര്യത്തോടെ മാർ വിതയത്തിൽ ഇടയലേഖനം ഇറക്കി. "വഴിമുടക്കുന്ന പ്രദക്ഷിണങ്ങളുടെയും ഗതാഗത കുരുക്കുണ്ടാക്കുന്ന വഴിയോര കപ്പേളകളുടെയും കാര്യത്തിൽ ഒരു പുനർ വിചിന്തനത്തിന് സമയമായി". കേരളത്തിലെ ഏറ്റവും വലിയ കൊലയാളിയായി റോഡപകടങ്ങൾ മാറിയപ്പോൾ വത്തിക്കാനോടൊപ്പം കർദ്ദിനാളും പറഞ്ഞുവച്ചു: "അശ്രദ്ധമായ ഡ്രൈവിങ് കുമ്പസാരത്തിൽ പറയേണ്ട പാപമാണ്".

കാർഷിക വിഭവങ്ങളുടെ വിലത്തകർച്ച നാടിനെയും നാട്ടുകാരെയും പ്രതിസന്ധിയിലാഴ്ത്തിയപ്പോൾ ആനുകൂല്യവർദ്ധനയ്ക്കായി സമരം ചെയ്ത സർക്കാർ ഉദ്യോഗസ്ഥർക്കായി 2002 ലെ നോമ്പുകാല സന്ദേശത്തിൽ കർദ്ദിനാൾ ഇപ്രകാരം എഴുതി: "ഒരു വലിയ വിഭാഗം ആളുകൾ ദുരിതം അനുഭവിക്കുകയും കഷ്ടപ്പെടുകയും ചെയ്യുമ്പോൾ ഒരു ഗണം ആളുകൾ ഉയർന്ന ശമ്പളത്തിനും ആനുകൂല്യങ്ങൾക്കുമായി മുറവിളി കൂട്ടുന്നത് ന്യായീകരിക്കാനാവില്ല. അത്യാവശ്യങ്ങളും ആവശ്യങ്ങളും, ആർഭാടങ്ങളും തമ്മിൽ വിവേചിക്കാൻ മനുഷ്യൻ പഠിക്കണം."

ഭാരതീയ ചിന്തയിൽ അവഗാഹമുണ്ടായിരുന്ന കർദ്ദിനാൾ കുംഭമേളയിൽ ചെയ്ത പ്രഭാഷണം വഴി ഹിന്ദുമതത്തിലേയ്ക്കുള്ള വാതിൽ തുറന്നു. മതമോ ജാതിയോ നോക്കിയല്ല, വ്യക്തിയുടെ നന്മയും ഉദ്ദേശ്യശുദ്ധിയുമാണ് തെരഞ്ഞെടുപ്പുകളിലെ മാനദണ്ഡമാക്കേണ്ടതെന്ന് അദ്ദേഹം അഭിമുഖസംഭാഷണങ്ങളിൽ പറഞ്ഞുവച്ചു.

## കേൾക്കാൻ ചെവിയുള്ളവൻ

ആപേക്ഷികാവാദവും വ്യക്തിസ്വാതന്ത്ര്യവും നന്മതിന്മകളുടെ വൃക്ഷത്തിന്റെ ചുവടിളക്കുന്ന ഒരു സാംസ്ക്കാരികാന്തരീക്ഷത്തിനെതിരെ 2008 ഡിസംബറിലെ ഇടയലേഖനത്തിൽ കർദ്ദിനാൾ ആഞ്ഞടിച്ചു– "പാപത്തേയും തിന്മയേയും കുറിച്ചുള്ള അവബോധം ആധുനിക മനുഷ്യന് നഷ്ടപ്പെടുന്നത് അപകടകരമാണ്. ഒരു കൃത്യം രാഷ്ട്രത്തിന്റെ ദൃഷ്ടിയിൽ കുറ്റകരമല്ലെന്നു കരുതി ദൈവദൃഷ്ടിയിൽ കുറ്റകരമല്ലെന്ന് വരണമെന്നില്ല. സ്വതവേ നിഷിദ്ധമായതിനെ നിയമനിർമ്മാണം കൊണ്ട് ധാർമ്മികമാക്കുവാൻ സാധിക്കുകയില്ലല്ലോ.

സ്വവർഗ്ഗരതിയും ഭ്രൂണഹത്യയുമൊക്കെ നിയമവിധേയമാക്കുകയും അവസരവാദപരമായ വ്യാഖ്യാനങ്ങൾ നല്കി നന്മതിന്മകളുടെ അതിർത്തികൾ മായ്ച്ചുകളയുകയും ചെയ്യുന്ന ഭരണകൂടങ്ങൾക്കും വ്യക്തിസ്വാതന്ത്ര്യത്തിന്റെ കപടപ്രത്യയശാസ്ത്രങ്ങൾക്കുമെതിരെ കർദ്ദിനാൾ സന്ധിയില്ലാ സമരമാണ് ചെയ്തത്. ഇനി നിത്യതയിൽ നിന്നും ദൈവത്തിന്റെ ഈ ലൗഡ് സ്പീക്കർ മുഴങ്ങട്ടെ. ■

www.malankaralibrary.com



# നല്ല അയൽക്കാരന്റെ ഓർമ്മയിൽ

ആർച്ച് ബിഷപ്പ് ഫ്രാൻസിസ് കല്ലറക്കൽ / ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

രൂപതകളുടെ മാതാവെന്നറിയപ്പെടുന്ന "വരാപ്പുഴ അതിരൂപതയുടെ" അധ്യക്ഷനായി ഉയർത്തപ്പെട്ട ആർച്ച് ബിഷപ്പ് കല്ലറയ്ക്കൽ സ്വന്തം ഇടവകപ്പള്ളിയിൽത്തന്നെ മെത്രാനായിരുന്ന് (കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ) ചരിത്രം സൃഷ്ടിച്ച ആളാണ്. ഗോതുരുത്തിയിലും റോമിലും അമേരിക്കയിലുമൊക്കെ ആയിരിക്കുമ്പോഴും നാടിനോടുള്ള മമതയും ഇത്തിരി കൊന്നപ്പൂവും ഹൃദയത്തിൽ സൂക്ഷിച്ചൊരാൾ! മഹാനഗരമായി വളരുന്ന കൊച്ചിയുടെ വികസന ചർച്ചകളെയും പാർശ്വവൽക്കരിക്കപെട്ട മൂലമ്പിള്ളി പ്രശ്നത്തെയും ധാർമികതയുടെ മുഴക്കോലുകൊണ്ടളക്കുന്നയാൾ! കാലം ചെയ്ത വർക്കിപിതാവിനെയും അനുസ്മരിക്കുന്നു ഈ ഇടയ ശ്രേഷ്ഠൻ!

■ കാലം ചെയ്ത കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിനെക്കുറിച്ചുള്ള സ്മരണകളെന്തൊക്കെയാണ്?

വർക്കി വിതയത്തിൽ പിതാവ് എന്റെ നല്ല അയൽക്കാരനായിരുന്നു. ആദ്യമായി ഞാൻ പിതാവിനെ കാണുന്നത് ബാംഗ്ലൂർ എയർപോർട്ടിൽ വച്ചാണ്. ഞാനന്ന് സെന്റ് ജോൺസ് മെഡിക്കൽ കോളേജിന്റെ അഡ്മിനിസ്ട്രേറ്ററാണ്. തുറന്നു പറയട്ടെ, അദ്ദേഹം ഒരു ആത്മീയ മനുഷ്യനായിരുന്നു. ആത്മീയതയുടെ ഒരുപ്രഭാപൂരം എപ്പോഴും അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്നു. ഏലീശാ പ്രവാചകനെ കണ്ടപ്പോൾ തന്നെ ഒരു സ്ത്രീ പറയുന്നുണ്ടല്ലോ "ഈ മനുഷ്യൻ ഒരു ദൈവപുരുഷനാണ്." കർദ്ദിനാൾ പിതാവ് കടന്നുപോകുമ്പോൾ അവശേഷിപ്പിച്ചു പോകുന്നത് ഇത്തരം നന്മയുടെ തിരുശേഷിപ്പുകളാണ്.

■ വർക്കി വിതയത്തിൽ പിതാവിന്റെ കുടുംബവുമായൊക്കെ പിതാവിന് നല്ല ബന്ധമാണല്ലോ ഉണ്ടായിരുന്നത്?

ജസ്റ്റീസ് വിതയത്തിലുമായും വർക്കി പിതാവിന്റെ അമ്മയുമായൊക്കെ എനിക്ക് നല്ല ബന്ധമായിരുന്നു. ഞാൻ ആർച്ച് ബിഷപ്പ് കേളന്തറയുടെ സെക്രട്ടറിയായി കാക്കനാട് വില്ല സെക്കോർസോയിൽ ആയിരിക്കുമ്പോൾ വർക്കി പിതാവിന്റെ അമ്മ എപ്പോഴും അവിടെ വരുമായിരുന്നു. രാവിലെ കുർബാനയ്ക്കു പോയ ശേഷം പ്രാർത്ഥിക്കാനാണ് വരവ്. ഞാനായിരുന്നു കപ്പേള തുറന്നു കൊടുത്തിരുന്നത്. ആ മാതാപിതാക്കളുടെ നീതിബോധവും ആത്മീയതയും ഒട്ടും കുറയാതെ മകനും കിട്ടിയിട്ടുണ്ട്.

www.malankaralibrary.com



■ രൂപതകളുടെ മാതാവെന്നറിയപ്പെടുന്ന വരാപ്പുഴ രൂപതയുടെ ഇടയനായി സ്ഥാനമേറ്റെടുത്ത ശേഷം പിന്തിരിഞ്ഞു നോക്കുമ്പോൾ കുടുംബം, ദൈവവിളി എന്നിവയെ എങ്ങനെ സ്മരിക്കുന്നു?

കോട്ടപ്പുറത്താണ് എന്റെ വീട്. പോർച്ചുഗീസുകാർ പണിത് ടിപ്പുസുൽത്താൻ നശിപ്പിച്ച കോട്ടയിൽ നിന്നാണ് ഈ പേര് ഈ സ്ഥലത്തിനു കിട്ടിയത്. എന്നും അമ്മയോടൊപ്പം അരമണിക്കൂറോളം നടന്നാണ് ഞാൻ പള്ളിയിൽ പോയിരുന്നത്. എന്നും പള്ളിയിൽ ആദ്യമെത്താനും കുർബാനക്കു കൂടാനും ഞാൻ ശ്രമിക്കുമായിരുന്നു. കപ്യാരച്ചൻ ഹാർമോണിസ്റ്റു കൂടിയായതുകൊണ്ട് അൾത്താരയിലെ കാര്യമൊക്കെ ഞങ്ങളാണ് ക്രമീകരിച്ചിരുന്നത്. കുർബാനയ്ക്കുശേഷം ഒരുപിടി ചോറുവാരിത്തിന്ന് ഗോതുരുത്ത് സ്കൂളിലേക്ക് ഓടും. അങ്ങനെ പള്ളിയോടു ബന്ധപ്പെട്ടായിരുന്നു എന്റെ ബാല്യകാല ജീവിതം.

■ "വാ വാ യേശുനാഥാ" എന്ന ഗാനം എഴുതിയ ഫാ. ജേക്കബ് കല്ലറയ്ക്കൽ പിതാവിന്റെ അപ്പന്റെ ചേട്ടനായിരുന്നല്ലോ. ജേക്കബ് അച്ചൻ എങ്ങനെയാണ് പിതാവിനെ സ്വാധീനിച്ചിരിക്കുന്നത്?

ഗോതുരുത്ത് സ്കൂളിലെ പഠനത്തിനുശേഷം ഞാൻ ജേക്കബ് അച്ചന്റെ കൂടെ നിന്നാണ് പഠിച്ചിരുന്നത്, ചേരാനല്ലൂർ സ്കൂളിൽ. പോണേക്കര ഇടവകയിൽ താമസവും. അച്ചൻ പ്രസിദ്ധനായ ഗാനരചയിതാവായിരുന്നു. വാർഷികത്തിനും ജൂബിലിക്കും പെരുന്നാളിനുമൊക്കെ അച്ചനെക്കൊണ്ട് പാട്ടെഴുതിക്കാൻ അനേകർ വരും. അവർ പറയുന്ന റ്റ്യൂണിനൊപ്പിച്ച് സുന്ദരമായ പദങ്ങൾ നിരത്തി അച്ചൻ പാട്ടുകളെഴുതും. ഞാനായിരുന്നു പാട്ടുകൾ പാടിക്കൊടുത്തിരുന്നതും എഴുതിയെടുക്കുന്നതും. ചിലപ്പോൾ ഉറക്കത്തിനിടയിലായിരിക്കും അച്ചന് നല്ലവരികൾ കിട്ടുക. അപ്പോൾ തന്നെ എന്നെ വിളിച്ചുണർത്തി എഴുതിക്കും. വാവാ യേശുനാഥാ, ഓശാന ഈശനു സതതം പോലുള്ള മനോഹരഗാനങ്ങൾ പിറവിയെടുത്തത് അങ്ങനെയാണ്. ഒരു കാര്യം അതിന്റെ പൂർണ്ണതയിൽ ചെയ്യാൻ എനിക്ക് പ്രചോദനം തന്നത് വല്ല്യച്ചനാണ്.

■ പിതാവിന്റെ പരിശീലനകാലത്തും തുടർന്നുമൊക്കെ വളരെക്കാലം വിദേശത്തായിരുന്നല്ലോ. എങ്ങനെ ഓർത്തെടുക്കുന്നു ആ ജീവിതാനുഭവങ്ങൾ?

കർമലഗിരി സെമിനാരിയിലെ ഫിലോസഫി പഠനത്തിനുശേഷം പ്രോ. വികാരി ജനറൽ വന്ന് മിഷനു പോകണം അതിന് മെഡിക്കൽ ചെക്കപ്പ് ഒക്കെ നടത്തണം എന്നു പറഞ്ഞു. ഞാൻ സമ്മതിച്ചു. പക്ഷേ അത് റോമിനു പോകാനായിരുന്നു. പ്രൊപ്പഗാന്താ കോളേജിലാണ് ഞാൻ ദൈവശാസ്ത്ര പഠനം നടത്തിയത്. എന്റെ തിരുപ്പട്ട സ്വീകരണം 1968 ജൂൺ 29ന് പത്രോസ്-പൗലോസ്ശ്ലീഹാൻമാരുടെ തിരുന്നാൾ ദിനത്തിലായിരുന്നു. തുടർന്ന് അമേരിക്കയിൽ എം.എ ചെയ്തു. രൂപതയുടെ മിഷൻ അപ്പീലിനായി അമേരിക്ക-കാനഡ എന്നിവിടങ്ങളിൽ വളരെയധികം സ്ഥലങ്ങളിൽ പോയിട്ടുണ്ട്. അമേരിക്കയിൽ സെന്റ് പയസ് 10th ഇടവകയിൽ സേവനം ചെയ്യാനും ഭാഗ്യം ലഭിച്ചു. സഭയുടെ സാർവ്വത്രിക സ്വഭാവം മനസ്സിലാക്കാൻ ഇക്കാലഘട്ടം ഉപകരിച്ചു.

■ കേരളസഭയിൽ കൂട്ടായ്മയുടെ വേദികൾ കുറയുകയാണല്ലോ? മംഗലപ്പുഴ സെമിനാരി

www.malankaralibrary.com

വിഭജനം, പി.ഒ.സി യുടെ ആഭിമുഖ്യത്തിലുള്ള വേദപാഠ പുസ്തകങ്ങളുടെ തിരോധാനം ഇങ്ങനെ പലതും...?

സത്യത്തിൽ എനിക്കും മാനസികമായി ബുദ്ധിമുട്ടുണ്ടാക്കിയ ഒന്നായിരുന്നു അത്. സഭ ഒന്നാണ്, കൂട്ടായ്മയാണ്. നാനാത്വത്തിലെ ഏകത്വവും (Unity in Diversity) ഏകത്വത്തിലെ നാനാത്വവും (Diversity in Unity) ജീവിക്കാൻ സാധിച്ചപ്പോഴുണ്ടായ സന്തോഷം അനുഭവിച്ച വ്യക്തിയാണ് ഞാൻ. റോമിൽ പഠിക്കുമ്പോൾ പ്രൊപ്പഗാന്ത കോളേജിൽ പൗരസ്ത്യസഭകളിൽ നിന്നുള്ള സഹപാഠികളുടെ കൂടെയായിരുന്നു ഞാൻ താമസിച്ചതും പഠിച്ചതും. ഓരോ സഭയും അതിന്റെ തനിമയിൽ ജീവിക്കണമെന്നായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആശയം. പി. ഒ. സി കേന്ദ്രീകരിച്ച് കേരളസഭയിലെ ഈ കൂട്ടായ്മ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ സജീവമാണ്. ഒരു പരിധിവരെ അത്തരം ശ്രമങ്ങൾ വിജയത്തിലെത്തുന്നുമുണ്ട്.

> വാവാ യേശുനാഥാ, ഓശാന ഈശനു സതതം പോലുള്ള മനോഹരഗാനങ്ങൾ പിറവിയെടുത്തത് അങ്ങനെയാണ്.

■ ക്രൈസ്തവർ കേരളത്തിലെ നിർണായക സാമ്പത്തിക ശക്തിയാണ്, വിദ്യാഭ്യാസശക്തിയുമാണ്. പക്ഷേ ദുർബലമായ മാധ്യമശക്തിയാണ്. കാരണം നമുക്കുള്ള സെക്കുലർ മാധ്യമങ്ങളുടെ (പത്രം, ചാനൽ, മാസിക) അഭാവമാണ്? പിതാവെങ്ങനെ ഈ കുറവിനെ നോക്കിക്കാണുന്നു?

ഒരു പൊതുമാധ്യമം എന്ന ആശയം നല്ലതാണെങ്കിലും അതിലേക്ക് നടന്നടുക്കാനുള്ള ദൂരം കിലോമീറ്ററുകളുടേതാണ്. വ്യക്തിസഭകളും രൂപതകളും അവരവരുടെ ആവശ്യങ്ങളുടെ പുറന്തോടുപൊട്ടിച്ച് പുറത്ത് വരാത്തത്രയും നാൾ മേൽപ്പറഞ്ഞ കാര്യം മലർപ്പൊടിക്കാരന്റെ സ്വപ്നമായവശേഷിക്കും. ദീപികയും കേരളടൈംസുമൊക്കെ അതിന്റെ ഗതകാലപ്രാഭവത്തിൽ നിലനിന്നിരുന്നെങ്കിൽ Anticatholic ആയ സെക്കുലർ മീഡിയയുടെ സഭാവിരുദ്ധപ്രചരണങ്ങളെ നിശ്ചമായും ചെറുക്കാൻ നമുക്കാവുമായിരുന്നു.

■ മൂലമ്പിള്ളി പിതാവിന്റെ അധികാര സീമയിൽ പെട്ട ഇടവകയാണ്. അവിടത്തെ പ്രശ്നത്തിൽ പിതാവിന്റെ നിലപാടെന്താണ്?

മനുഷ്യോചിതമല്ലാത്ത വികസനത്തിന്റെ ഇരകളാണ് മൂലമ്പിള്ളിക്കാർ. ദേശത്തിനുവേണ്ടി കിടപ്പാടമൊഴിഞ്ഞവരെ ദേശം തിരസ്ക്കരിക്കുന്ന കാഴ്ച ദയനീയമാണ്. പുനരധിവാസ പാക്കേജ് വേണ്ട രീതിയിൽ നടപ്പാക്കാത്തതുകാരണം മനുഷ്യരും മൃഗങ്ങളും ഒറ്റ മുറിയിൽ താമസിക്കുന്ന അവസ്ഥ. ശീതീകരിച്ച മുറികളിലുറങ്ങുന്ന മന്ത്രിമാരിരിക്കുന്ന വേദികളിൽ ഈ അവകാശ ധ്വംസനത്തെക്കുറിച്ച് ഞാൻ പ്രതികരിച്ചിട്ടുണ്ട്. ഇനിയും പ്രതികരിക്കും. കാരണം അതെന്റെ കടമയാണ്.

■ കെ. ആർ. എൽ. സി. എ ലത്തീൻ സഭയുടെ അവകാശപ്രഖ്യാപന രേഖ പ്രസിദ്ധം ചെയ്തല്ലോ? ഈ രേഖയിലെ പ്രധാന ആശയമെന്താണ്?

പ്രശ്നാധിഷ്ഠിതയും മൂലാധിഷ്ഠതവുമായ സമദൂരസിദ്ധാന്തമാണ് സഭാ-രാഷ്ട്രീയ ബന്ധങ്ങളിലെ മാനദണ്ഡമായി കെ.ആർ. എൽ. സി. എ സ്വീകരിച്ചിരിക്കുന്നത്. രാഷ്ട്രീയ അവബോധത്തിലുള്ള വളർച്ചവഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സഭാംഗങ്ങളെ പ്രത്യേകിച്ച് യുവാക്കളെ നയിക്കാനുള്ള ശ്രമങ്ങളും ഈ രേഖയിലുണ്ട്. ദൈവവിശ്വാസവും സഹജീവിസ്നേഹവും ആദർശാധിഷ്ഠിത പൊതുപ്രവർത്തനവും വഴി മെച്ചപ്പെട്ടൊരു സമൂഹ സൃഷ്ടിയാണ് കർമ്മരേഖ ലക്ഷ്യം വെക്കുന്നത്.

■ കോട്ടപ്പുറം വഴി വരാപ്പുഴയിലെത്തിയ പിതാവിന്റെ ഭാവിയിലെ കർമ്മപദ്ധതികളെന്തൊക്കെയാണ്?

പങ്കാളിത്തവും കൂട്ടുത്തരവാദിത്വമുള്ള സഭയാണ് എന്റെ ലക്ഷ്യം. പ്രബുദ്ധതയുള്ള യുവത്വം, ഒരുമയുള്ള സമൂഹം, ആത്മീയനിറമുള്ള ശുശ്രൂഷകർ. ഇതുവഴി ദൈവരാജ്യത്തിന്റെ ചെറുപതിപ്പുകൾ ഭൂമിയിൽ സ്ഥാപിക്കൽ – ഇതൊക്കെയാണ് എന്റെ ചെറിയ സ്വപ്നങ്ങൾ. ■


www.malankaralibrary.com



# കർദ്ദിനാളിന്റെ ആരാധന ക്രമാഭിമുഖ്യങ്ങൾ

ഡോ. ആന്റണി നരികുളം
*പ്രൊഫസർ-ലിറ്റർജി; മംഗലപ്പുഴ സെമിനാരി റെക്ടർ*

വിരോധാഭാസമെന്നു തോന്നാം ലിറ്റർജി ആയിരുന്നു സീറോ-മലബാർ സഭയിലെ അനൈക്യത്തിന്റെ കേന്ദ്രവും ഉറവിടവും. സഭയിൽ സമാധാനം സ്ഥാപിക്കാനുള്ള വർക്കി പിതാവിന്റെ ദൗത്യത്തിന്റെ മർമ്മവും ആരാധനാക്രമമായിരുന്നു. അദ്ദേഹത്തിന്റെ ദൗത്യനിർവ്വഹണത്തിന്റെ പിന്നാമ്പുറ കാഴ്ചകളിലേക്ക്.



സീറോമലബാർ സഭയിൽ ലിറ്റർജി സംബന്ധമായ ചേരിതിരിവുകൾ ശക്തമായിരുന്ന ഒരു കാലഘട്ടത്തിലാണ് അഭിവന്ദ്യ വർക്കി പിതാവ് സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനാകുന്നത്. അദ്ദേഹത്തെ നിയമിച്ചുകൊണ്ടുള്ള മാർപാപ്പയുടെ കത്തിൽ അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും വക്താവാകണമന്ന സൂചനയും ഉണ്ടായിരുന്നു. ആ ദൗത്യം സാമാന്യം തൃപ്തിപരമായി നിർവ്വഹിച്ചുകൊണ്ടാണ് അദ്ദേഹം വിടപറഞ്ഞിരിക്കുന്നത്.

എല്ലാവർക്കും അറിയാവുന്നതുപോലെ സീറോ മലബാർ സഭയിൽ ലിറ്റർജിയുടെ പുനരുദ്ധാരണത്തെയും നവീകരണത്തെയും സംബന്ധിച്ച് രണ്ടു വ്യത്യസ്ത വീക്ഷണങ്ങളുണ്ട്. ഈ വീക്ഷണങ്ങളെ സമന്വയിപ്പിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്വവും പേറിക്കൊണ്ടാണ് പിതാവ് തന്റെ ദൗത്യം ഏറ്റെടുത്തത്. ആ ദൗത്യനിർവ്വഹണത്തിൽ, ഏതെങ്കിലും ഒരു വീക്ഷണത്തെ പ്രത്യേകം സംരക്ഷിച്ചുകൊണ്ടല്ല അദ്ദേഹം വിഷയത്തിൽ ഇടപെട്ടത്. അദ്ദേഹത്തിന് ഇക്കാര്യത്തിൽ സ്വതന്ത്രവും സ്വന്തവുമായ അഭിപ്രായങ്ങളുണ്ടായിരുന്നു. അവയിൽ ചിലത് ഏതെങ്കിലും ഗ്രൂപ്പിന്റെ അഭിപ്രായത്തോട് യോജിക്കുന്നതായിരിക്കും. അപ്പോൾ മറ്റുഗ്രൂപ്പ് അദ്ദേഹം പക്ഷം പിടിച്ചതായി ആരോപിക്കും. അത് അദ്ദേഹത്തെ ദുഃഖിപ്പിച്ചിരുന്നതായി അറിയാം. ഇരുഭാഗത്തും ശരികളും തെറ്റുകളും ഉണ്ടെന്ന പക്ഷക്കാരനായിരുന്നു പിതാവ്. ഈ വീക്ഷണത്തെ കാലക്രമേണ നല്ലൊരു ശതമാനം പേരും അംഗീകരിച്ചുവെന്നു വേണം പിൽക്കാല ചരിത്രത്തിൽ നിന്നു മനസ്സിലാക്കാൻ. ഇരു ഗ്രൂപ്പുകളും സമ്മതിക്കുന്ന ചില അടിസ്ഥാന തത്വങ്ങൾ ചൂണ്ടിക്കാ

www.malankaralibrary.com

ണിക്കാൻ പിതാവിനു സാധിച്ചുവെന്നത് നിസ്സാര കാര്യമല്ല.

## ഐക്യവും ഐക്യരൂപ്യവും

ആരാധനക്രമത്തിൽ കുറേയൊക്കെ ഐകരൂപ്യം വേണമെന്ന് ആഗ്രഹിച്ചിരുന്ന വ്യക്തിയാണ് അഭിവന്ദ്യ വർക്കിപിതാവ്. എന്നാൽ എല്ലാക്കാര്യങ്ങളിലും പൂർണ്ണമായ ഐക്യരൂപ്യവും വേണമെന്ന ആശയത്തെ കാര്യകാരണസഹിതം അദ്ദേഹം ഖണ്ഡിച്ചു. ചില പ്രാദേശിക നീക്കുപോക്കുകൾ ആകാം എന്നുതന്നെയായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതുകൊണ്ട് റോമിൽ നിന്ന് അനുവദിച്ചു നൽകിയ ഐച്ഛികങ്ങൾ സ്വീകാര്യവും അർത്ഥവത്തുമാണെന്ന് അദ്ദേഹം കരുതി. അതേ സമയം, എല്ലാക്കാര്യങ്ങളിലും ഐക്യം ഉണ്ടാകണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.

## പുനരുദ്ധാരണവും നവീകരണവും

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പൗരസ്ത്യസഭകളെപ്പറ്റിയുള്ള പ്രമാണരേഖയുടെ അടിസ്ഥാനത്തിൽ ലിറ്റർജി പുനരുദ്ധരിക്കുക ആവശ്യമാണെന്ന കാര്യത്തിൽ പിതാവിനും അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. തന്റെ ഡോക്ടറൽ പ്രബന്ധം തയ്യാറാക്കുന്ന അവസരത്തിൽ റോമിലെ പുരാതന ഗ്രന്ഥ ശേഖരത്തിൽ അദ്ദേഹം കണ്ടെത്തിയ വസ്തുക്കൾ പുനരുദ്ധാരണത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നവയായിരുന്നു. എന്നാൽ, നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരു പ്രത്യേക കാലഘട്ടത്തിലെ ജനങ്ങൾക്കുവേണ്ടി തയ്യാറാക്കപ്പെട്ട പ്രാർത്ഥനകളും ആചാരാനുഷ്ഠാനങ്ങളും അതേപടി പകർത്തണമെന്ന ചിന്താഗതിയോട് അദ്ദേഹത്തിന് ഒട്ടും യോജിപ്പില്ലായിരുന്നു. മറിച്ച്, പുനരുദ്ധാരണത്തോടൊപ്പം ഇന്നത്തെ മനുഷ്യന്റെ അഭിരുചികളും ജീവിത സാഹചര്യങ്ങളും സാംസ്ക്കാരിക പശ്ചാത്തലവും പരിഗണിച്ച് നവീകരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ചുരുക്കത്തിൽ പുനരുദ്ധാരണവും നവീകരണവും പരസ്പര പൂരകങ്ങളാണന്ന സന്തുലിതമായ നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. പഴമയെയും പാരമ്പര്യത്തെയും നിരാകരിച്ച് 'പുതിയ' ലിറ്റർജിക്കു രൂപം നൽകണമെന്ന ചിലരുടെ വാദം അദ്ദേഹം പൂർണ്ണമായും തള്ളിക്കളഞ്ഞു.



www.malankaralibrary.com

## പ്രാർത്ഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം

'Rule of prayer is the Rule of faith'' എന്നത് ആരാധനാക്രമ ചരിത്രത്തിൽ സാർവ്വത്രികാംഗീകാരമുള്ള ഒരു ചൊല്ലാണ്. ഒരു സഭയുടെ വിശ്വാസത്തിന്റെ ആഴങ്ങൾ മനസ്സിലാക്കുന്നതിൽ ആ സഭയുടെ ആരാധനാ ക്രമത്തിന് വലിയ സ്ഥാനമുണ്ടെന്നാണ് ഈ ചൊല്ല് അർത്ഥമാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ സീറോമലബാർ സഭയുടെ ദൈവശാസ്ത്രവീക്ഷണങ്ങൾ കരുപിടിപ്പിക്കുന്നതിൽ ലിറ്റർജിക്ക് അർഹമായ പ്രധാന്യമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. എന്നാൽ, രണ്ടു നൂറ്റാണ്ടിലധികം ലത്തീനീകരണത്തിന് വിധേയമായ സീറോമലബാർ ലിറ്റർജിക്ക് തനതായ ഒരു ദൈവശാസ്ത്രം രൂപപ്പെടുത്തുക എളുപ്പമല്ലായിരുന്നു. അതുകൊണ്ട്, വ്യക്തമായ ഒരു ആരാധനാക്രമദർശനം സഭയ്ക്ക് ആവശ്യമാണെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ അത് പൗരസ്ത്യസുറിയാനി ക്രമത്തിന്റെ തനിയാവർത്തനം ആയിരിക്കണമെന്ന വാദത്തോട് അദ്ദേഹത്തിനു യോജിപ്പില്ലായിരുന്നു. അടിസ്ഥാന ശില പൗരസ്ത്യ സുറിയാനിയാണെങ്കിലും, ആ ക്രമത്തിൽ 'സ്വാഭാവികമായി' കടന്നുവന്നിട്ടുള്ള മറ്റു ഘടകങ്ങൾ ഉൾചേർക്കുന്നതിൽ തെറ്റില്ലെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. എല്ലാ റീത്തുകളും മറ്റു പാരമ്പര്യങ്ങളിൽ നിന്ന് എന്തെങ്കിലുമൊക്കെ സ്വീകരിച്ചിട്ടുണ്ടെന്ന ചരിത്ര വസ്തുതയെപ്പറ്റി പിതാവിന് നല്ല ബോധ്യമുണ്ടായിരുന്നു. ഈ ബോധ്യത്തിലേക്ക് അദ്ദേഹത്തെ നയിക്കുന്നതിൽ സഹായകമായത് രണ്ടാം വത്തിക്കാൻ സൂനഹദോസിലെ ആരാധന ചർച്ചക്കിടെ മിലാനിലെ മെത്രാപ്പോലീത്തയായിരുന്ന കർദ്ദിനാൾ ബാപ്റ്റിസ്റ്റ് മൊന്തീനി (പിന്നീട് പോൾ ആറാമൻ മാർപാപ്പ) ഉപയോഗിച്ച ഒരു വാക്യമാണ്: "Liturgy is for man, and not man for liturgy".

## അനുസരണവും സമാധാനവും

മെത്രാന്മാരായി നിയമിക്കപ്പെടുന്നവർ തങ്ങളുടേതായ ഒരു ആദർശസൂക്തം അല്ലെങ്കിൽ മുദ്രാവാക്യം തിരഞ്ഞെടുക്കുന്ന പതിവുണ്ട്. അഭിവന്ദ്യ വിതയത്തിൽ പിതാവ് തിരഞ്ഞെടുത്ത "അനുസരണവും സമാധാനവും" (Obedience and Peace) ആണ് ഈ മുദ്രാവാക്യം. ഈ മുദ്രാവാക്യവും ആരാധനാക്രമം സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന വീക്ഷണവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടായിരുന്നുവെന്നുവേണം മനസ്സിലാക്കാൻ.

മുകളിൽ സൂചിപ്പിച്ചതുപോലെ, സീറോമലബാർ സഭയിൽ ആരാധനാക്രമം സംബന്ധിച്ച് വളരെ കലുഷിതമായ ഒരന്തരീക്ഷം നിലവിലുണ്ടായിരുന്ന സന്ദർഭത്തിലാണ് വർക്കിപ്പിതാവ് സഭയുടെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി നിയമിതനാകുന്നത്. സഭയിൽ സമാധാനം സ്ഥാപിക്കാൻ അദ്ദേഹം യോഗ്യനാണെന്ന് വത്തിക്കാനിലെ അധികൃതർ കരുതാൻ കാരണമുണ്ട്. സീറോമലബാർ സഭയിലെ മെത്രാന്മാരെ ധ്യാനിപ്പിച്ച അവസരത്തിലും ബാംഗ്ലൂരിലെ ബെനഡിക്റ്റൻ സമൂഹത്തിൽ പ്രശ്നങ്ങളുണ്ടായപ്പോഴും മറ്റും അദ്ദേഹം ഒരു മധ്യസ്ഥന്റെ റോളിൽ പ്രവർത്തിക്കുകയുണ്ടായി. അതുകൊണ്ട് സീറോമലബാർ സഭയുടെ തലവനാകാനുള്ള നിയോഗം ലഭിച്ചപ്പോൾ 'സമാധാനം' എന്ന പദം തന്റെ മുദ്രാവാക്യത്തിൽ ഉൾപ്പെടുത്തിയത് സ്വാഭാവികം മാത്രമാണ്. ആരാധനക്രമ ഭിന്നതകൾ എല്ലാവർക്കും തൃപ്തികരമായ രീതിയിൽ പരിഹരിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ലെങ്കിലും, ആരോപണ പ്രത്യാരോപണ സാഹചര്യങ്ങളിൽ നിന്ന് സഭയെ വിമുക്തമാക്കി ശാന്തമായ അന്തരീക്ഷം സംജാതമാകുന്നതിന് അദ്ദേഹത്തിന്റെ ശ്രമങ്ങൾ കാരണമായെന്ന് നിസ്സംശയം പറയാം.

സഭയിൽ ശാന്തത സൃഷ്ടിക്കുന്നതിന് പിതാവ് അംഗീകരിച്ച മാർഗ്ഗങ്ങൾ വളരെ ലളിതമായിരുന്നു. അവയിൽ പ്രധാനപ്പെട്ടത് അദ്ദേഹത്തിന്റെ മുദ്രാവാക്യത്തിലെ ആദ്യത്തെ പദമാണ് –'അനുസരണം'. ഒരു സമൂഹത്തിന്റെ കെട്ടുറപ്പിനും പുരോഗതിക്കും അത്യന്താപേക്ഷിതമാണ് അനുസരണമെന്ന പുണ്യം. അനുസരണമില്ലാത്ത സമൂഹം ഛിന്നഭിന്നമാകുമെന്നതിന് ചിത്രം സാക്ഷിയാണല്ലോ. ലിറ്റർജിയുടെ കാര്യത്തിലും ഈ തത്ത്വം ബാധകമാണെന്ന് പിതാവ് വിശ്വസിച്ചു. ഈ വീക്ഷണത്തെ ബലഹീനതയായും, കണ്ണടച്ചുള്ള അനുസരണമായും വ്യാഖ്യാനിച്ചവരുണ്ട്. വാസ്തവത്തിൽ ഈ 'അനുസരണ മനോഭാവം' അദ്ദേഹത്തിന്റെ ക്രിസ്തീയമായ കാഴ്ചപ്പാടിന്റെ പ്രതിഫലനമായിരുന്നു. എല്ലാ അധികാരവും ദൈവത്തിൽ നിന്നാണെന്നും നാം അതിന്റെ കാര്യസ്ഥന്മാർ മാത്രമാണെന്നും അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. പാപമൊഴിച്ച് മറ്റെല്ലാക്കാര്യങ്ങളിലും

www.malankaralibrary.com

മേലധികാരികളെ അനുസരിക്കണമെന്നതാണ് അദ്ദേഹത്തിന്റെ ജീവിത വീക്ഷണം.

അനുസരിക്കുമ്പോഴും അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങൾ ബന്ധപ്പെട്ട അധികാരികളെ ശക്തമായ ഭാഷയിൽ അറിയിക്കുന്നതിൽ തെറ്റില്ലെന്ന അഭിപ്രായക്കാരനുമായിരുന്നു പിതാവ്. മറ്റു വാക്കുകളിൽ, അദ്ദേഹത്തിന്റെ അനുസരണം അന്ധമായിരുന്നില്ല. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്, അദ്ദേഹം അഡ്മിനിസ്ട്രേറ്ററായി ചാർജെടുത്ത അവസരത്തിൽ റോമിലെ പൗരസ്ത്യ സഭാകാര്യാലയത്തിൽ വച്ചുണ്ടായ ഒരു മീറ്റിംഗ്. പിതാവ് സീറോ മലബാറുകാരനാണെങ്കിലും ദീർഘകാലം ലത്തീൻ സഭയുടെ പാരമ്പര്യത്തിലാണല്ലോ വൈദികനായി സേവനമനുഷ്ഠിച്ചത്. അതുകൊണ്ട് അദ്ദേഹത്തെ പൗരസ്ത്യ പാരമ്പര്യങ്ങൾ പഠിപ്പിക്കുന്നതിന് വത്തിക്കാനിലെ

> സിനഡു തീരുമാനം നടപ്പിലാക്കണമെന്നു തന്നെയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിപരമായ ആഗ്രഹം.

ഒരു സംഘംപൗരസ്ത്യ പണ്ഡിതന്മാർ ഒരു സ്റ്റഡി ക്ലാസ് നടത്തി. അക്കൂട്ടത്തിൽ ജനാഭിമുഖ ബലിയർപ്പണം പാശ്ചാത്യ രീതിയാണെന്നും പൗരസ്ത്യപാരമ്പര്യമനുസരിച്ച് അൾത്താരാഭിമുഖമായി മാത്രമേ കുർബാനയർപ്പിക്കാവൂ എന്നും അവർ സമർത്ഥിച്ചു. അൾത്താരാഭിമുഖ ബലിയർപ്പണത്തോട് പിതാവിന് വ്യക്തിപരമായി അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നില്ലെങ്കിലും, അദ്ദേഹം പണ്ഡിതന്മാരോട് മറിച്ചൊരു ചോദ്യം ഉന്നയിച്ചു: 'അൾത്താരാഭിമുഖമായുള്ള കുർബാന ലോകാവസാനം വരെ നിലനിൽക്കേണ്ട ഒരു രീതിയാണോ? സീറോമലബാർ സിനഡിന് ജനാഭിമുഖ കുർബാനയ്ക്ക് അനുകൂലമായി തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം ഒരു കാലത്തും ഉണ്ടാകാതിരിക്കില്ലെന്നാണോ നിങ്ങൾ കരുതുന്നത്?' ഈ ചോദ്യം തന്നിൽ നിന്ന് ആ പണ്ഡിതന്മാർ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ലെന്ന് പിതാവുതന്നെ പിന്നീട് പറഞ്ഞിട്ടുണ്ട്.

## ജനാഭിമുഖ ബലിയർപ്പണം

സീറോമലബാർ സഭയിൽ നിന്നുതന്നെ വർക്കി പിതാവിന് ശക്തമായ വിമർശനങ്ങൾ ഏറ്റു വാങ്ങേണ്ടിവന്ന ഒരു സന്ദർഭം, സിനഡിന്റെ പൊതുതീരുമാനത്തിൽ നിന്നു വ്യത്യസ്തമായി എറണാകുളം-അങ്കമാലി അതിരൂപതയിൽ ജനാഭിമുഖ ബലിയർപ്പണം അനുവദിച്ചതാണ്. രണ്ടായിരമാണ്ടിലെ മഹാ ജൂബിലി വർഷത്തിൽ അനുരഞ്ജനത്തിന്റെ അടയാളമായി മെത്രാന്മാർ പൊതുധാരണയോടെ സ്വീകരിച്ച നിലപാടാണ് കുർബാനയിലെ വചനശുശ്രൂഷ ജനാഭിമുഖമായും കൂദാശാഭാഗം അൾത്താരാഭിമുഖമായും അർപ്പിക്കാമെന്നത്.

അൾത്താരാഭിമുഖ/ജനാഭിമുഖ ബലിയർപ്പണത്തിന്റെ കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാട് കർദ്ദിനാളിനുണ്ടായിരുന്നു. ഒന്നാമതായി ഇത് വിശ്വാസത്തെ ബാധിക്കുന്ന ഒരു വിഷയമായി അദ്ദേഹം കണ്ടിരുന്നില്ല. എന്നാൽ അൾത്താരാഭിമുഖമായി അഥവാ കുരിശിനഭിമുഖമായി ബലിയർപ്പിക്കുകയാണ് കൂടുതൽ ഉചിതമെന്ന് കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗറിന്റെ (ബെനഡിക്റ്റ് 16-ാമൻ പാപ്പാ) അഭിപ്രായത്തോടായിരുന്നു വർക്കിപ്പിതാവിന് ആഭിമുഖ്യം. ജനങ്ങളോട് പറയേണ്ട കാര്യങ്ങൾ അവർക്കഭിമുഖമായും (വചനശുശ്രൂഷ) ദൈവത്തോടുള്ളത് കുരിശിനഭിമുഖമായും (കൂദാശാകർമ്മം) നിർവ്വഹിക്കുകയാണ് കൂടുതൽ നല്ലതെന്ന് അദ്ദേഹം കരുതി. അതുകൊണ്ടാണ് സീറോ മലബാർ മെത്രാന്മാരുടെ 2000 ലെ തീരുമാനത്തിന് അനുകൂലമായ നിലപാട് പിതാവും സ്വീകരിച്ചത്. മാത്രമല്ല, ഇക്കാര്യത്തിൽ സീറോമലബാർ സഭയിൽ ഏകരൂപം ഉണ്ടാകുക അഭികാമ്യമാണെന്നും അത് ഐക്യത്തിന് കാരണമാകുമെന്നും അദ്ദേഹം പ്രത്യാശിക്കുകയും ചെയ്തു. ഒരു റീത്തിലെ അടുത്തടുത്ത പ്രദേശങ്ങളിൽ നിലവിലിരിക്കുന്ന കർമ്മവിധികളിൽ ഗണ്യമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ അവ കഴിയുന്നിടത്തോളം ഒഴിവാക്കണമെന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ നിർദ്ദേശം (ആരാധനാക്രമം 23) പിതാവിനെ സ്വാധീനിച്ചിരുന്നു.

എന്നാൽ, സിനഡിന്റെ തീരുമാനം നടപ്പിലാക്കുന്നതിനു തൊട്ടുമുമ്പ് കാര്യങ്ങൾ തകിടം മറിഞ്ഞു. എറണാകുളം അതിരൂപതയിലെ അജപാലന സാഹചര്യങ്ങൾ തീരുമാനം പ്രാവർത്തികമാകുന്നതിന് ഒട്ടും അനുകൂലമല്ലെന്ന തിരിച്ചറിവ് ആ അജ പാലക

www.malankaralibrary.com

ശ്രേഷ്ഠനുണ്ടായി. അതേ സമയം സിനഡു തീരുമാനം നടപ്പിലാക്കണമെന്നു തന്നെയായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിപരമായ ആഗ്രഹം. അദ്ദേഹത്തിന്റെ വ്യക്തിതാൽപര്യം അജപാലക ഓത്സുക്യത്തിന് വഴിമാറിക്കൊടുത്തു എന്നതാണ് സത്യം. പൗരസ്ത്യകാനോൻ നിയമത്തിലെ ഒരു വ്യവസ്ഥ അദ്ദേഹത്തിന്റെ തീരുമാനത്തെ പിന്തുണയ്ക്കുകയും ചെയ്തു. സഭയിലെ ഉന്നതാധികാര സമിതിയുടെ തീരുമാനം നടപ്പിലാക്കുക അജപാലനപരമായി അപ്രായോഗികവും അനവസരത്തിലുള്ളതുമാണെങ്കിൽ ആ തീരുമാനം തൽക്കാലത്തേക്ക് മരവിപ്പിക്കാമെന്നതാണ് ആ വ്യവസ്ഥ. സന്തോഷത്തോടുകൂടിയല്ല അദ്ദേഹം ആ തീരുമാനം എടുത്തതെന്ന് ഈ ലേഖകന് നന്നായി അറിയാം. അജപാലനസാഹചര്യങ്ങൾ അതിന് അദ്ദേഹത്തെ നിർബന്ധിച്ചുവെന്നു പറയുന്നതാകും കൂടുതൽ ശരി. അതിന്റെ പേരിൽ അദ്ദേഹം ഏറെ പഴികേട്ടുവെന്നത് മറ്റൊരു സത്യം!

## വിഭൂതി തിങ്കളും ചാരം പൂശലും

കർദ്ദിനാൾ വിമർശിക്കപ്പെട്ട മറ്റൊരു സംഭവം നോമ്പാരംഭ ദിവസമായ തിങ്കളാഴ്ചയിലെ ചാരം പൂശൽ കർമ്മം പാശ്ചാത്യസഭയിൽ ആചരിച്ചുപോരുന്ന ബുധനാഴ്ചയിലേക്കു മാറ്റിയതാണ്. സീറോമലബാർ സഭയിൽ നോമ്പിന്റെ ഒന്നാം ഞായറിന്റെ പിറ്റേ ദിവസമായ തിങ്കളാഴ്ച അമ്പതു നോമ്പിന്റെ ഔദ്യോഗികാചരണം ആരംഭിക്കണമെന്നത് സുവിദിതമാണല്ലോ. എന്നാൽ, എറണാകുളം അതിരൂപതയുടെ സവിശേഷമായ അജപാലനപശ്ചാത്തലം പരിഗണിച്ചാൽ അമ്പതു നോമ്പിന്റെ ബാഹ്യാചരണമായ ചാരം പൂശൽ ബുധനാഴ്ചത്തേക്കു മാറ്റണമെന്ന വൈദിക സമൂഹത്തിന്റെ അഭ്യർത്ഥന കാര്യകാരണസഹിതം പിതാവ് അംഗീകരിക്കുകയാണുണ്ടായത്. എറണാകുളം അതിരൂപതാതിർത്തിക്കുള്ളിൽ അഞ്ച് ലത്തീൻ രൂപതകളുണ്ട് – വരാപ്പുഴ, കൊച്ചി, ആലപ്പുഴ, കോട്ടപ്പുറം, വിജയപുരം. എറണാകുളം അതിരൂപതയിലെ നല്ലൊരു ശതമാനം ദേവാലയങ്ങൾക്കു സമീപം ഏതെങ്കിലും ലത്തീൻ രൂപതയിലെ ദേവാലയമുണ്ട്. അവിടത്തെ വിശ്വാസസമൂഹം ബുധനാഴ്ചയും എറണാകുളം അതിരൂപതയിലെ അംഗങ്ങൾ തിങ്കളാഴ്ചയും നോമ്പിന്റെ ബാഹ്യാടയാളമായി ചാരം പൂശുന്നത് അജപാലനപരമായ ബുദ്ധിമുട്ടുകൾക്കു കാരണമാകുന്ന ആശങ്കയാണ് ഈ ആചരണം ബുധനാഴ്ചയിലേക്കു മാറ്റാൻ ഇടയാക്കിയത്. അതേ സമയം, ഔദ്യോഗിക നോമ്പാചരണം തിങ്കളാഴ്ച തന്നെ ആരംഭിക്കുമെന്നും തന്മൂലം വിവാഹാഘോഷം തുടങ്ങിയവ അന്നുമുതൽ പാടില്ലെന്നും പിതാവ് നിഷ്ക്കർഷിക്കുകയും ചെയ്തു. ഇവിടെയും തത്വങ്ങളിൽ നിന്ന് വ്യതിചലിക്കാതെ, ആചാരാനുഷ്ഠാനങ്ങളിൽ ചില നീക്കുപോക്കുകൾ നടത്തുക മാത്രമാണ് അദ്ദേഹം ചെയ്തത്.

സീറോ മലബാർ ലിറ്റർജിയുടെ കാര്യത്തിൽ വർക്കി പിതാവിന്റെ നിലപാട് എന്തായിരുന്നുവെന്ന് ചോദിച്ചാൽ ഉത്തരം വ്യക്തമാണ്: പൗരസ്ത്യ സുറിയാനി ആരാധനാക്രമം അനുഷ്ഠിക്കുന്ന ഒരു സഭ; സാംസ്ക്കാരികാനുരൂപണത്തിനു വിധേയമായി ആധുനിക കാലഘട്ടത്തോട് സംവദിക്കാൻ കഴിയുന്ന രീതിയിൽ ആവശ്യകമായ നവീകരണം വരുത്താൻ സന്നദ്ധതയുള്ള ഒരു സഭ; ലിറ്റർജി മനുഷ്യനുവേണ്ടിയാണെന്ന അവബോധത്തോടെ മാറിവരുന്ന അജപാലനാവശ്യങ്ങളോട് ഉചിതമായ രീതിയിൽ പ്രതികരിക്കാൻ കഴിവുള്ള ഒരു സഭ; കാലാകാലങ്ങളിൽ നൽകപ്പെടുന്ന ആരാധാനക്രമ നിർദ്ദേശങ്ങൾ അനുസരണയോടെ സ്വീകരിച്ച് സ്നേഹത്തിലും ഐക്യത്തിലും യേശുവിന് സാക്ഷ്യം വഹിക്കുന്ന ഒരു സഭ. ■



www.malankaralibrary.com



# കർദ്ദിനാളിന്റെ കൈത്താങ്ങ്

ഫാ. സോണി മഞ്ഞളി
*വർക്കി പിതാവിന്റെ പേഴ്സണൽ സെക്രട്ടറി (2008-2011)*




സ്വന്തം പിതാവിനോടെന്നതിനേക്കാളും ഉപരി ശ്രദ്ധയോടും സ്നേഹത്തോടും കൂടെ മൂന്നു വർക്കാലം വർക്കി പിതാവിനെ ശുശ്രൂഷിച്ച സോണിയച്ചൻ ചില സ്വകാര്യ മുഹൂർത്തങ്ങൾ പങ്കുവയ്ക്കുന്നു.

കഴിഞ്ഞ വർഷത്തെ പെസഹാവ്യാഴാഴ്ച സാധാരണപോലെ ബസിലിക്കയിൽ കാലു കഴുകൽ ശുശ്രൂഷ നടത്താൻ പിതാവിന് സാധിച്ചില്ല. ക്ഷീണം ഉള്ളതുകൊണ്ട് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വിശ്രമിക്കുകയായിരുന്നു. അന്ന് ഞങ്ങളെ അടുത്തു വിളിച്ച് പിതാവ് പറഞ്ഞു. “നിങ്ങളുടെ കാലുകൾ എനിക്ക് കഴുകണം. കാരണം ഇന്ന് ഞാൻ കഴുകേണ്ടത് എന്നെ ശുശ്രൂഷിക്കുന്നവരുടെ കാലുകളാണ്”. ഡ്രൈവർ ചെറിയാൻ ചേട്ടനും, ഫിസിയോതെറാപ്പിസ്റ്റും, ഞാനുമായിരുന്നു പിതാവിന്റെ സമീപം നിന്നിരുന്നത്.

2008 ഫെബ്രുവരിയിലാണ് ഞാൻ പിതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയായി ചുമതലയേൽക്കുന്നത്. ഒരു മകനെപ്പോലെ പിതാവിന്റെ സ്നേഹവും, വാത്സല്യവും ഒരുപാട് അനുഭവിക്കാൻ സാധിച്ചിട്ടുണ്ട്. എന്റെ ജീവിത വിശുദ്ധീകരണത്തിന് പിതാവ് എനിക്കൊരു വലിയ മാതൃകയായിരുന്നു.

സന്ന്യാസ ജീവിതത്തിന്റെ വ്രതനിഷ്ഠയിൽ, പ്രാർത്ഥനാ ജീവിതത്തിന്റെ അടിത്തറയിൽ, സഭയ്ക്കും സമൂഹത്തിനും വേണ്ടി സമ്പൂർണ്ണമായി ജീവിതം സമർപ്പിക്കുകയായിരുന്നു വർക്കി പിതാവ്. പിതാവിന്റെ ജീവിതത്തിൽ എപ്പോഴും കൂടെകൊണ്ടുനടന്നിരുന്ന രണ്ട് കാര്യങ്ങളുണ്ട്. കഴുത്തിൽ എപ്പോഴും ധരിച്ചിരുന്ന കർമ്മല മാതാവിന്റെ ഉത്തിരീയവും, കൈയിൽ സൂക്ഷിച്ചിരുന്ന കൊന്തയും. അവസാന വർഷങ്ങളിലൊക്കെ പരിപാടികൾക്ക് അധികം പോകാതിരിക്കുമ്പോൾ ഒരുപാട് കൊന്തകൾ ചൊല്ലാനും, മാതാവിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുവാനും പിതാവ് സമയം കണ്ടെത്തിയിരുന്നു. പ്രാർത്ഥനയുടെ ശക്തി ശരിക്കും അറിയാവുന്ന പിതാവ് സീറോ-മലബാർ സഭയിലെ ആദ്യത്തെ കർമ്മലീത്ത മിണ്ടാമഠം മലയാറ്റൂരിൽ സ്ഥാപിക്കുകയും ചെയ്തു. ഭാരതത്തിന്റെ

www.malankaralibrary.com




മാനസാന്തരവും, സഭകളുടെ ഐക്യ വും, ഭാരതത്തിൽ ആദ്യമായി ക്രിസ് തുവിനെ അറിയിച്ച മാർത്തോമാശ്ലീ ഹായുടെ മാദ്ധ്യസ്ഥത്താൽ നടക്കു മെന്ന് പിതാവിന് ഉറപ്പായിരുന്നു.

''കർത്താവിനോടൊപ്പമിരിക്കു വാനാണ് ഞാൻ എപ്പോഴും ആഗ്രഹി ക്കുന്നത്. എന്നാൽ ദൈവത്തിന് നമ്മെ ക്കുറിച്ച് നിരവധി പദ്ധതികൾ ഉണ്ട്". 2009 നവംബർ 16-ാം തിയതി ഉണ്ടായ ഗുരുതരമായ ഹൃദയാഘാതത്തെ തുട ർന്ന് ആശുപത്രിയിൽ വിശ്രമിക്കുക യായിരുന്ന വർക്കി പിതാവ് അതേപ്പറ്റി സംസാരിച്ചതാണിത്.

വർക്കിപിതാവ് പല മീറ്റിംഗുക ളിലും ആവർത്തിച്ചിട്ടുള്ള ഒരു വാക്യ മുണ്ട്. 'അരമനയിൽ ഞങ്ങൾ മൂന്നു പിതാക്കന്മാരും ഒന്നായിരിക്കുന്നതു പോലെ നിങ്ങളും ഒന്നായിരിക്കുവിൻ' എന്ന്. കൂട്ടായ്മയുടെ വലിയ ഇടയ നായി സീറോ-മലബാർ സഭയിൽ വന്ന വർക്കി പിതാവ് കൂട്ടായ്മയിലു ള്ള ദൈവസാന്നിദ്ധ്യത്തെ ഒരുപാട് മനസ്സിലാക്കി യിരുന്നു. അരമനയിൽ തന്നെ പിതാവ് ഏറ്റവും കൂടുതൽ ആസ്വദിച്ചിരുന്നത് വൈകുന്നേരങ്ങളിലെ ഉല്ലാസത്തിന്റെ സമയമായി രുന്നു. അവിടെ പിതാവ് അധികം സംസാരിച്ചില്ലെ ങ്കിലും മറ്റുള്ളവർ പറയുന്നത് കേൾക്കാൻ വളരെ താല്പര്യം കാണിച്ചിരുന്നു.

വിശുദ്ധനാകണം, മറ്റുള്ളവരെ വിശുദ്ധിയിലേക്കാ നയിക്കണം ഇവയായിരുന്നു പിതാവിന്റെ ജീവിതാഭി ലാഷങ്ങൾ. ഒരു സിസ്റ്ററിന് വി. അൽഫോൻസാമ്മ യുടെ ചിത്രം ആലേഖനം ചെയ്ത നാണയം നൽകി ക്കൊണ്ട് പിതാവ് ചോദിച്ചു. "സിസ്റ്ററിന്റെ ചിത്രം ഇതുപോലെ എപ്പോൾ അടിച്ചുവരും?" ദൈവത്തിന്റെ ഹിതപ്രകാരം പിതാവ് തന്റെ ജീവിതത്തെ ക്രമപ്പെടു ത്തുകയായിരുന്നു.

ഏറെ സഹനങ്ങൾ ഏറ്റെടുത്ത ജീവിതമായിരുന്നു പിതാവിന്റേത്. ഹൃദയസംബന്ധമായ രോഗങ്ങളും, നടുവേദനയും ഒക്കെ അലട്ടുമ്പോഴും പിതാവ് പറ ഞ്ഞത് എന്റെ സഹനങ്ങൾ എല്ലാ സഭാമക്കൾക്കും വേണ്ടി കാഴ്ചവെക്കുന്നുവെന്നാണ്. അതോടൊപ്പം സഹന നിമിഷങ്ങളെ ശുദ്ധീകരണ വേദികളായി കാണാനും പിതാവിന് സാധിച്ചു.

കുട്ടികളെയും, യുവാക്കളെയും, അദ്ധ്യാപകരെയും ഒക്കെ കാണുമ്പോൾ തന്റെ വേദനകളും, ശാരീരിക അസ്വസ്ഥതകളും ഒക്കെ മറന്ന് അവരോടൊത്ത് അദ്ദേഹം സമയം ചിലവഴിക്കുമായിരുന്നു.

ഈ വർഷം ആദ്യം ഛാന്ദാ രൂപതയിലെ ഒരു അനാ ഥാലയത്തിൽ നിന്നും അമ്പത് കുട്ടികൾ പിതാവിനെ കാണാൻ വന്നു. 10 മിനിട്ടെന്ന് പറഞ്ഞ് തുടങ്ങിയ കണ്ടുമുട്ടൽ ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞിട്ടും തീർന്നില്ല. തന്റെ വേദനകളെ മറന്ന് അവരോടൊത്ത് സമയം ചിലവഴിക്കുകയായിരുന്നു പിതാവ്. പിതാ വിന്റെ മരണവാർത്തയറിഞ്ഞ് ആ കുട്ടികൾ കരഞ്ഞെ ന്ന് ആരോ പറഞ്ഞു.

വിശുദ്ധിയുടെ വഴികളിൽ വർക്കി പിതാവ് നമു ക്കോരോരുത്തർക്കും വഴിവെളിച്ചമായി നിലകൊ ള്ളുന്നു. ■

www.malankaralibrary.com



# മനസാക്ഷി സൂക്ഷിപ്പുകാരൻ

ഡോ. പോൾ തേലക്കാട്ട് / ജാസ്മിൻ ജേക്കബ്
*സീറോ-മലബാർ സഭയുടെ വക്താവ്,*
*സത്യദീപം (ഇംഗ്ലീഷ്) പത്രാധിപർ*

**വർക്കി പിതാവിന്റെ മനസ്സ് വായിക്കാനുള്ള ദിവ്യദൗത്യം കിട്ടയവനായിരുന്നു തേലക്കാട്ടച്ചൻ. പിതാവിന്റെ ഹൃദയവും മനസ്സും അനാവരണം ചെയ്യുന്ന സംഭാഷണശകലങ്ങൾ.**



■ **"തുറന്ന മനസ്സോടെ" (Straight from the Heart) എന്ന ഗ്രന്ഥം അച്ചൻ കർദ്ദിനാൾ പിതാവിനോട് ചോദിക്കുന്നതിനുള്ള ഉത്തരങ്ങളാണല്ലോ? അതിന്റെ പിന്നാമ്പുറ ചരിത്രം പറയാമോ?**

ഒരിക്കൽ പിതാവിനോട് ഞാൻ ചോദിച്ചു: "പിതാവേ, പിതാവ് ആത്മകഥ എഴുതുന്നുണ്ടോ?." "ഞാൻ അതൊന്നും എഴുതുന്നില്ല. എനിക്കതിന്റെ പ്രശസ്തിയും വേണ്ടാ"യെന്നായിരുന്നു മറുപടി. അപ്പോൾ ഞാൻ ചോദിച്ചു: "ഞാൻ ചില ചോദ്യങ്ങൾ ചോദിച്ചാൽ പിതാവ് അതിന് ഉത്തരം പറയാമോ?" "അതിനെനിക്കു വിരോധമില്ല. അച്ചൻ ശരിയാക്കിക്കോ" എന്ന് അനുവാദവും നൽകി. അങ്ങനെ ആ പുസ്തകത്തിന്റെ അണിയറ പ്രവർത്തനങ്ങൾ ആരംഭിച്ചു.

വർക്കി പിതാവും ഞാനും കൂടി ഒരാഴ്ച നീണ്ടുനിന്ന അഭിമുഖ സംഭാഷണത്തിന്റെ ഫലമാണ് 'Straight from the Heart'. അഭിമുഖത്തിന്റെ ചോദ്യങ്ങൾ നേരത്തെ പിതാവിന് തയ്യാറാക്കി കൊടുത്തിരുന്നു. പിതാവുമായുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് പകർത്തിയെഴുതിയാണ് പുസ്തകം തയ്യാറാക്കിയത്. പിതാവു തന്നെ എല്ലാ തിരുത്തലുകളും വരുത്തി എനിക്ക് തന്നു.

പുസ്തകരചനയിലെ ആദ്യഘട്ടത്തിരുത്തലുകൾ പൂർത്തിയാക്കി രണ്ടാമത് പിതാവിന് നൽകാനിരിക്കുന്ന സമയം. അപ്പോഴാണ് അൽഫോൻസാമ്മയുടെ നാമകരണത്തിനായി പിതാവ് റോമിൽ പോയത്.

അവിടെവച്ചാണ് പിതാവിന് ആദ്യമായി ഹൃദയസംബന്ധമായ പ്രശ്നം ഉണ്ടാകുന്നതും ആശുപത്രിയിൽ പ്രവേശിപ്പിച്ചതും. പിതാവിന്റെ ആരോഗ്യനിലയിലെ ഈ മാറ്റം എന്നിൽ വലിയൊരു ആശങ്ക പടർത്തി. കാരണം പിതാവ് പറയുന്ന കാര്യങ്ങൾ അദ്ദേ

www.malankaralibrary.com

ഹത്തിന്റെ മരണശേഷം ഞാൻ പ്രസിദ്ധീകരിച്ചാൽ അത് പ്രശ്നമാകും.

ഇതിനെക്കുറിച്ച് ഒരു സീറോമലബാർ ബിഷപ്പ് എന്നോട് പറഞ്ഞു: "അച്ചൻ പിതാവിനെക്കുറിച്ച് എഴുതുന്നുണ്ടെങ്കിൽ അത് കഴിയും വേഗം പിതാവ് ജീവിച്ചിരിക്കുമ്പോൾ തന്നെ പ്രസിദ്ധീകരിക്കണം". അതുകൊണ്ട് തുടർന്നുള്ള കാര്യങ്ങൾ വളരെ തിടുക്കത്തിലാണ് ചെയ്തത്. പിതാവിനെ പുസ്തകത്തിന്റെ പ്രൂഫ് രണ്ടുതവണ കാണിച്ചു. അതിനുശേഷം ഞാനതിന്റെ കോപ്പി സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രഗൽഭരായ മൂന്നു പേരുടെ കൈകളിൽ വിദഗ്ധാഭിപ്രായത്തിനായി കൊടുത്തു. അവരുടെ നിർദ്ദേശങ്ങൾ ഞാൻ പിതാവിനോട് പറഞ്ഞു. അതിൽ നിന്ന് അദ്ദേഹം സ്വീകരിച്ച നിർദ്ദേശങ്ങൾ മാത്രം ഉൾച്ചേർത്തു കൊണ്ടാണ് ആ പുസ്തകം പ്രസിദ്ധീകരിച്ചത്.

■ **ആ ഏഴ് ദിവസങ്ങളിലെ സംഭാഷണങ്ങളിൽ ഏറ്റവും കൂടുതൽ ജ്ഞാനം നിറഞ്ഞ മറുപടി ഏതായിരുന്നു?**

അദ്ദേഹത്തിന്റെ ഏറ്റവും ജ്ഞാനം നിറഞ്ഞ മറുപടി പുസ്തകത്തിന്റെ അവസാനഭാഗത്ത് പറഞ്ഞിരിക്കുന്നതാണ്. അതായത് ബുദ്ധിമാനായ മനുഷ്യൻ ആരാണെന്ന് ചോദിച്ചാൽ മരണത്തെക്കുറിച്ച് മനനം ചെയ്യുന്നവനും ജീവിതത്തെക്കുറിച്ച് വ്യഗ്രത പൂകുന്നവനുമാണ്. മരണത്തെക്കുറിച്ചുള്ള മനനം ജീവിതത്തിൽ അടിയന്തിരാവസ്ഥ സൃഷ്ടിക്കും. ആ അടിയന്തരാവസ്ഥയുടെ ജീവിതമാണ് പിതാവ് നയിച്ചത്. അതിനാൽ തന്നെ പിതാവിന് ദൈവത്തെ മാത്രമല്ലാതെ മറ്റാരെയും ഭയമില്ലായിരുന്നു. ഇതു തന്നെയാണ് ഞാൻ പിതാവിൽ കാണുന്ന മഹത്തായ കാര്യം. 'ദൈവഭയമെന്നത് വിജ്ഞാനത്തിന്റെ ആരംഭമാണെന്ന്' ബൈബിൾ പറയുന്നു. ആ വിജ്ഞാനത്തിന്റെ മകുടോദാഹരണമായിരുന്നു അദ്ദേഹം.

ദൈവത്തെ ഭയപ്പെടാതെ ബാക്കി എല്ലാവരേയും ഭയപ്പെടുന്ന രീതി അദ്ദേഹത്തിന് വശമില്ലായിരുന്നു. ദൈവത്തിൽ ശരണപ്പെട്ട് അവിടുത്തെ ഭയപ്പെടുന്നവർക്ക് ആരെയും ഭയപ്പെടേണ്ടതില്ല – ഇതാണ് പിതാവിന്റെ വാക്കുകളിൽ കണ്ട വിശുദ്ധമായ ഉൾക്കാഴ്ച.

■ **പുസ്തകമിറങ്ങിയപ്പോൾ തന്നെ അത് വിവാദമായിരുന്നു. പിതാവിനെക്കാൾ കൂടുതൽ രോഷത്തിനും എതിർപ്പിനും പാത്രമായത് തേലക്കാട്ടച്ചനായിരുന്നുവോ?**



പിതാവിന്റെ പുസ്തകം എഴുതിയതിൽ വലിയ ചാരിതാർത്ഥ്യം എനിക്കുണ്ട്. കാരണം അദ്ദേഹം ഒരു വിശുദ്ധനായ മനുഷ്യനായിരുന്നുവെന്നും നമ്മുടെയിടയിൽ വിശുദ്ധൻമാരുണ്ട് എന്നും ലോകത്തിനു കാട്ടിക്കൊടുക്കാൻ അതുവഴി എനിക്കു സാധിച്ചു.

അതിന്റെ ഫലമായി എനിക്കെതിരായി ആരോപണങ്ങൾ ഉണ്ടായി എന്നതിലല്ല എന്റെ സങ്കടം. പിതാവിനെ അത് വളരെയധികം വേദനിപ്പിച്ചിട്ടുണ്ടെന്ന് എനിക്കറിയാം. കാരണം എനിക്കെതിരെ വിവാദശരങ്ങൾ തൊടുത്തവരുടെ ലക്ഷ്യം ചിലപ്പോൾ പിതാവായിരിക്കും. പണ്ട് പറയാറില്ലേ 'പാർവ്വത്തിയാരെ കിട്ടിയില്ലെങ്കിൽ പാർവ്വത്തിയാരുടെ പട്ടിയെ തല്ലുക!'

എന്റെ ഏറ്റവും വലിയ ദുഃഖം പിതാവിന്റെ മാനസിക വേദനകളെക്കുറിച്ചായിരുന്നു. ഞാൻ പിതാവിന്റെ അന്ത്യദിനങ്ങൾ നേരിട്ടുകണ്ടയാളാണ്. പിതാവ് എന്നെ നിർബന്ധിച്ചാണ് അരമനയിൽ താമസിപ്പിച്ചത്. അവിടെ താമസിക്കുമ്പോൾ എനിക്ക് അദ്ദേഹത്തെ നോക്കി വായിക്കാമായിരുന്നു. പിതാവ് വളരെ ദുഃഖി

www.malankaralibrary.com

തനായി മരിച്ച മനുഷ്യനാണ്. അദ്ദേഹത്തിന്റെ ആത്മാവ് ശാന്തതയുടെ ആത്മാവായിരുന്നു. അദ്ദേഹം ദൈവവുമായി വളരെയേറെ അനുരഞ്ജനപ്പെട്ട് ജീവിച്ച മനുഷ്യനാണ്. പിന്നെ എന്തിന് അദ്ദേഹം ദുഃഖിച്ചു എന്നു ചോദിച്ചാൽ, പിതാവ് ഭരമേറ്റ സഭയുടെ ജീവിതത്തിൽ അദ്ദേഹം ആഗ്രഹിച്ചത് നടക്കാതെ പോയതിന്റെ ദുഃഖവും ആണ്. അങ്ങനെ ഒരു തരത്തിൽ പറഞ്ഞാൽ ഒറ്റപ്പെടലിന്റെ ജീവിതമായിരുന്നു പിതാവിന്റേത്. അധികാരവും സ്വാധീനവും സമൂഹത്തിൽ വലിയ പ്രശസ്തിയുമുള്ള ഒരു മനുഷ്യൻ എല്ലാവരിൽ നിന്ന് അകന്ന് ഏകാകിയായി മാറുന്ന അവസ്ഥ അദ്ദേഹത്തിനുള്ളതായി എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അവസാനകാലഘട്ടത്തിൽ അദ്ദേഹം വളരെ ദുഃഖിതനായിരുന്നു. ആ ദുഃഖത്തിന്റെ കാരണങ്ങൾ അദ്ദേഹത്തെ അടുത്തറിയുന്നവർക്ക് മനസ്സിലാകും.

പിതാവിന്റെ വിശുദ്ധി കേരളീയർ മനസ്സിലാക്കി. അത് സഭയിലുള്ളവർ എത്രമാത്രം മനസ്സിലാക്കിയെന്നതിൽ എനിക്ക് സംശയമുണ്ട്. എന്നാൽ പൊതുസമൂഹം അദ്ദേഹത്തെ മനസ്സിലാക്കി ആദരിച്ചു.

സീറോ മലങ്കര സഭയുടെ മേജർ ആർച്ചു ബിഷപ്പായ മാർ ക്ലീമിസ് പിതാവ് വർക്കിപിതാവിന്റെ കബറടക്കവേളയിൽ പറഞ്ഞയൊരു വാചകം – 'സെക്കുലർ സമൂഹത്തെ, പൊതുസമൂഹത്തെ ഇത്രയധികം സ്വാധീനിച്ച ഒരു പിതാവും സീറോ മലബാർ സഭയിൽ ഉണ്ടായിട്ടില്ല'. ഇത് വളരെ ഗൗരവമേറിയ പ്രസ്താവനയാണ്.

സീറോമലബാർ സഭയിലെ പ്രഗൽഭരായ പിതാക്കന്മാരുടെ പേരുകൾ പറയാൻ ആർക്കും സാധിക്കും. എന്റെ മനസ്സിൽ ആദ്യം വരുന്ന പേരുകളിലൊന്ന് കാവുകാട്ട് തിരുമേനിയുടേതാണ്. അദ്ദേഹവുമായി നേരിട്ട് പരിചയമില്ലെങ്കിലും അദ്ദേഹത്തിന്റെ വിശുദ്ധമായ ജീവിതചര്യകളെക്കുറിച്ചുള്ള കേട്ടറിവ് എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. അതേപോലെ തന്നെ, കേരളത്തിലെ ആദ്യത്തെ കർദ്ദിനാളായ പാറേക്കാട്ടിൽ പിതാവ്. ഭാരത സംസ്ക്കാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ, സഭയുടെ ഭാവിയെക്കുറിച്ചുള്ള ദർശനങ്ങൾ ഇതുകൊണ്ടൊക്കെ വളരെ പ്രശസ്തനായ ആളാണ്. മറ്റൊരു മഹത്‌വ്യക്തിയായിരുന്നു 'പാവങ്ങളുടെ പിതാവ്' എന്നറിയപ്പെടുന്ന കുണ്ടുകുളം പിതാവ്. പാറേക്കാട്ടിൽപിതാവുമായും കുണ്ടുകുളം പിതാവുമായും വ്യക്തിപരമായ അടുപ്പം എനിക്കുണ്ടായിരുന്നു. മലബാറിന്റെ മോസ്സസായ വള്ളോപ്പിള്ളി പിതാവും അവിസ്മരണീയനാണ്.

ഇവരിൽ നിന്നൊക്കെ ഭിന്നമായ വ്യക്തിത്വവും, തനിമയും വർക്കിപിതാവിനുണ്ടായിരുന്നു. ഈ കാലഘട്ടത്തിലെ മീഡിയയുടെ സ്വാധീനം അതിനൊരു കാരണമാകാം.

നമ്മുടെ പാരമ്പര്യത്തിൽ വൈദികർ വി.കുർബ്ബാനയ്ക്കിടെ വേദപുസ്തകം മുത്തുന്നവരാണ്. മൃതരായവരുടെ ശരീരത്തിലും നാം മുത്താറുണ്ട്. ഇതിന് വലിയ അർത്ഥമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ വർക്കി പിതാവിന്റെ ശവമഞ്ചത്തിൽ മുത്തിയപ്പോൾ വേദപുസ്തകം മുത്തിയതു പോലെ എനിക്ക് അനുഭവപ്പെട്ടു. പ്രാർത്ഥനാപുസ്തകത്തിൽ മാതാവിനെക്കുറിച്ച് മനോഹരമായ ഒരു ഗാനമുണ്ട്. അതിലെ ഒരു വരിയിങ്ങനെയാണ്: 'വചനം പാർത്തൊരു കൂടാരം'. ആ വിധത്തിൽ വർക്കി പിതാവ് വചനംപാർത്തൊരു കൂടാരമായി മാറി.

> പിതാവിന്റെ വിശുദ്ധി കേരളീയർ മനസ്സിലാക്കി. അത് സഭയിലുള്ളവർ എത്രമാത്രം മനസ്സിലാക്കിയെന്നതിൽ എനിക്ക് സംശയമുണ്ട്.

**■ പിതാവിന്റെ ഹൃദയവും മനസ്സും വായിക്കുകയും പുറം ലോകത്തിനായി അതിനെ ഭാഷാന്തരം ചെയ്യുകയും ചെയ്തവനായിരുന്നല്ലോ അച്ചൻ. ആ ദൗത്യത്തെ വിശദീകരിക്കാമോ?**

പിതാവ് എറണാകുളത്തുവന്നതിനു ശേഷമാണ് ഞാൻ അദ്ദേഹത്തെ അറിയുന്നത്. എന്നെ സംബന്ധിച്ചിടത്തോളം വിശുദ്ധി നിറഞ്ഞ നിർമ്മല മനസ്സാക്ഷിയും വൈരമില്ലാത്ത ഹൃദയവുമുള്ളൊരു മനുഷ്യനായിരുന്നു പിതാവ്. അതുപോലെ തന്നെ അദ്ദേഹം വളരെയേറെ തുറന്ന് സംസാരിക്കുകയും ആർജ്ജവത്തോടെ കാര്യങ്ങൾ സ്പഷ്ടമാക്കുകയും ചെയ്തി

www.malankaralibrary.com

രുന്ന വ്യക്തിയായിരുന്നു. അങ്ങനെയൊരു വ്യക്തിയെ ലോകത്തിനു മുൻപിൽ എഴുതി അറിയിക്കണം, അത് പ്രകാശനം ചെയ്യണം എന്നൊരാഗ്രഹം എന്നിൽ ഉട ലെടുത്തു. അദ്ദേഹത്തിന്റെ മനസ്സിനെയും ആത്മാവി നെയും വായിച്ച് തർജ്ജമ ചെയ്യാൻ ദീർഘകാലത്തെ പത്രപ്രവർത്തനപരിചയം എനിക്ക് പ്രേരണയായി.

അദ്ദേഹത്തിൽ നിന്നു ഞാനുൾക്കൊണ്ട ഏറ്റവും വലിയ പാഠം ജീവിതത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞ തായിരുന്നു: "ജീവിതം ഒരു യാത്രയാണ് - ദൈവത്തി ലേയ്ക്ക്. എന്നാൽ ക്രിസ്ത്യാനിയ്ക്ക് ദൈവത്തി ലേയ്ക്കുള്ള യാത്ര എന്റെ മുന്നിൽ നിൽക്കുന്ന മനുഷ്യനിലേയ്ക്കാണ്. അതൊരു തീർത്ഥാടനമാണ്." അതിനൊരു വിശദീകരണമായി അദ്ദേഹം ചൂണ്ടിക്കാ ണിച്ചത് സുവിശേഷത്തിലെ അന്ത്യവിധിയുടെ ഉപമ യായിരുന്നു. "എനിക്ക് വിശന്നു, നിങ്ങൾ ആഹാരം തന്നില്ല. എനിക്ക് ദാഹിച്ചു, നിങ്ങൾ എനിക്ക് കുടി ക്കാൻ തന്നില്ല. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചില്ല."


■ **സത്യം പറഞ്ഞതിന്റെ പേരിൽ വർക്കി പിതാവ് ഏറ്റവും കൂടുതൽ എതിർപ്പ് നേരിട്ട സംഭവം ഏതായിരുന്നു?**

എതിർപ്പ് നേരിട്ട ഒരുപാടനുഭവങ്ങൾ പിതാവിനു ണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ എടുത്തു കാണിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പിതാവ് ശുദ്ധമനഃസാക്ഷി യുള്ള ഒരു ക്രിസ്ത്യാനിയായിരുന്നു. താൻ പറയുന്നവ ദൈവത്തിനു മുൻപിൽ ശരിയാണോ എന്നതിനെ ക്കുറിച്ച് മാത്രമാണ് പിതാവ് ചിന്തിച്ചിരുന്നത്. അതിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ, വരും വരായ്കകൾ എന്നിവ ഒരു പരിധിയിൽ കൂടുതൽ പിതാവ് ചിന്തി ക്കാറില്ലായിരുന്നു.

നയതന്ത്രഭാഷ പിതാവിനറിയില്ലായിരുന്നു. അദ്ദേ ഹം ആർജ്ജവത്വത്തിന്റെ, മനുഷ്യബന്ധത്തിന്റെ ഭാഷ യ്ക്കായിരുന്നു പ്രധാന്യം നൽകിയിരുന്നത്. പിതാ വിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ഉള്ളു കാണി ക്കുന്ന വാതായനങ്ങളായിരുന്നു.

തനിക്കിഷ്ടമുള്ളവർക്കു മാത്രമല്ല വിമർശകർക്കു കൂടി അദ്ദേഹം തന്റെ മനസ്സിൽ ഇടം നല്കിയിരുന്നു. വിമർശകരെ മാറ്റിനിർത്തുന്ന മൗലികവാദി അല്ലായി രുന്നു പിതാവ്. പ്രതിപക്ഷത്തിന് ഇടം കൊടുക്കാത്ത വർ ദൈവത്തെ പുറത്താക്കുന്നു.

■ **പല അർത്ഥത്തിലും ഒരു 'outsider' ആയിട്ടാ യിരുന്നു വർക്കി പിതാവ് സീറോ മലബാർ സഭ യിലേക്ക്കടന്നുവന്നത്. പിതാവ് ആദ്യം വന്ന പ്പോഴുള്ള പ്രതികരണത്തെയും ഇപ്പോൾ കട ന്നുപോകുമ്പോൾ ഉണ്ടാകുന്ന പ്രതികരണ ത്തെയും ഒന്നു താരതമ്യം ചെയ്താൽ?**



www.malankaralibrary.com

പിതാവ് വന്നപ്പോൾ 'ആകാശത്തു നിന്ന് ഒരു വെള്ളിടി' പോലെയാണ് എല്ലാവരും അദ്ദേഹത്തെ കണ്ടത്.അദ്ദേഹത്തെ അധികമാരും അറിഞ്ഞിരുന്നില്ല. പുതുതായി ജനിച്ചയൊരാളെപ്പോലെയാണ്. സ്വീകരിക്കാതിരിക്കാൻ പറ്റില്ല.

ഒരു കാര്യം സത്യമാണ്. വർക്കിപിതാവ് ദൈവനിയോഗത്തോടെ വന്നതാണ്. നമ്മൾ തിരഞ്ഞെടുത്തതല്ലായിരിക്കാം. അത് ഏറ്റവും നല്ല നടപടിയായിരുന്നുവെന്നാണ് ഇക്കഴിഞ്ഞ ആഴ്ചകളിൽ മാധ്യമങ്ങളും ജനങ്ങളും ഏറ്റു പറഞ്ഞത്. അത് പിതാവിനു കൊടുത്ത ഏറ്റവും വലിയ ആദരവാണ്.

■ "എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്താനുള്ള ഇച്ഛാശക്തിയില്ലാത്തവൻ" എന്നൊരു വിമർശനം പിതാവ് ജീവിച്ചിരുന്നപ്പോൾ നേരിടേണ്ടി വന്നിട്ടുണ്ടല്ലോ. അതിനെ വിലയിരുത്താമോ?

പിതാവിന്റെ പ്രത്യേകത അനുസരിക്കാൻ മുമ്പനും, കൽപ്പിക്കാൻ പിമ്പനും ആയിരുന്നുവെന്നതാണ്. നിവർത്തിയുണ്ടെങ്കിൽ ആരെയും നിർബന്ധിപ്പിച്ച് ഒന്നും അദ്ദേഹം ചെയ്യിപ്പിക്കുകയില്ലായിരുന്നു. അധികാരത്തിന്റെ ദണ്ഡ് ഉപയോഗിക്കാൻ മനസില്ലാത്ത ശുദ്ധാത്മാവായിരുന്നു പിതാവ്. അതിന്റെ പേരിൽ അദ്ദേഹം ആഗ്രഹിച്ച കാര്യങ്ങൾ നടക്കാതെ പോയിട്ടുണ്ടാവാം. അതിനുള്ള ദുഃഖവും അദ്ദേഹത്തിനുണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ അധികാരം പോലീസിന്റെയോ പട്ടാളത്തിന്റെയോ അധികാരമല്ലായിരുന്നു. മറിച്ച് ലോലമായ ശബ്ദമായിരുന്നു. ആരെയും ചവിട്ടിത്താഴ്ത്തി വിജയിക്കാൻ അദ്ദേഹം ശ്രമിച്ചില്ല. അതിനാൽ ആ പരാജയങ്ങൾ അദ്ദേഹത്തെ ധന്യനാക്കുന്നു.

■ കടന്നുപോയത് വിശുദ്ധനും, വിജ്ഞാനിയുമായിരുന്നല്ലോ? എങ്കിൽ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ ഏറ്റവും വലിയ വെല്ലുവിളി എന്തായിരിക്കും?

ഇതിനെക്കുറിച്ച് പറയാൻ ഞാൻ അശക്തനാണ്. കാരണം അടുത്ത മേജർ ആർച്ചുബിഷപ്പിനെ തിരഞ്ഞെടുക്കേണ്ടത് നമ്മുടെ വിവേകികളും, വിശുദ്ധരുമായ 46 മെത്രാന്മാരാണല്ലോ? ദൈവത്തിന്റെ നിയോഗം ആർക്കെന്ന് തിരിച്ചറിയാനുള്ള വിവേചിക്കലാണ് അവർ അടുത്തമാസങ്ങളിൽ നടത്തേണ്ടത്. അത് ദൈവഹിതത്തിന് വിധേയമായി ചെയ്യും എന്നാണ് എന്റെ പ്രതീക്ഷ.

സഭയുടെ അടുത്ത അദ്ധ്യക്ഷനെ തിരഞ്ഞെടുക്കാൻ പക്വതയും പാകതയും പാരമ്പര്യവുമുള്ള സഭയാണ് സീറോമലബാർ സഭയെന്ന് തെളിയിക്കേണ്ട മുഹൂർത്തമാണിത്. അവിടെ സ്വാർത്ഥതക്കും സഭാപരമായ രാഷ്ട്രീയ ചരടു നീക്കങ്ങൾക്കും അതീതമായി ചിന്തിക്കാൻ നമ്മുടെ പിതാക്കന്മാർക്ക് കഴിയുമെന്ന ഉറച്ച വിശ്വാസം എനിക്കുണ്ട്.

■ കർദ്ദിനാൾ പിതാവിന്റെ ഏറ്റവും വലിയ സംഭാവന?

ഒറ്റ കാര്യമേയുള്ളൂ. നിർമ്മലമായ ഹൃദയവും ആർജ്ജവമായ ഭാഷയും.

■ അച്ചനോടുള്ള പിതാവിന്റെ സ്നേഹം പുറത്തേയ്ക്ക് പ്രകടിപ്പിച്ച അവസരം?

പിതാവിനെക്കുറിച്ചുള്ള പുസ്തകം പ്രകാശനം ചെയ്ത വേളയിൽ സ്റ്റേജിൽ വച്ച് എന്നെ കെട്ടിപ്പിടിച്ച മുഹൂർത്തമുണ്ട്. പിതാവ് അധികം സംസാരിക്കില്ല. പക്ഷേ, അദ്ദേഹത്തിന്റെ നോട്ടത്തിൽ പറയാനുള്ളതെല്ലാം ഉണ്ടാകുമായിരുന്നു. സഭയുടെ പി.ആർ.ഒ ആയി നിയമിതനായതിനുശേഷം ഞാൻ അദ്ദേഹത്തോട് കൺസൾട്ട് ചെയ്തതിനുശേഷമേ ഏതൊരു അഭിപ്രായ പ്രകടനവും നടത്തിയിട്ടുള്ളൂ. അദ്ദേഹം ഇവിടെ ഇല്ലാത്തപ്പോഴും അസുഖം വന്നപ്പോഴും മാത്രമാണ് അതിന് മുടക്കം വന്നിട്ടുള്ളത്. സഭയിൽ ഞാൻ ഏറ്റവും ആശ്രയിച്ചതും പിതാവിനെയായിരുന്നു. ആ വിധത്തിൽ ഒരു പിതൃതുല്യ ബന്ധം എനിക്ക് പിതാവിനോടുണ്ട്.

■ സഭയെക്കുറിച്ചുള്ള പിതാവിന്റെ ഏറ്റവും വലിയ ദുഃഖം എന്തായിരുന്നു?

സഭയിൽ ഐക്യം പൂർണ്ണമായിട്ടില്ല എന്നൊരു ദുഃഖം അദ്ദേഹത്തിന് ബാക്കി നിന്നിരുന്നു. ഏറ്റവും ശക്തമായ വേദന സീറോമലബാർ സഭ കേരളത്തിൽ മാത്രം തളയ്ക്കപ്പെട്ടുകിടക്കുന്നു എന്നതായിരുന്നു. അത് എറണാകുളത്തെ പിതാക്കന്മാർ റോമിന് പോകുന്നതിന് മുൻപ് നടത്തിയ വിടവാങ്ങൽ സംസാരത്തിൽ പ്രകടമായിരുന്നു. പതിനഞ്ച് മിനിട്ട് നീണ്ടുനിന്ന അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ നിഴലിച്ചുവന്നത് ഇക്കാര്യമാണ്. ഇത്രയേറെ ശക്തവും, ആൾബലവുമുള്ള സീറോമലബാർ സഭയ്ക്ക് അർഹമായ നീതി ലഭിക്കുന്നില്ലയെന്ന അപാരമായ ദുഃഖം പിതാവിനെ അലട്ടിയിരുന്നു. ■

www.malankaralibrary.com



# സംവാദത്തിന്റെ അപ്പസ്തോലൻ

ഡോ. കെ.എസ്. രാധാകൃഷ്ണൻ
*മുൻ വൈസ് ചാൻസലർ, കാലടി സർവ്വകലാശാല*



ദിവംഗതനായ കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ ദീപ്തസ്മരണകൾ പിതാവിന്റെ സുഹൃത്തും തികഞ്ഞ ഗാന്ധിയനും കാലടി സർവ്വകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ. കെ.എസ്. രാധാകൃഷ്ണനുമായുള്ള അഭിമുഖത്തെ ആസ്പദമാക്കി തയ്യാറാക്കിയത്.

മാർ വർക്കി വിതയത്തിൽ കർദ്ദിനാളായി നിയമിതനായ സമയത്താണ് ഞാൻ അദ്ദേഹത്തെക്കുറിച്ച് ആദ്യമായി കേൾക്കുന്നത്. കൊച്ചി നഗരത്തിലെ ഒരു ശരാശരി പൗരൻ എന്ന നിലയിൽ പിതാവിനെ പരിചയപ്പെടാൻ എനിക്ക് അതിയായ താൽപര്യമുണ്ടായിരുന്നു. മാത്രവുമല്ല, അക്കാലത്ത് ഞാൻ സഭയുടെ മുഖപത്രമായ സത്യദീപത്തിൽ 'സമീക്ഷ' എന്നൊരു കോളം എഴുതിയിരുന്നു. സഭാസംബന്ധിയായ ഒരു പത്രത്തിലെ കോളമെഴുത്തുകാരൻ എന്ന നിലയിൽ വർക്കി പിതാവിനെ കാണാനും പരിചയപ്പെടാനുമുള്ള അവസരം എനിക്കുണ്ടായി. അങ്ങനെയാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി പരിചയപ്പെടുന്നത്. എന്നാൽ അന്നൊന്നും എനിക്ക് അദ്ദേഹത്തിന്റെ ബൗദ്ധികമായ Commitment വായിച്ചെടുക്കാൻ കഴിഞ്ഞിരുന്നില്ല. അത് ഞാൻ മനസ്സിലാക്കിയത് ഒരു യോഗത്തിൽ വെച്ചാണ്.

മഹാത്മാഗാന്ധിയുടെ തിരഞ്ഞെടുത്ത കൃതികൾ (Selected works) അഞ്ചുവാല്യങ്ങളായി 'നവജീവൻ' ഇറക്കുകയുണ്ടായി. അതിന്റെ മലയാള പരിഭാഷ 'പൂർണ്ണോദയ ബുക്സ്' പ്രസിദ്ധീകരിച്ചു. ആ ഗ്രന്ഥം പ്രകാശനം ചെയ്യാൻ ഒരാൾ വേണമെന്നതിനെക്കുറിച്ച് ചർച്ചവന്നപ്പോൾ ഞാൻ പിതാവിന്റെ പേര് നിർദ്ദേശിച്ചു. ഞങ്ങളുടെ അഭ്യർത്ഥന അദ്ദേഹം സന്തോഷത്തോടെ സ്വീകരിച്ചു. അങ്ങനെ എറണാകുളം ആശിർഭവനിൽ വച്ചു നടന്ന പുസ്തകപ്രകാശന ചടങ്ങിൽ മഹാത്മാഗാന്ധിയുടെ ആത്മീയ പ്രഭാവത്തെക്കുറിച്ച് പിതാവ് സംസാരിച്ചു. സത്യം, അഹിംസ എന്നീ രണ്ട് ഗുണങ്ങളെ വികസിപ്പിക്കുന്നതിൽ ഗാന്ധിജിയ്ക്ക് തുണയായിത്തീർന്നത് അദ്ദേഹത്തിന്റെ വ്യക്തമായ ആത്മീയകാഴ്ചപ്പാടുകളാണെന്നതിനെക്കുറിച്ചും അത്രദീർഘമല്ലെങ്കിലും സാമാന്യം 20 മിനിട്ട് ദൈർഘ്യമുള്ള അടുക്കും, ചിട്ടയുമാർന്ന പ്രസംഗത്തിൽ അദ്ദേഹം പ്രതിപാദിച്ചു. അതെന്നെ അദ്ദേഹത്തിലേയ്ക്ക് കൂടുതൽ അടുപ്പിച്ചു.

വിതയത്തിൽ പിതാവ് സംവാദങ്ങളുടെ മനുഷ്യനായിരുന്നു. തുറന്ന സമീപനം അദ്ദേഹത്തെ കേരള

www.malankaralibrary.com



ത്തിന്റെ പൊതുസമൂഹത്തിന് പ്രിയങ്കരനാക്കി ത്തീർത്തു.

അദ്ദേഹത്തോടും, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങളോടും വിയോജിക്കുന്നവരുമായി സംവാദിക്കുവാനുള്ള വലിയ മനസിനുടമയായിരുന്നു പിതാവ്. വിയോജിക്കുന്നവർക്കായി സംവാദത്തിനുള്ള ഒരു വാതിൽ അദ്ദേഹം തുറന്നിട്ടിരുന്നു. അദ്ദേഹം അവരോടൊക്കെ യോജിക്കുന്നു എന്നല്ല അതിനർത്ഥം. 'നിങ്ങളോട് ഞാൻ വിയോജിക്കുമ്പോൾ പോലും എനിക്ക് നിങ്ങളോട് ചിലത് പറയുവാനുണ്ട്. നിങ്ങൾ പറയുന്ന ചിലകാര്യങ്ങളോട് എനിക്ക് താൽപര്യമുണ്ട്. പിതാവിന്റെ ഈ സമീപനം എന്നെ വളരെയധികം സ്വാധീനിച്ചു. അത്തരമൊരു 'തുറന്ന മനസ്ഥിതി' അദ്ദേഹത്തിന്റെ നേതൃത്വമണ്ഡലത്തെ വലിയൊരളവ് സഹായിച്ചിട്ടുണ്ട്.

ഒപ്പം വരുന്നവരേയും, വരാത്തവരേയും കേൾക്കുവാനും അറിയുവാനുമുള്ള സന്നദ്ധത അഥവാ തുറവി ആണ് ഒരു നേതാവിനത്യാവശ്യമെന്ന് അദ്ദേഹം വെളിവാക്കി.

വർക്കി പിതാവ് ലളിത ജീവിതം നയിച്ചിരുന്ന ഒരാളായിരുന്നു. അടിസ്ഥാന പരമായി പിതാവ് ഒരു സന്ന്യാസജീവിതം നയിച്ച ഒരാളാണ്. ആ സന്ന്യാസ ജീവിതത്തിനിടയിലാണ് അദ്ദേഹത്തിന് സഭാനേതൃത്വം ഏറ്റെടുക്കേണ്ടിവന്നത്. സന്ന്യാസ ജീവിതം നയിച്ചിരുന്ന പിതാവിന് ലാളിത്യമൊരു മുതൽക്കൂട്ടായിരുന്നു. അത് അദ്ദേഹമെഴുതുന്ന ഭാഷയിലുണ്ടായിരുന്നു. ആ ഭാഷയിലൂടെ അദ്ദേഹം സംവദിക്കുന്ന ആശയങ്ങളിൽ ഉണ്ടായിരുന്നു. തീർച്ചയായും ലാളിത്യം അദ്ദേഹത്തിന്റെ ജീവിത മുഖമുദ്രയായിരുന്നു. വികൃതമായ രീതിയിൽ അദ്ദേഹം ഭാഷ ഉപയോഗിച്ചിരുന്നില്ല. പിതാവിന്റെ സംഭാഷണ ശൈലിയിലുള്ള പുസ്തകത്തിന് നൽകിയിരിക്കുന്ന പേരും അതിനാൽ എനിക്ക് ഇഷ്ടമാണ്. 'Straight from the Heart' എന്ന ആ ഗ്രന്ഥം നേരിട്ട് തുറന്ന് പറയുന്ന ശൈലിയിലാണ്. ഭാഷയെ സുതാര്യമാക്കിത്തീർക്കുകയെന്ന ദൗത്യം ഏറ്റെടുത്തിട്ടുള്ള ഒരു വ്യക്തിയായിട്ടാണ് എനിക്ക് പിതാവിനെ തോന്നിയിട്ടുള്ളത്. അതുതന്നെയാണ് ഒരു യാഥാർത്ഥ ക്രൈസ്തവന്റെ ജീവിതലക്ഷ്യമായി എനിക്ക് തോന്നുന്നത്. കാരണം ക്രിസ്തുദേവൻ ബൈബിളിൽ ഭാഷയെക്കുറിച്ച് പറയുന്ന ഒരു ഭാഗമുണ്ട്. അതിലെ പ്രധാനപ്പെട്ടൊരു വാചകം ഇപ്രകാരമാണ്. 'ലോക സ്ഥാപനം മുതൽ നിഗൂഢമായത് വെളിവാക്കുന്നതിനുവേണ്ടി അവൻ ഉപമകളിലൂടെ വായ്തുറന്നു'.

ഭാഷയുടെ ലക്ഷ്യം വെളിവാക്കുകയെന്നതാകുമ്പോൾ ഭാഷ ലളിതമായിത്തീരണം. ഈ ലാളിത്യം അദ്ദേഹത്തിന്റെ എല്ലാ സമീപനങ്ങളിലും കാണുവാൻ കഴിയും. ആഡംബരങ്ങൾ ഒന്നും അദ്ദേഹത്തിന് വേണ്ടായിരുന്നു. അവയ്ക്കു പിറകേ അദ്ദേഹം പോയിരുന്നില്ല. അത് ഞാൻ അദ്ദേഹവുമായി അടുത്തു കഴിഞ്ഞപ്പോൾ എനിക്ക് ബോധ്യമായതാണ്.

www.malankaralibrary.com

എവിടെ കണ്ടുകഴിഞ്ഞാലും വളരെ ഹൃദ്യമായി ഏയ്, രാധാകൃഷ്ണാ എന്നു വിളിക്കും. രാധാകൃഷ്ണായെന്ന ആ വിളിയിൽ ഒരു കാരണവരുടെ സ്നേഹവും വാത്സല്യവുമൊക്കെ തുളുമ്പിയിരുന്നു. അദ്ദേഹം അമിതഭാഷിണിയായ ഒരാളായിരുന്നില്ല. വാക്കിലും അദ്ദേഹത്തിന് വളരെയധികം പിശുക്കുള്ളതായിട്ട് എനിക്ക് തോന്നിയിട്ടുണ്ട്. പക്ഷേ ഉള്ള സംഭാഷണങ്ങൾ വളരെ ഹൃദ്യമായിരുന്നു.

ആത്മീയനേതൃത്വം ബഹളമയമാക്കുന്ന രീതി പിതാവിന് അന്യമായിരുന്നു. അത് അദ്ദേഹത്തിന്റെ ലാളിത്യത്തിൽ നിന്നുരുത്തിരിഞ്ഞതാണ്. ബഹളമുണ്ടാക്കി 'കെട്ടുകാഴ്ച'യായി ഭക്തിയെ മാറ്റുന്ന സമ്പ്രദായം ഇന്ന് കേരളത്തിലുണ്ട്. ഇത്രയേറെ ബഹുസ്വര മതവിഭാഗങ്ങൾ ഒരുമിച്ച് വസിക്കുന്ന ഒരുപ്രദേശം കേരളത്തിലെന്നപോലെ ലോകത്ത് മറ്റെവിടെയും കാണില്ല. മതങ്ങളെല്ലാം വലിയ ആർഭാടത്തിലാണ് നാൾക്കുനാൾ വളർന്നുവരുന്നത്. ആരാധനാലയങ്ങളുടെ വലിപ്പം വർദ്ധിപ്പിക്കാനുള്ള മത്സരം മതങ്ങൾ തമ്മിൽ പ്രകടമായി അരങ്ങേറുന്നു.

എന്റെ ചെറുപ്പകാലത്തൊന്നും ഇന്നത്തെപ്പോലെ ഇത്രയേറെ ഭക്തജനപ്രവാഹം ഒരു ദേവാലയത്തിലും ഞാൻ കണ്ടിട്ടില്ല. ഭക്തജനങ്ങൾക്കും, ആരാധനാലയങ്ങൾക്കും കുറവില്ലാത്ത നമ്മുടെ സംസ്ഥാനത്ത് സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങൾ മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ മദ്യപാനം, ആത്മഹത്യ, സ്ത്രീപീഡനം, കള്ളവാർത്തകൾ എന്നിവ അരങ്ങേറുന്നത് ഇവിടെയാണ്.

ഇവയെല്ലാം സൂക്ഷ്മമായി നിരീക്ഷിച്ചിരുന്ന ഒരാളായിരുന്നു വർക്കിപിതാവ് എന്നെനിക്ക് തോന്നിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അദ്ദേഹം ഈ കെട്ടുകാഴ്ചയുടെ ഭാഗമായിരുന്നില്ല. അത് അദ്ദേഹത്തിന് അസ്വീകാര്യമായിരുന്നു. സന്ന്യാസജീവിതത്തിൽ പരിശീലനം ലഭിച്ച് പുറത്തിറങ്ങിയ അദ്ദേഹത്തിന് ഇത്തരം 'കെട്ടുകാഴ്ച'സമ്പ്രദായങ്ങളോട് പൊരുത്തപ്പെടാൻ പ്രയാസമായിരുന്നു എന്നാണ് എന്റെ അനുഭവം.

ഭാരതത്തിലെ ഏറ്റവും വലിയ ഹൈന്ദവ ആഘോഷമായ കുംഭമേളയിൽ വർക്കിപിതാവ് പങ്കെടുത്ത് പ്രസംഗിച്ചിരുന്നു. ഇതര മത-രാഷ്ട്രീയ-സാംസ്കാരിക നേതാക്കളുമായും പിതാവിന് നല്ല ബന്ധമുണ്ടായിരുന്നു.

ഇതരമതങ്ങളോടെന്നപോലെ കമ്മ്യൂണിസ്റ്റുകാരോടും അദ്ദേഹം സംവദിക്കുമായിരുന്നു. കമ്മ്യൂണിസത്തിന്റെ അടിസ്ഥാന ആശയത്തിൽ സഭ യോജിക്കുന്നുവെന്ന് സധൈര്യം പറഞ്ഞയാളാണ് പിതാവ്. അങ്ങനെ അദ്ദേഹം പറഞ്ഞത് കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളോട് പൂർണ്ണ യോജിപ്പുള്ളതുകൊണ്ടല്ല. കമ്മ്യൂണിസ്റ്റ് സിദ്ധാന്തവും അതിന്റെ പ്രയോഗങ്ങളും എടുത്തുകാണിക്കുന്ന ഒരു സുപ്രധാനകാര്യം സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന, ഏറ്റവും ദരിദ്രരായ

> എവിടെ കണ്ടുകഴിഞ്ഞാലും വളരെ ഹൃദ്യമായി ഏയ്, രാധാകൃഷ്ണാ എന്നു വിളിക്കും. രാധാകൃഷ്ണായെന്ന ആ വിളിയിൽ ഒരു കാരണവരുടെ സ്നേഹവും വാത്സല്യവുമൊക്കെ തുളുമ്പിയിരുന്നു.

മനുഷ്യരുടെ ഉയർച്ചയാണ്. അത് സഭയുടെയും ലക്ഷ്യമാണ്.

അതുപോലെ കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് കടുത്ത എതിർപ്പും അദ്ദേഹത്തിനുണ്ടായിരുന്നു. 'ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നുവെന്ന സദാചാര നിലപാടിനെ അദ്ദേഹം രൂക്ഷമായി വിമർശിച്ചിരുന്നു. 'Straight from the Heart' എന്ന പുസ്തകത്തിൽ പിതാവ് പറഞ്ഞിരിക്കുന്നത് കമ്മ്യൂണിസത്തിൽ 'ജനാധിപത്യ'മില്ല എന്നാണ്. കമ്മ്യൂണിസം പ്രചാരത്തിലിരിക്കുന്നിടങ്ങളിൽ മാവോയേയും സ്റ്റാലിനേയും പോലുള്ള സ്വേച്ഛാധിപതികൾ ഉയർന്നതിനെക്കുറിച്ചുള്ള സന്ദേഹവും അദ്ദേഹത്തിനുണ്ടായിരുന്നു.

ഇതരമതങ്ങളോട്, രാഷ്ട്രീയ പാർട്ടികളോട്, ആശയങ്ങളോട് അദ്ദേഹം സംവദിച്ചിട്ടുണ്ട്. ഇൻഡ്യപോലുള്ള ബഹുസ്വര രാഷ്ട്രത്തിൽ അത് അത്യാവശ്യമാണ്. ജനാധിപത്യത്തിന്റെ മാർഗ്ഗം സംഹാരമല്ല, സംവാദമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. യോജിക്കുന്നവരോട്

www.malankaralibrary.com

മാത്രം സംവദിക്കുക എന്നൊരു ശീലം പിതാവിനി ല്ലായിരുന്നു.

റോഡ്പണിയ്ക്കായി വഴിയരികുകളിലെ ചാപ്പലുകൾ പൊളിച്ചുമാറ്റുന്നതിനും അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. പൊതുനന്മയ്ക്കുവേണ്ടിയുള്ള പിതാവിന്റെ പ്രവർത്തനങ്ങൾ എല്ലാ ആത്മീയ നേതാക്കളും മാതൃകയാക്കേണ്ടതാണ്.

വഴിയരികുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവങ്ങളെ 'പെരുവഴി ദൈവങ്ങൾ' എന്നാണ് ഞാൻ വിശേഷിപ്പിക്കുന്നത്. മലയാളികളുടെ ഇപ്പോഴത്തെ ശീലമാണ് ഏതെങ്കിലും ഒരു വഴിയോരത്ത് ഒരു കുരിശുപള്ളി പണിയുക, അല്ലെങ്കിൽ ഏതെങ്കിലും ഒരു മത ചിഹ്നം സ്ഥാപിക്കുകയെന്നത്. അവ അതുവഴി പോകുന്ന ജനങ്ങൾക്ക് ഗുണത്തെക്കാൾ ബുദ്ധിമുട്ടി നിടയാക്കും.

> 'പണം മേടിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചു കൊടുക്കണമെന്ന്' അദ്ദേഹം ആവശ്യപ്പെട്ടു. അതൊരു ധീരമായ നിലപാടായിരുന്നു.

വർക്കി പിതാവ് 'പെരുവഴി ദൈവങ്ങളെ' പ്രോത്സാഹിപ്പിച്ചിരുന്നില്ല. ജനങ്ങളുടെ സൗകര്യത്തിനായി അവ മാറ്റിസ്ഥാപിച്ചാൽ ഒരപകടവും ഉണ്ടാവില്ല എന്നൊരു സമീപനം ഉണ്ടായിരുന്ന വ്യക്തിയായിരുന്നു പിതാവ്. അത് അദ്ദേഹത്തിന്റെ തുറന്ന സമീപനം എടുത്തുകാട്ടുന്നു.

എക്കാലത്തെയും പോലെ പിതാവിന്റെ നേതൃത്വകാലത്തും സഭയ്ക്കെതിരെ ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ പിതാവ് എടുത്തിരുന്ന നിലപാടുകൾ സുതാര്യമായിരുന്നു.

വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളിലാണ് പിതാവ് കർശന നിലപാടെടുത്തത്. കത്തോലിക്കാ സഭയുടെ ഏറ്റവും വലിയ സംഭാവന വിദ്യാഭ്യാസ രംഗത്താണ്. അത് എല്ലാവരും പറയുന്ന ഒരു കാര്യമാണ്. കേരളത്തിൽ ജാതി വിദ്യാലയങ്ങളും, മത വിദ്യാലയങ്ങളും നിലനിന്നിരുന്ന കാലത്ത് പൊതു വിദ്യാഭ്യാസം ക്രൈസ്തവസഭ ജനകീയമാക്കി. 1864ൽ അന്നത്തെ വികാരി ജനറാളായിരുന്ന ചാവറകുര്യാക്കോസ് ഏലിയാസച്ചനാണ് അതിന് കാരണഭൂതനായത്.

എന്നാൽ ഇടക്കാലത്തുവച്ച് അവയ്ക്കെല്ലാം ശോഭകെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ സഭാസ്ഥാപനങ്ങളിൽ നടമാടി. പണം സ്വീകരിച്ചുകൊണ്ട് നിയമനം നടത്തുന്ന സമ്പ്രദായം നിലവിൽ വന്നു. കത്തോലിക്കാ സഭാസ്ഥാപനങ്ങൾ മാത്രമായിരുന്നില്ല അങ്ങനെ ചെയ്തിരുന്നതും ചെയ്തുകൊണ്ടിരിക്കുന്നതും. എയ്ഡഡ് മേഖലകളിൽ പോലും അധ്യാപക വിദ്യാർത്ഥി പ്രവേശനത്തിനായി പണം വാങ്ങിയിരുന്നു. അത് തീർത്തും നിയമ വിരുദ്ധവും ക്രമിനൽ കുറ്റവുമാണ്.

യോഗ്യതമാത്രം നോക്കി നിയമനം നടത്തിയിരുന്ന രീതി സഭാ സ്ഥാപനങ്ങളിൽ മാറി. സേവനത്തിനു പകരം ധനാധിപത്യം വിദ്യാഭ്യാസരംഗത്ത് പെരുകിയപ്പോൾ പിതാവ് ശക്തമായ നിലപാട് സ്വീകരിച്ചു. 'പണം മേടിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചു കൊടുക്കണമെന്ന്' അദ്ദേഹം ആവശ്യപ്പെട്ടു. അതൊരു ധീരമായ നിലപാടായിരുന്നു. നിഷ്പക്ഷമായ തീരുമാനങ്ങളും, നിലപാടുകളുമായിരുന്നു അദ്ദേഹത്തെ വ്യത്യസ്തനാക്കിയിരുന്നത്.

മരണം ഒരു സ്വാഭാവിക പ്രക്രിയയാണ്. അതിനെ മാറ്റിനിർത്താൻ നമുക്കാവില്ലല്ലോ. പക്ഷേ മരണം പ്രദാനം ചെയ്യുന്നത് വലിയൊരു ശൂന്യത അഥവാ വിടവാണ്. ആ ശൂന്യത എങ്ങനെ നികത്തുന്നുവെന്നതാണ് പ്രധാനം. കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ അസാന്നിധ്യം മറികടക്കുന്നതെങ്ങനെയെന്നത് വളരെ ഗൗരവമേറിയ വിഷയമാണ്. ഒരു ബഹുസ്വരതാസമൂഹത്തിൽ അത് പൊതുസമൂഹത്തെ മുഴുവൻ ബാധിക്കുന്നു.

വളരെ സൗമ്യവും ദീപ്തവും മറ്റുള്ളവരോട് സംവാദത്തിന് സദാ താൽപര്യവുമുള്ള പിതാവിന്റെ സാന്നിധ്യം പെട്ടെന്ന് ഇല്ലാതായി. അതിനെ സമചിത്തതയോടെ അഭിമുഖീകരിച്ച് ആ ശൂന്യത നാം നികത്തേണ്ടിയിരിക്കുന്നു. അദ്ദേഹത്തെക്കുറിച്ചുള്ള ജ്വലിക്കുന്ന സ്മരണകൾ മാത്രമാണ് ഇനി നമുക്കുള്ളത്. ■

www.malankaralibrary.com



# ബ്രൂട്ടസേ നീയും

പ്രൊഫ. തോമസ് പാറയ്ക്കൽ

അടുത്തയിടയ്ക്ക് പ്രസിദ്ധീകൃതമായ മൂന്ന് കവിതകളെ പരിചയപ്പെടുത്തുകയാണ്. സന്ധ്യ വി. സതീഷിന്റെ 'മനുഷ്യദൈവങ്ങൾ' നീലമ്പേരൂർ മധുസൂദനൻ നായരുടെ 'ഒടുക്കം തുടക്കം' ജിജി കെ. ഫിലിപ്പിന്റെ 'മാവും ബ്രൂട്ടസ്സും' എന്നിവയാണവ.

ജീവിതങ്ങളെ ലഹരിയാക്കുന്ന മനുഷ്യ ദൈവങ്ങളെ അന്വേഷിച്ചിറങ്ങാനും അവരെ ആരാധനയുടെ കണ്ണുകളോടെ കാണാനും കഴിയുന്ന ഇന്നിന്റെ ദുര്യോഗം ചിത്രണം ചെയ്യുന്ന കവിതയാണ് ഭാഷാപോഷിണി മാർച്ച് ലക്കത്തിലെ 'മനുഷ്യ ദൈവങ്ങൾ'(സന്ധ്യ വി. സതീഷ്). പുതുമ– അന്വേഷണം–കണ്ടുപിടിത്തം എന്നൊരു സമവാക്യമാണ് മനുഷ്യദൈവസൃഷ്ടിയിലും കൂടിയിരിക്കുന്നതെന്ന നിരീക്ഷണം അർത്ഥപൂർണ്ണമാണ്.

*"പുതുമകളെ അന്വേഷിച്ചുള്ള*
*പാച്ചിലാണ്, മനുഷ്യന്റെ എല്ലാ*
*കണ്ടുപിടിത്തങ്ങൾക്കും പുറകിൽ"*

എന്ന് കാവ്യാരംഭം.

പച്ചമാംസം തിന്നുമടുത്ത ആദ്യമനുഷ്യൻ തീ കണ്ടുപിടിച്ചു. നാടോടിമടുത്തവൻ ഓല കെട്ടി പാർത്തു. നടന്നുനടന്നു മുഷിഞ്ഞപ്പോൾ വാഹനം കണ്ടുപിടിച്ചു.

*"എന്നും പ്രാർത്ഥിക്കാൻ*
*ഒരേ കൃഷ്ണനും യേശുവും അള്ളായും*
*അങ്ങനെ ദൈവത്തെയും മടുത്തു."*

പ്രാർത്ഥനയും ദൈവവും മുഷിച്ചിലായപ്പോൾ ആരോപറഞ്ഞു കേട്ടു തെക്കേ ദിക്കിൽ തുള്ളുന്ന ഒരു ആൾ ദൈവം ഉണ്ടെന്ന്. ഫലമോ? വടക്കുള്ളവരും കിഴക്കുള്ളവരും പടിഞ്ഞാറുള്ളവരും തെക്കോട്ട് പാഞ്ഞു. ഓടിയെത്തിയവർ അത്ഭുതപരതന്ത്രരായി. കിരീടം ചൂടി വശീകരണ ഭസ്മം പൂശി ആൾ ദൈവമിരിക്കുന്നു.

*"പുലിത്തോലിൽ കൺകണ്ട ദൈവം*
*ആദ്യം ചെന്നപ്പോൾ വെള്ളിക്കിരീടം*
*പിന്നെയോ സ്വർണ്ണം*
*അതിനുശേഷം മിന്നുന്ന വജ്രം".*

ആൾവരവിനനുസരിച്ച് നടവരവുമായി. ആൾ ദൈവത്തിന്റെ കിരീടം വെള്ളിയിൽനിന്ന് വജ്രത്തിലെത്തി. എത്തിച്ചേർന്നവരുടെ സാക്ഷ്യത്തിൽ വിശ്വസിച്ച് പിന്നെയും പിന്നെയും ജനങ്ങൾ വന്നു. ശിഷ്യ ഗണങ്ങൾ രൂപപ്പെട്ടു.

*"കൃഷ്ണനെ കള്ളനെന്നോ*
*ചതിയനെന്നോ വിളിക്കാം*
*പക്ഷേ ഇക്കാല ദൈവങ്ങളെ*
*എന്തെങ്കിലും പറഞ്ഞാൽ ജീവൻ പോയതുതന്നെ".*

ആൾദൈവത്തിന്റെ സന്നദ്ധസംഘം കൊട്ടിപ്പാടി തിമിർക്കുന്നു. അവിടെ നേരുകൾ നുണയാകുന്നു. നുണകൾ നേരും. ആൾദൈവപെരുമയിൽ നിന്ന് മോചനമില്ല.


*"മാധവന്റെ കാലം കഴിഞ്ഞപ്പോൾ*
*നിത്യാനന്ദന്റെ കാലം"*

നാം ജീവിക്കുന്ന കാലത്തിൽ ആൾദൈവത്തിൽ നിന്ന് മുക്തിയില്ല. അതിനാൽ സന്ധ്യയുടെ വിരാമക്കുറിയിൽ കൗതുകം കൊള്ളാം.

*"കാലങ്ങൾ കൂവിപോകുവല്ലേ*
*ഇനിയാരെന്ന് കാത്തിരുന്നു കാണുക തന്നെ".*

എന്തിനെയും ഏതിനെയും കാണാനും കേൾക്കാനും അനുഭവിക്കാനും ഒരുങ്ങിയിരിക്കുക എന്നതുമാത്രം കരണീയം.

www.malankaralibrary.com




ആദിയിൽ അന്തവും അന്ത്യത്തിൽ ആദിയും ദർശിക്കുന്ന കവിതയാണ് നീലമ്പേരൂർ മധുസൂദനൻ നായരുടെ 'ഒടുക്കം തുടക്കം' (കലാകൗമുദി ലക്കം 1851).

*"തുടക്കം ഒടുക്കമല്ലിതു തുടക്കമെന്നു ഞാ-*
*നടക്കം നിൻ കാതിൽ പകർന്നതോർക്കുക".*

മൂന്ന് ഹ്രസ്വഭാഗങ്ങളുള്ള ഒന്നാം ഭാഗത്ത് ജീവിതയാത്രയിൽ കയ്യിൽ കരുതിയവ വരുംതലമുറയ്ക്ക് എങ്ങനെ ഉതകി എന്ന് വെളിപ്പെടുത്തുന്നു. മിച്ചമിരുന്ന തിനവിത്തു തുണിക്കിഴിയിലാക്കി എടുത്തത് വളരെ നന്നായി. വിളവിറക്കാവയലുകളിൽ നാം വിതച്ചവ.

*"കതിരിടും നേരം പിറകേയെത്തുവോർ-*
*ക്കതു താനായിടാം നമുക്കുള്ള ദാനം"*

ജീവിതം കൊടുക്കാനുള്ളതാണ്. ജീവൻ കൊടുത്തുകൊണ്ട് ജീവിതം ധന്യമാക്കുന്നതിന്റെ നിർവൃതി അനൽപ്പമത്രേ.

യാത്രാവേളയിൽ കൈയിൽ കരുതിയചെറുകുടത്തിലെ വെള്ളവും ഉപകാരപ്രദമായി. വഴിയരുകിൽ തളർന്നു നിൽക്കുന്ന അരയാലിന്റെ തലയും ചോടും വെള്ളം പകർന്നിത്തിരി നനയ്ക്കാനായി.

*"വെറുതെയാകില്ല, വരും കാലിമിതു*
*വെയിൽ ചൂടിൽ നിന്നുമഭയം നൽകിടാം"*

നാം നടുന്നമരങ്ങളും വൃക്ഷച്ചുവട്ടിൽ ഒഴിച്ച വെള്ളവും നാളെയുടെ തണലായി രൂപപ്പെടും. കരുതലിന്റെയും കൊടുക്കലിന്റെയും പടർന്ന് പന്തലിച്ച അവസ്ഥയിൽ ആനന്ദം കൊള്ളുകയാണ് കവിമനം.

ജനമനസ്സിൽ ഒടുക്ക തുടക്കങ്ങൾ സമന്വയിപ്പിക്കണമെന്ന തീവ്രാഭിലാഷമാണ് ഈ കവിതയുടെ ജീവൻ.

കവിതയുടെ അവസാന വരികൾ ഇങ്ങനെ യാണ്.

*"ഒടുക്കമായ് പുറത്തൊരു സായന്തനം*
*തുടക്കമായകത്തൊരു ചന്ദ്രോദയം".*

മനുഷ്യന്റെ നന്ദിയില്ലായ്മയിൽ പ്രകൃതിയും നൊമ്പരപ്പെടുന്നവളാണ്. വീടിന്റെ മുറ്റത്ത് ഓമനയായി വളർന്നിരുന്ന മാവിന്റെ നൊമ്പരം മുറ്റിയ വിലാപമാണ് 'മാവും ബ്രൂട്ടസ്സും' (കലാകൗമുദി 1852) എന്ന കവിത. ജിജി കെ. ഫിലിപ്പിന്റെ കവിത 'നീയും ബ്രൂട്ടസേ' എന്ന മൊഴികളെ അനുസ്മരിപ്പിക്കുന്നവയാണ്. മനുഷ്യവാസഗൃഹങ്ങളോട് ചേർന്നാണ് കേരളത്തിൽ മാവുകൾ നട്ടുപിടിപ്പിക്കുന്നത്. വളർന്ന് ഫലം ചൂടിനിൽക്കുന്ന മാവ് ഗൃഹാതുരത്വം നിറയ്ക്കുന്ന യാഥാർത്ഥ്യമാണ് കേരളീയന്. മാവിന്റെ വിലാപം ആരംഭിക്കുന്നതിങ്ങനെ:

*"തണലും കുളിരും തന്നിട്ടുണ്ടാവോളം*
*നീയിറക്കിവെച്ച മുഷിഞ്ഞ*
*ദുഃഖങ്ങളിൽ സാന്ത്വനം പകർന്നിട്ടുണ്ട്."*

നിന്റെ മക്കൾക്കുവേണ്ടി മാമ്പൂവും മാമ്പഴവും നൽകി. എന്റെ ശിഖരങ്ങളിൽ ഊഞ്ഞാൽ കെട്ടിയാടി നിന്റെ മക്കൾ. നിന്റെ വീടിന് പകലിരവുകളിൽ ഞാൻ കാവലാളായി. മഴയിൽ ഞാൻ നിനക്ക് കുടയായി വെയിലിൽ ഞാൻ നിനക്ക് കുളിരായി. നിന്റെ ഉറക്കമില്ലാത്ത രാത്രികളിൽ നിന്നോടൊപ്പം പുലരിയിലേക്ക് നടന്നവളാണ് ഞാൻ.

*"കലി പൂണ്ടു വന്ന കാറ്റിനെ*
*പറഞ്ഞു നിറുത്തീട്ടുണ്ടു നിന്റെ വീട്ടിലേക്ക്.*
*വഴിതെറ്റി വന്ന മൂർഖനെ വഴിമാറ്റി വിട്ടിട്ടുണ്ട്.*
*പ്രാണനൊടുക്കാൻ തുടങ്ങിയ നിന്റെ പെങ്ങളെ*
*ശാഖിയൊടിച്ച് രക്ഷിച്ചിട്ടുണ്ട്..."*

നിനക്കും നിന്റെ കുടുംബത്തിനും മക്കൾക്കുമായി ജീവിച്ചതിന്റെ ആത്മ നിർവൃതിയിലാണ് മാവ്. നിന്റെ കുഞ്ഞിന്റെ ജീവൻ എടുക്കാൻ വിധം പാഞ്ഞ തെങ്ങിനെ ഒറ്റയ്ക്ക് താങ്ങി നിറുത്തിയതും മാവാണ്. ഇങ്ങനെ എണ്ണിയെണ്ണി പറഞ്ഞ് നൊമ്പരപ്പെടുന്ന മാവിന്റെ ദുഃഖം കാവ്യരൂപത്തിൽ വെളിപ്പെടുന്നു.

*"എങ്കിലും എന്റെ പ്രാണനെ ഒരു പഴയ*
*ബൈക്കിനായ് നീ ബലികൊടുത്തല്ലോ സഖേ".*

വീടിന് തണലായി, വീട്ടുകാർക്ക് താങ്ങായി, നിന്ന മാവിനെ വെട്ടിവിറ്റ് ബൈക്ക് വാങ്ങിയ നൃശംസതയിൽ മാവിന് വിലപിക്കുകയല്ലാതെ മറ്റെന്താവും. 'നീയും ബ്രൂട്ടസേ' എന്നു പ്രകൃതി മൊഴിയാതെ മൊഴിയുന്നു.■

www.malankaralibrary.com



# കഥയിലെ സാമൂഹികഭാവനകൾ

പ്രൊഫ. മാത്യു താഴത്തേൽ

രണ്ട് കഥകളെയാണ് ഇത്തവണ പരിചയപ്പെടുത്തുന്നത്. സി. ഗണേഷിന്റെ 'വാളെടുത്തവർ', സി. രഘുനാഥിന്റെ 'മാലിന്യം' എന്നിവയാണ് ഈ മാസത്തെ കഥകൾ.

നവോത്ഥാനകാലത്ത് രചിക്കപ്പെട്ട കഥകൾ സമൂഹത്തിന്റെ നേർപ്രതിഫലനങ്ങളായിരുന്നു. സമൂഹത്തിനു നേരെ പിടിച്ച കണ്ണാടി എന്ന് അക്കാലത്തെ ചെറുകഥകളെ വിശേഷിപ്പിച്ചിട്ടുണ്ട്. പിന്നീട് വ്യക്തിപരതയ്ക്കും അബോധമനസ്സിനുമൊക്കെ പ്രാധാന്യം നൽകിയ കഥകളാണ് രചിയ്ക്കപ്പെട്ടത്.

ഇന്നത്തെ ചെറുകഥാകൃത്തുകളും സമൂഹത്തെ അതേപടി പ്രതിഫലിപ്പിക്കുവാനല്ല ശ്രമിക്കുന്നത്. സാമൂഹികയാഥാർത്ഥ്യങ്ങളെക്കുറിച്ച് ജാഗ്രതയാർന്ന മനസ്സോടെ ഇന്നത്തെ കഥാകാരന്മാർ ധ്യാനിക്കുന്നുണ്ട്. അവർ സാമൂഹ്യയാഥാർത്ഥ്യങ്ങളെ അപനിർമ്മിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്നു. യാഥാർത്ഥ്യത്തെ പൊളിച്ചടുക്കി, പുതിയ യാഥാർത്ഥ്യമാക്കി, നവാനുഭവമാക്കി വായനക്കാരനു സമ്മാനിക്കുന്നു.

സി. ഗണേഷ് എഴുതിയ 'വാളെടുത്തവർ' എന്ന ചെറുകഥ സാമൂഹ്യയാഥാർത്ഥ്യങ്ങളിൽ നിന്ന് സംസ്ക്കരിച്ചെടുത്ത നൂതനമായ ഒരു ഭാവനയാണ് ആവിഷ്ക്കരിക്കുന്നത് (മാർച്ച് 2011– ഭാഷാപോഷിണി).

കത്തി ഷാജി എന്ന പേരിൽ അറിയപ്പെടുന്ന ക്വട്ടേഷൻ ഗുണ്ട കന്യാകുമാരിയിൽ ഒളിവിൽ താമസിക്കുന്ന വിക്രമിനെ ഫോണിൽ വിളിക്കുന്നു. ഏതോ ആക്ഷന് വേണ്ടിയാവും വിളിച്ചതെന്ന് വിക്രം കരുതി. ആരേയും വെട്ടാനും കുത്താനുമല്ല ഒരു യാത്രപോവാനാണ് വിളിച്ചതെന്ന് കത്തി ഷാജി പറഞ്ഞു. പത്തുപതിനഞ്ചുപേർക്കിരിക്കാവുന്ന വലിയൊരു വാഹനത്തിലാണ് ഷാജി എത്തിയത്. പാട്ട്, സിനിമ തുടങ്ങി എല്ലാ ആഡംബരങ്ങളും വാഹനത്തിലുണ്ട്. തിരുവനന്തപുരം സ്റ്റാച്യു ജംഗ്ഷനിൽ നിന്ന് ഒരു തടിയൻ കൈകാണിച്ചു. അത് കമ്പിപ്പാര രവിയായിരുന്നു. മോഷണം നടത്തിയശേഷം ഗൃഹനാഥനെ കമ്പിപ്പാരയ്ക്ക് അടിച്ച് കൊന്നശേഷം കമ്പിപ്പാര ക്ലോസറ്റിൽ ഉപേക്ഷിക്കുന്ന ഗുണ്ടയാണ് കമ്പിപ്പാര രവി.

വണ്ടി കൊല്ലത്തെത്തി. കൊല്ലാക്കൊല നസീർ എന്ന ഗുണ്ട വണ്ടിയിൽ കയറി. ബോളിവുഡിലെ ഒരു താരത്തെപ്പോലെ ഗ്ലാമറായിരുന്നു നസീറിന്. കോട്ടയത്തെത്തിയപ്പോൾ മദ്യറാണി ഫാത്തിമാബീവി വണ്ടിയിൽ കയറി. പൊറോട്ടയും ചപ്പാത്തിയും ചിക്കനുമൊക്കെ വാങ്ങിത്തിന്ന് യാത്ര തുടർന്നു. വണ്ടി ആലപ്പുഴയിലെത്തിയപ്പോൾ ബ്ലേഡ് മത്തായി വണ്ടിയിൽ കയറി. എറണാകുളത്തു നിന്ന് കരടി ബൈജുവും ചാലക്കുടിയിൽ നിന്ന് ക്വട്ടേഷൻ ജാക്കിയും വണ്ടിയിൽ കയറി. മദ്യലഹരിയിൽ വണ്ടിക്കകത്ത് എല്ലാവരും നൃത്തം വച്ചു. തൃശൂർ ശക്തൻ സ്റ്റാൻഡിന്റെ അടുത്തുനിന്നും ചങ്ങല ഈനാശുവും മോനായിയും പാലക്കാട്ടുനിന്ന് തൊരപ്പൻ മണികണ്ഠനും ഒപ്പം ചേർന്നു. ബോംബ് ഇബ്രാഹീം മലപ്പുറത്തു നിന്നും കയറി. പാമ്പ് രാജു കോഴിക്കോട്ടു നിന്നും കയറി. കണ്ണൂരിൽ നിന്നും ആക്സിൽ പത്രോസും കാസർകോട്ടു നിന്ന് പന്തം കൊളുത്തി ഇയ്യുണ്ണിയും വണ്ടിയിൽ കയറി.

വണ്ടി ഒരു പൂന്തോട്ടത്തിനടുത്തു നിർത്തി. ക്രിമിനലുകൾ ഓരോരുത്തരും ഓരോ പൂക്കളെ തലോടി. പൂന്തോട്ടത്തിൽ വളർന്ന പുല്ലുകൾ ചിലർ

www.malankaralibrary.com




പറിച്ചു കളഞ്ഞു. തൊരപ്പൻ മണികണ്ഠൻ തൊരന്ന് വാട്ടർ പൈപ്പ് ലൈൻ കണ്ടുപിടിച്ചു. പൂന്തോട്ടത്തിൽ മഴ പെയ്ത പ്രതീതി. കത്തി രാജു എല്ലാവരേയും വണ്ടിയിലേയ്ക്ക് തിരികെവിളിച്ചു. പലരുടെയും കയ്യിൽ പൂക്കൾ. ഓരോ സ്ഥലത്തുനിന്നും കയറിയവർ അതാതു സ്ഥലങ്ങളിൽ ഇറങ്ങി – കയ്യിൽ പൂക്കളുമായി അവസാനം വണ്ടിയിൽ നിന്ന് ഇറങ്ങിയ വിക്രമിന് കത്തിരാജു മന്ദാരപ്പൂവെടുത്തു നീട്ടി. ഒരു തോക്ക് സ്വീകരിക്കുന്നതുപോലെ അവൻ അതു സ്വീകരിച്ചു.

സാമൂഹിക യാഥാർത്ഥ്യത്തെ മുൻനിർത്തിയുള്ള വിചിത്രഭാവനയാണ് ഈ കഥ. ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. ഇന്ന് ദൈവത്തിന്റെ എന്നതിനു പകരം പലതും ചേർത്തു പറയാറുണ്ട് മലയാളികൾ. ചില വാർത്തകളിൽ വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്ന ക്വട്ടേഷൻ ഗുണ്ടകൾ അരാജകത്വം സൃഷ്ടിക്കുന്നത് നാം ഭീതിയോടെ മനസ്സിലാക്കുന്നു. തിരുവനന്തപുരം തുടങ്ങി കാസർകോഡുവരെയുള്ള ഗുണ്ടകൾ ഈ കഥയിൽ കഥാപാത്രങ്ങളാകുന്നു. കേരളം ഗുണ്ടകളുടെ സ്വന്തം നാട് എന്ന നിലയിലായിത്തീരുന്നു. കേരളത്തിലെ വർദ്ധിച്ചവരുന്ന അരാജകത്വഭീതിയെ സമർത്ഥമായി ആവിഷ്ക്കരിക്കുകയാണ് ഈ കഥ.

മാലിന്യസംസ്ക്കരണം കേരളം നേരിടുന്ന ഏറ്റവും വലിയ ഒരു പാരിസ്ഥിതിക പ്രശ്നമാണ്. മനുഷ്യർ തിങ്ങിപ്പാർക്കുന്ന നഗരത്തിൽ വിശേഷിച്ചും. നമ്മുടെ വികസന അജണ്ടകളിൽ പലപ്പോഴും മാനില്യസംസ്ക്കരണം എന്ന ചിന്ത കടന്നുവരുന്നില്ല. മലയാളം വാരികയിൽ സി. രഘുനാഥ് എഴുതിയ 'മാലിന്യം' എന്ന കഥ മാലിന്യങ്ങളുടെ പട്ടികയിലേയ്ക്ക് മനുഷ്യൻ കൂടി തള്ളപ്പെടുന്നു എന്ന യാഥാർത്ഥ്യത്തെ ആവിഷ്ക്കരിക്കുന്നു (2011 മാർച്ച് 11).

സർക്കാർ ഗുമസ്തനായി ഗോപിനാഥന് നിയമനം ലഭിച്ചത് നഗരത്തിലായിരുന്നു. വളരെ അന്വേഷിച്ച് നഗരത്തിൽ ഒരു വാടകവീട് ഗോപിനാഥൻ കണ്ടെത്തി താമസംതുടങ്ങി. വീടിനടുത്ത് നഗരസഭയുടെ മാലിന്യസംഭരണി സ്ഥാപിച്ചത് ഗോപിനാഥൻ കണ്ടു. മേയറിനെ നേരിൽ കണ്ട് ഗോപിനാഥൻ സംസാരിച്ചു. 'ഒരു ദിവസം ഒരാൾ രണ്ട് കിലോയോളം മാലിന്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഒരു കുടുംബം ദിവസം ആറുകിലോയോളം മാലിന്യങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നഗരത്തിലെ ജനസംഖ്യ ആറുലക്ഷത്തോളമാണ്...' തുടങ്ങിയ നിരവധി വിശദീകരണങ്ങളാണ് മേയർ നടത്തിയത്. നിങ്ങൾ താമസിക്കുന്ന വീട് പൊളിച്ച് പുതിയത് പണിയാൻ ഉടമ അനുമതി തേടിയിട്ടുണ്ടെന്നും മേയർ ഓർമ്മിപ്പിച്ചു. ഗോപിനാഥൻ തിരികെ പോന്നു. പിറ്റേന്നു പുതിയ വാടക വീട് അന്വേഷിച്ചിറങ്ങുമ്പോൾ പാൽ വിതരണക്കാരൻ കുപ്പുസ്വാമിയുടെ അലമുറയിട്ട കരച്ചിൽ കേട്ട് ഗോപിനാഥൻ അങ്ങോട്ടു ചെന്നു. മാലിന്യസംഭരണിയിൽ ആസന്ന മരണനായ ഒരു മനുഷ്യനേയും കൂടി തള്ളിയിരിക്കുന്നു. 'തല്ലല്ലേ മക്കളേ' എന്നയാൾ വിലപിക്കുന്നു.

വികസനത്തിന്റെ പാതയിൽ അതിവേഗം സഞ്ചരിക്കുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് ജീവകാരുണ്യമാണ്. യന്ത്ര സംസ്ക്കാരം പിടിമുറുക്കുന്ന നവനാഗരികതയ്ക്കു നേരേയുള്ള പ്രതിഷേധം കൂടിയാണ് ഈ കഥ. ഉപയോഗമില്ലാത്തതിനെ വലിച്ചെറിയുക എന്ന കാഴ്ചപ്പാടാണ് ഉപഭോഗസംസ്ക്കാരം നമുക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ഉപയോഗം കുറയുന്ന മനുഷ്യൻ മാലിന്യമായി കരുതപ്പെടുന്ന കാലത്തെക്കുറിച്ചുള്ള ആശങ്കയാണ് ഈ കഥ പങ്കുവയ്ക്കുന്നത്. ■

www.malankaralibrary.com




# വായിക്കാനും സമ്മാനിക്കാനും

## കാരുണികൻ (വചനബോധിയോടൊപ്പം)

വാർഷിക വരിസംഖ്യ : Rs. 250/-
ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും
മതപഠനാധ്യാപകർക്കും: Rs. 150/-

വൈദികർ വരിസംഖ്യയ്ക്കു പകരം 5 കുർബാന നിയോഗം (കത്തയയ്ക്കുക)
സർക്കുലേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ബന്ധപ്പെടുക:

**ഫാ. തോമസ് കുഴിയടിച്ചിറ**
**Mobile: 9495439106**

---

**വിലാസം:** എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ. എറണാകുളം - 682 015 ഫോൺ : 0484 - 2665233 ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com website: www.karunikan.com

www.malankaralibrary.com



# ചക്കയിട്ടാൽ മുയൽ ചാകുമോ?

മനുഷ്യപുത്രൻ

ഒരു പ്രാവശ്യം ചക്കയിട്ടപ്പോൾ മുയൽ ചത്തു. രണ്ടാമത് ചക്കയിട്ടപ്പോഴും മുയൽ ചത്തു. മൂന്നാമത് ചക്കയിട്ടപ്പോഴും മുയൽ ചത്തു. എന്നുവച്ച് ചക്കയിടുമ്പോഴെല്ലാം മുയൽ ചാകുമെന്ന് കരുതരുത്. കാരണം ചത്ത മുയലിന്റെ മേലായിരുന്നു പിന്നെയും പിന്നെയും ചക്ക വീണുകൊണ്ടിരുന്നത്. യുക്തിസഹമായ ഈ നർമത്തിന്റെ ഉപജ്ഞാതാവ് സാക്ഷാൽ കെ.എം. മാണിയാണ്.

ഈ തിരഞ്ഞെടുപ്പ് പ്രചരണത്തിലെ ക്രൗഡ് പുള്ളർ (crowd puller) വി.എസ് അച്യുതാനന്ദനാണെന്നാണ് റിപ്പോർട്ട്. 2006ലും അത് തന്നെയായിരുന്ന അവസ്ഥയെന്നു ഓർക്കണം. അന്നും വി.എസ് ചെന്നിടത്തെല്ലാം ആൾക്കൂട്ടമായിരുന്നു. പോരാ, അദ്ദേഹത്തിന് രാജകീയ സ്വീകരണമായിരുന്നു.

2006ൽ വി.എസിന് വീരപരിവേഷം കിട്ടാൻ പല കാരണങ്ങളുണ്ടായിരുന്നു. പ്രതിപക്ഷ നേതാവായിരുന്നപ്പോൾ വി.എസ്സ് വളർത്തിയെടുത്ത സമരമുഖങ്ങളായിരുന്നു അതിൽ പ്രധാനം. പിന്നീട് അദ്ദേഹത്തിന് അസംബ്ലി സീറ്റ് നിഷേധിക്കപ്പെട്ടപ്പോൾ ഒരു രക്തസാക്ഷിയുടെ പരിവേഷം കൂടി അദ്ദേഹത്തിന് ലഭിച്ചു. അതിനെ തുടർന്നാണ് ഇടതുപക്ഷം തിരഞ്ഞെടുപ്പ് തൂത്തുവാരിയത്.

ചത്ത മുയലിന്റെ കാര്യം ആരു മറന്നാലും മുയലിറച്ചിയുടെ രുചി അനുഭവിച്ചവർ മറക്കില്ലല്ലോ. അതുകൊണ്ടുതന്നെ ചക്കയിടാനുള്ള സർവ്വ ക്രമീകരണവും പാർട്ടി ഇത്തവണയും ചിട്ടയോടെ നടത്തി. വി.എസ്സിന് സീറ്റു നിഷേധിക്കപ്പെട്ടു; അതിനെ തുടർന്ന് ജനകീയ പ്രതിഷേധം കേരളത്തിലാകമാനം ആഞ്ഞടിച്ചു (പഴയതിന്റെ ശക്തിയും സ്വാഭാവികതയും ഇത്തവണ ഇല്ലായിരുന്നുവെന്നത് സത്യം). തത്ഫലമായി തിരഞ്ഞെടുപ്പിൽ വി.എസ്സിന് സീറ്റു നൽകി.

അവിടം കൊണ്ടും തീർന്നില്ല കാര്യങ്ങൾ. പ്രചരണ യോഗങ്ങളിൽ വി.എസ്സ് പഴയ മുദ്രാവാക്യങ്ങൾ പൊടിതട്ടിയെടുത്തു ഉരുവിട്ടു-പെൺവാണിഭക്കാരെ കൈയ്യാമം വച്ച് തെരുവിലൂടെ നടത്തും; അഴിമതിക്കാരെ തുറങ്കിലടക്കും, കൈയ്യേറ്റക്കാരെ ഒഴുപ്പിക്കും...

കേട്ടു നിന്നവർക്കൊക്കെ ഒരു സംശയം: അല്ലാ, കഴിഞ്ഞ അഞ്ചുവർഷം ഇദ്ദേഹം എന്തെടുക്കുകയായിരുന്നു? ശുദ്ധമനസ്സനായ ഏ.കെ ആന്റണിയാണ് സംശയം ഉറക്കെ പ്രകടിപ്പിച്ചത്. "ഇയാളെന്താ കുംഭകർണ്ണ സേവ ചെയ്യുകയായിരുന്നോ കഴിഞ്ഞ അഞ്ചുവർഷം?"

അഞ്ചുവർഷക്കാലം കേരളത്തിന്റെ സർവ്വാധികാരിയായി ഇരുന്നിട്ടാണ് ഇപ്പോൾ വീണ്ടും പഴയ പല്ലവി ആവർത്തിക്കുന്നത്. അഞ്ചുവർഷം ഭരിച്ചിട്ടും പെൺവാണിഭക്കാരും അഴിമതിക്കാരും ഭൂമാഫിയാക്കാരും നാട്ടിൽ കളിച്ചുല്ലസിച്ചു തിമിർക്കുകയാണെന്ന് സാരം. അഞ്ചു വർഷം ഭരിച്ചിട്ടും ഇവരെയൊന്നും കൽത്തുറങ്കിലടക്കാൻ വി.എസ്സിന് കഴിഞ്ഞില്ലെന്ന് വി.എസ്സ് തന്നെ സമ്മതിക്കുന്നു എന്നർത്ഥം.

എന്നാലും പ്രതീക്ഷ മുയൽ ചാകുമെന്നു തന്നെയാണ്. പ്രതീക്ഷ ഫലിക്കട്ടെയെന്ന് നമുക്കും ആശംസിക്കാം. എന്നാലും മാണി സാർ പറഞ്ഞത് മറക്കണ്ട-ചത്ത മുയലിന്റെ മേലായിരിക്കും ഇത്തവണ ചക്ക വീഴുക; 'ചത്ത' സംസ്ഥാന ഭരണത്തിന്റെ മേൽ!

**പിൻകുറിപ്പ്**

കഴിഞ്ഞ 25 വർഷത്തിനുള്ളിലെ ഏറ്റവും കനത്ത പോളിങ്ങാണ് ഇത്തവണയെന്നാണ് റിപ്പോർട്ട്-75 ശതമാനം. ഏപ്രിൽ 14 ആയപ്പോൾ ഒരു ഉത്സവം കഴിഞ്ഞ പ്രതീതിയാണ് നാട്ടിലെങ്ങും. ഒരർത്ഥത്തിൽ മലയാളിയുടെ ഏറ്റവും വലിയ ഉത്സവമാണല്ലോ തിരഞ്ഞെടുപ്പ്.

ഇതിന്നിടയിൽ മലയാളി കാണാതെ പോയൊരു വലിയ ഉത്സവമുണ്ടായിരുന്നു. ഏപ്രിൽ 9 ശനിയാഴ്ച; ഡൽഹിയിലെ ജന്തർ മന്ദിറിൽ. ഡാൻസും പാട്ടും ചെണ്ടയുമായി രാത്രി മുഴുവൻ ഉത്സവം നീണ്ടു. ഏപ്രിൽ 5-ാം തീയതി അന്നാഹസാരെ തുടങ്ങിയ നിരാഹാരസമരം വിജയത്തിലെത്തിയതിന്റെ ആഹ്ലാദത്തിലായിരുന്നു ഡൽഹിയും, പിന്നെ രാജ്യം മുഴുവനും.

യഥാർത്ഥ രാഷ്ട്രീയ പോരാട്ടങ്ങൾ തിരിച്ചറിയാൻ പാർട്ടി രാഷ്ട്രീയത്തിന്റെ അതിപ്രസരം നമ്മെ അശക്തരാക്കുകയാണോ? ■

www.malankaralibrary.com

ദിവ്യകാരുണ്യ മിഷനറി സഭ (MCBS)യുടെ
എമ്മാവൂസ് പ്രൊവിൻസിന്റെ
പുതിയ പ്രൊവിൻഷ്യൽ അച്ചനും കൗൺസിലേഴ്സിനും

# കാരുണികൻ മാസികയുടെ ആശംസകൾ



**ഡോ. ഫ്രാൻസിസ് കൊടിയൻ**
പ്രൊവിൻഷ്യൽ സുപ്പീരിയർ, കാരുണികൻ രക്ഷാധികാരി



**ഫാ. ജോസഫ് മഠത്തിക്കണ്ടം**
അസി. പ്രൊവിൻഷ്യൽ
സാമൂഹ്യസേവനം



**ഡോ. ജേക്കബ് നാലുപറയിൽ**
കൗൺസിലർ,
ദിവ്യകാരുണ്യ പ്രേഷിതത്വം



**ഡോ. മാത്യു പുലിയുറുമ്പിൽ**
കൗൺസിലർ, സാമ്പത്തികം



**ഫാ. ജോർജ്ജ് വാഴപ്പള്ളി**
കൗൺസിലർ, മിഷൻ

April 2011 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment
www.malankaralibrary.com




# COMPANION

## New National Magazine from KARUNIKAN Publications

### Unique Features:

- Theologians, Sociologists, Journalists and Communication Professionals Contribute
- Looks at life and events through the eyes of Jesus
- Introduces novel ways of faith expression
- Facilitates effetcive Christian leadership
- Presents innovative Sunday Gospel Reflections
- Multicolour, Glossy, and Affordable

For a printed sample write to:

**COMPANION**

**Perumanoor P.O., Cochin - 15**
**Email: companionindia@yahoo.com**
**Call: 0484 - 2664733**

Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil